## ഇന്ത്യൻ
# നാളികേര ജേണൽ

പുസ്തകം 7 | ലക്കം 5
2016 മെയ് | കൊച്ചി - 11



## ഉപദേശകസമിതി

**ചെയർമാൻ**

ഡോ. എ. കെ. സിംഗ്

**അംഗങ്ങൾ**

ഡോ.പി. രാജേന്ദ്രൻ

ഡോ. പി. ചൗഡപ്പ

ആർ. അജിത്കുമാർ

**പത്രാധിപസമിതി**

പായിപ്ര രാധാകൃഷ്ണൻ

എസ്. സുരേഷ് കുമാർ

**ചീഫ് എഡിറ്റർ**

രാജീവ് പി. ജോർജ്ജ്

**എഡിറ്റർ**

ആർ. ജ്ഞാനദേവൻ

**കൺസൾട്ടന്റ് എഡിറ്റർ**

പായിപ്ര രാധാകൃഷ്ണൻ

**പബ്ലിസിറ്റി ഓഫീസർ**

മിനി മാത്യു



## നാളികേര വികസന ബോർഡ്

(കേന്ദ്ര കൃഷി, കർഷക ക്ഷേമ മന്ത്രാലയം,
ഭാരത സർക്കാർ)

കേര ഭവൻ, എറണാകുളം, കൊച്ചി - 682 011.

ഫോൺ : 0484 - 2377266, 2377267, 2376553, 2375266, 2376265

ഫാക്സ് : 91-0484-2377902,

Grams : KERABOARD

E-mail : kochi.cdb@gov.in
cdbkochi@gmail.com

Website : www.coconutboard.gov.in

**വരിസംഖ്യ**

പ്രതിവർഷം 40 രൂപ

ഒറ്റപ്രതി 4 രൂപ


തെങ്ങുകൃഷിയുടെയും വ്യവസായത്തിന്റെയും വിവിധ വശങ്ങളെക്കുറിച്ചുള്ള ലേഖനങ്ങളും സിപിഎസ്, ചങ്ങാതിക്കൂട്ടം അംഗങ്ങളുടെ അനുഭവങ്ങളും അഭിപ്രായങ്ങളും നൂതന നിരീക്ഷണങ്ങളും ക്ഷണിച്ചുകൊള്ളുന്നു. ലേഖനങ്ങളിലും പരസ്യങ്ങളിലും മറ്റും പ്രകടിപ്പിക്കപ്പെടുന്ന അഭിപ്രായങ്ങൾ ബോർഡിന്റേതായി പരിഗണിക്കപ്പെടാവുന്നതല്ല. മണി ഓർഡറും കത്തുകളും ചെയർമാൻ, നാളികേര വികസന ബോർഡ്, കേരഭവൻ, കൊച്ചി-682 011 എന്ന വിലാസത്തിൽ അയക്കുക. അപേക്ഷകന്റെ വിലാസം വ്യക്തമായി പിൻകോഡ് സഹിതം എഴുതേണ്ടതാണ്.




## മുഖ്യ വിഷയം

## നാളികേര കർഷകരുടെ ഗവേഷണങ്ങൾ

**ഉള്ളടക്കം**


ചെയർമാന്റെ പേജ് 4

**ആയുർവേദ മരുന്ന് പരീക്ഷണം - കാറ്റുവീഴ്ചയ്ക്കെതിരെ**
ആർ. ജ്ഞാനദേവൻ 6

**കേര ഗവേഷണം ഒരു നൂറ്റാണ്ട് പിന്നിടുമ്പോൾ.**
ഡോ. സി. തമ്പാൻ, ഡോ. എസ്. ജയശേഖർ, ഡോ. കെ.പി. ചന്ദ്രൻ 8

**മികച്ച നാളികേര വർദ്ധനവിനായി നൂതന ടിഷ്യൂ കൾച്ചർ സാങ്കേതികവിദ്യകൾ**
സി ശശികുമാർ, രേണുക ആർ 12

**നാളികേര ഉത്പാദനത്തിൽ റെക്കോർഡ് വിജയവുമായി തമിഴ്നാട്ടിലെ കേര കർഷകർ**
സി ശശികുമാർ 14

**നാളികേര ജൂസ് - ഊർജ്ജ സംവർദ്ധകം**
രൂപക് ജി മാടശേരി, 16

**നാളികേര മേഖലയുടെ നാളെകളെ പ്രഭാപൂരിതമാക്കാൻ നീര**
ആർ ഹേലി 18

**ഏട്ടിലെ പശു പുല്ലു തിന്നില്ല**
കെ എൻ ധർമ്മപാലൻ 20

**കല്പവൃക്ഷത്തിന് കരുത്തും കാവലാളുമായി ഈ ശബ്ദവീചികൾ**
മുരളീധരൻ തഴക്കര 22

**തെങ്ങിന്റെ ശത്രുക്കളെ തിരിച്ചറിയുക**
ടി. എസ്. വിശ്വൻ 24

**ചിരട്ടയിൽ ശില്പ വിസ്മയങ്ങളൊരുക്കി നൈപുണ്യ മികവുമായി ഹാഷിർ**
സിഡിബി ന്യൂസ് ബ്യൂറോ 25

**തെങ്ങുകളുടെ വൃക്ഷ പദവി നീക്കി; ഗോവയിൽ കർഷക പ്രക്ഷോഭം**
ആബെ ജേക്കബ് 27

**സ്വാശ്രയത്വത്തിലൂടെ സംഘമൈത്രി സാമ്പത്തിക സമൃദ്ധിയിലേയ്ക്ക്**
മീര ചന്ദ്രൻ 29

**കേരപാചകം** 34

**വിദേശ വാണിജ്യം**
കെ.എസ്. സെബാസ്റ്റ്യൻ 35

**ജൂൺ മാസത്തെ കൃഷിപ്പണികൾ**
ആർ. ജ്ഞാനദേവൻ 40

**കുരുത്തോല പന്തൽ** 42

**വാർത്തകൾ** 48

**കമ്പോളം** 49

# ശ്രീ. ടി. കെ ജോസ് ഐഎഎസ് സ്ഥാനമൊഴിഞ്ഞു



നാളികേര വികസന ബോർഡിനെ ജനകീയവത്ക്കരിക്കുകയും നേട്ടങ്ങളുടെ നിറുകയിൽ എത്തിക്കുകയും ചെയ്ത വികസന നായകൻ സ്ഥാനമൊഴിഞ്ഞു. കഴിഞ്ഞ അഞ്ചു വർഷക്കാലം ബോർഡിനെ നയിച്ച ചെയർമാൻ ശ്രീ.ടി.കെ ജോസ് ഐഎഎസ് തന്റെ സേവന കാലാവധി പൂർത്തിയാക്കി, 2016 മെയ് 18 ന് കേരള കേഡറിലേയ്ക്ക് മടങ്ങി. ശക്തമായ നിലപാടുകൾ കൊണ്ടും, സമീപനത്തിലെ കുലീനത കൊണ്ടും പരിചയപ്പെടുന്നവർക്കു ഒരിക്കലും മറക്കാനാവാത്ത വ്യക്തിത്വത്തിനുടമയായ ശ്രീ. ജോസിന്റെ നേതൃകാലയളവ് നാളികേര വികസന ബോർഡിന്റെയും ഇന്ത്യൻ നാളികേര മേഖലയുടെയും ജാജ്വല്യമാന കാലഘട്ടമായിരുന്നു. നാളികേരത്തിനു വിപണിയിൽ ആദായകരവും സ്ഥിരവുമായ വിലയും, അതുവഴി നാളികേര കർഷകർക്ക് സമൂഹത്തിൽ മാന്യതയും മാത്രമായിരുന്നു അദ്ദേഹത്തിന്റെ ലക്ഷ്യം. അതിനായി ദിവസവും മണിക്കൂറുകളോളം അദ്ദേഹം ജോലി ചെയ്തു. അദ്ദേഹത്തിനൊപ്പം അരയും തലയും മുറുക്കി ബോർഡിലെ ഉദ്യോഗസ്ഥരും രംഗത്തിറങ്ങി. അത്ഭുതാവഹമായിരുന്നു രാജ്യത്തെ നാളികേര മേഖലയുടെ കുതിപ്പ്.

നാളികേര കർഷകർ നേരിട്ട പ്രധാന വെല്ലുവിളികളിലൊന്നായിരുന്നു തെങ്ങുകയറ്റ തൊഴിലാളികളുടെ ക്ഷാമം. അതിനു ശാശ്വത പരിഹാരമായി അദ്ദേഹം ചങ്ങാതിക്കൂട്ടം രൂപീകരിച്ചു. ഇന്ന് കേരളത്തിലും ഇതര നാളികേര ഉത്പാദക സംസ്ഥാനങ്ങളിലും, എന്തിനു ഇന്ത്യയ്ക്കു വെളിയിൽ പോലും ചങ്ങാതിക്കൂട്ടങ്ങളുണ്ട്. സംസ്ഥാനത്തെ നാളികേര വൃക്ഷങ്ങളുടെ ഉത്പാദന ക്ഷമത വർധിപ്പിക്കുന്നതിനായി നാളികേര പുനരുജ്ജീവന പദ്ധതി നടപ്പാക്കാൻ സാധിച്ചത് ശ്രീ. ജോസിന്റെ നേട്ടങ്ങളിലൊന്നു മാത്രം.

ഒരു പക്ഷെ നാളികേര മേഖല ശ്രീ ജോസിനോട് ഏറ്റവും കടപ്പെട്ടിരിക്കുന്നത് കർഷകർക്ക് നീര ഉത്പാദിപ്പിക്കാനും സംസ്കരിച്ച് വിപണിയിലിറക്കി വിപണനം നടത്താനുമുള്ള അധികാര പത്രം ലഭ്യമാക്കിയതിനായിരിക്കും. ഇതിനുവേണ്ടി കേരളത്തിന്റെ 112 വർഷത്തെ പഴക്കമുള്ള അബ്കാരി നിയമം ഭേദഗതി ചെയ്യാൻ അദ്ദേഹം നടത്തിയ പരിശ്രമങ്ങൾ സംസ്ഥാന കാർഷിക മേഖലയുടെ ചരിത്രത്തിൽ തങ്ക ലിപികളിൽ എഴുതപ്പെടും. അങ്ങിനെയാണ് നൂറ്റാണ്ടുകളായി കൊപ്ര, വെളിച്ചെണ്ണ എന്നീ പരമ്പരാഗത ഉത്പ്പന്നങ്ങളിൽ മാത്രം കുടുങ്ങി കിടന്ന ഇന്ത്യൻ നാളികേര വിപണിയിൽ മാറ്റത്തിന്റെ പാഞ്ചജന്യമായി നീരയും ഇതര ഉത്പ്പന്നങ്ങളും കടന്നു വരുന്നത്.

കഷ്ടപ്പാടുകളുടെ നിമ്ന തലങ്ങളിൽ നിന്ന് അദ്ദേഹം കേര കർഷകരെ കൈപിടിച്ച് ഉയർത്തി. ഗ്രാമങ്ങൾ തോറും നാളികേര ഉത്പാദക സംഘങ്ങൾക്കു രൂപം നല്കി. അതോടെ നാളികേര മേഖലയിൽ ത്രിതല കൂട്ടായ്മകളും കർഷകരുടെ സ്വന്തം ഉത്പാദക കമ്പനികളും നിലവിൽ വന്നു. ഇന്ന് ഇന്ത്യയൊട്ടാകെ ഇത്തരത്തിലുള്ള 61 കമ്പനികളും 698 ഫെഡറേഷനുകളും 9112 സംഘങ്ങളും സജീവമാണ്. ഇതിൽ 11 കമ്പനികളോടനുബന്ധിച്ച് അന്താരാഷ്ട്ര നിലവാരമുള്ള നീര സംസ്കരണ പ്ലാന്റുകളും പ്രവർത്തിക്കുന്നു. ഈ പ്ലാന്റുകൾക്ക് ആവശ്യമായ നീര ഉത്പാദിപ്പിക്കുന്നതിന് ഗ്രീൻ കോളർ തൊഴിലാളികളെ പരിശീലിപ്പിക്കാൻ രാജ്യമെമ്പാടും നീര ടെക്നീഷ്യൻ പരിശീലന പരിപാടികൾക്ക് ബോർഡ് രൂപം നല്കിയതും ശ്രീ. ജോസിന്റെ നേതൃത്വത്തിലായിരുന്നു.

നീര എന്ന ആരോഗ്യ പാനീയത്തെ മലയാളികൾക്കു പരിചയപ്പെടുത്താനുള്ള ചരിത്രനിയോഗം ശ്രീ ജോസിനായിരുന്നു. നീരയ്ക്കൊപ്പം നാളികേര പാലിൽ നിന്നുള്ള വിവിധ മൂല്യവർധിത ഉത്പ്പന്നങ്ങളും അദ്ദേഹത്തിന്റെ കാലത്ത് ബോർഡ് പുറത്തിറക്കി. ബോർഡിന്റെ സാങ്കേതിക വിദ്യാ വികസന കേന്ദ്രമായി സൗത്ത് വാഴക്കുളത്തുള്ള ടെക്നോളജി ഡവലപ്മെന്റ് സെന്ററിനെ അദ്ദേഹം ഉയർത്തി. അങ്ങനെ ഉത്പ്പന്നങ്ങളുടെയും സാങ്കേതിക വിദ്യയുടെയും ഒരു നിര തന്നെ സിഐടി യിൽ നിന്ന് പുറത്തെറങ്ങി. ഇതു കൂടാതെ ഗവേഷണ രംഗത്ത് നാളികേര ടെക്നോളജി മിഷൻ വഴി പ്രശസ്തങ്ങളായ നിരവധി വിദ്യാഭ്യാസ ഗവേഷണ സ്ഥാപനങ്ങളുമായി കൈകോർക്കുന്നതിനും അതിന്റെ സത്ഫലങ്ങൾ നാളികേരസമൂഹത്തിന് കൈമാറ്റം ചെയ്യുന്നതിനും ശ്രീ.ജോസ് കാർമ്മികത്വം വഹിച്ചു.

ബോർഡിന്റെ ഔദ്യോഗിക പ്രസിദ്ധീകരണങ്ങളായ വിവിധ ഭാഷാ ജേണലുകളിലൂടെ അദ്ദഹം നിരന്തരംഇന്ത്യയിലെ നാളികേര സമൂഹവുമായി സംവദിച്ചുകൊണ്ടിരുന്നു. അതിലൂടെ അദ്ദേഹം അവരെ സ്വപ്നങ്ങൾ കാണാൻ പഠിപ്പിച്ചു. അവ പ്രാവർത്തികമാക്കാനുള്ള വഴികളും അദ്ദേഹം നിർദ്ദേശിച്ചു. പ്രതിസന്ധികളെ അതിജീവിക്കാനും വെല്ലുവിളികളെ നേരിടാനും അവർക്ക് ഊർജ്ജം പകർന്നു.

ഇന്നലെകളുടെ തീക്ഷ്ണവ്യഥകളിൽ നിന്ന് നാളെയുടെ ഭാസുര സ്വപ്നങ്ങളിലേയ്ക്ക് ഇന്ത്യൻ നാളികേര സമൂഹത്തെ ഉണർത്തിയ ക്രാന്തദർശിയും മഹാനുഭാവനുമായ ശ്രീ ടി.കെ ജോസിന്, നാളികേര വികസന ബോർഡ് കൃതജ്ഞതാനിർഭരവും പ്രർത്ഥനാ ഭരിതവും സ്നേഹോഷ്മളവുമായ ഭാവി ഭാവുകങ്ങൾ നേരുന്നു!! മാനവികതയിൽ വിശ്വസിക്കുകയും മനുഷ്യഹൃദയങ്ങളെ സ്പർശിക്കുകയും ചെയ്യുന്ന അദ്ദേഹത്തിന്റെ ഭാവി കർമ്മപഥങ്ങളിൽ നിന്നും ലോകം ശ്രദ്ധിക്കുന്ന അനേകം വിജയഗാഥകൾ വീണ്ടും ഉയരട്ടെ എന്ന് ആത്മാർത്ഥമായി ആശംസിക്കുന്നു.

ആർ. ജ്ഞാനദേവൻ
എഡിറ്റർ

# ഡോ.ആനന്ദ് കുമാർ സിംങ് നാളികേര വികസന ബോർഡ് ചെയർമാനായി ചുമതലയേറ്റു



ഉത്തർ പ്രദേശിലെ ജാവൻപൂർ സ്വദേശിയായ ഡോ.സിംങ് ബനാറസ് ഹിന്ദു സർവകലാലയിൽ നിന്ന് ബിരുദ പഠനം പൂർത്തിയാക്കി. തുടർന്ന് ഇന്ത്യൻ അഗ്രിക്കൾച്ചർ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിൽ നിന്ന് ബിരുദാനന്തര ബിരുദവും അതെ സ്ഥാപനത്തിൽ നിന്നു തന്നെ പിഎച്ച്.ഡിയും കരസ്ഥമാക്കി. പിന്നീട് ജപ്പാൻ, കാലിഫോർണിയ സർവകലാശാലകളിൽ നിന്ന് പോസ്റ്റ് ഡോക്ടറൽ ബിരുദവും നേടി. ഏഴുവർഷം ടാറ്റ എനർജിയിൽ സേവനമനുഷ്ഠിച്ചു. 16 വർഷം ഇന്ത്യൻ അഗ്രിക്കൾച്ചർ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിൽ. അതിൽ ഏഴു വർഷം ഫ്രൂട്ട്സ് ആൻഡ് ഹോർട്ടിക്കൾച്ചർ ടെക്നോളജി വിഭാഗം തലവനായിരുന്നു. ഇപ്പോൾ നാഷണൽ ഹോർട്ടിക്കൾച്ചർ മിഷൻ മാനേജിംങ് ഡയറക്ടറാണ്.



# ആയുർവേദ മരുന്ന് പരീക്ഷണം – കാറ്റുവീഴ്ചയ്ക്കെതിരെ

**ആർ.ജ്ഞാനദേവൻ**
ഡെപ്യൂട്ടി ഡയറക്ടർ, നാളികേര വികസന ബോർഡ്, കൊച്ചി

കാറ്റുവീഴ്ച അഥവാ വേരുചീയൽ രോഗം കണ്ടു തുടങ്ങിയിട്ട് 134 വർഷമായെങ്കിലും ഇന്നും പൂർണ്ണമായി നിയന്ത്രിക്കാൻ കഴിയാത്ത മാറാരോഗമായി തുടരുകയാണ്. വർഷങ്ങളായി നാളികേര ഉല്പാദനത്തിൽ ഒന്നാം സ്ഥാനത്തായിരുന്ന നമ്മുടെ നാട് ഇന്ന് രണ്ടാം സ്ഥാനത്തേക്ക് പിൻതള്ളപ്പെട്ടതിന്റെ പ്രധാന കാരണം ഈ രോഗം തന്നെ. ഫൈറ്റോപ്ലാസ്മ എന്നു വിളിക്കുന്ന സൂക്ഷ്മ ജീവികളാണ് ഈ രോഗം വരുത്തുന്നത് എന്ന് സംശയാതീതമായി തെളിയിക്കുവാൻ ഗവേഷകർക്ക് കഴിഞ്ഞെങ്കിലും, ഇവയെ നിയന്ത്രിക്കുന്നതിന് പ്രയോഗികമായ പ്രതിവിധികളൊന്നും ഇതുവരെ കണ്ടുപിടിച്ചിട്ടില്ല. രോഗത്തോടൊപ്പം ജീവിച്ച്, രോഗപരിപാലന മുറകൾ യഥാസമയം അവലംബിച്ച് ഉല്പാദനക്ഷമത ഒരു പരിധിവരെ നിലനിർത്തി കൊണ്ടുപോകുക എന്നതാണ് ഈ രോഗത്തിന്റെ ഏകപ്രതിവിധി. രോഗം മൂർച്ഛിച്ച് ഉല്പാദനക്ഷമത തീരെകുറഞ്ഞ തെങ്ങുകൾ വെട്ടിമാറ്റി പകരം തൈവയ്ക്കുക, രോഗത്തിന്റെ ആദ്യദശയിലും, മദ്ധ്യദശയിലും ശരാശരി കായ്ഫലം തരുന്ന തെങ്ങുകൾക്ക് പ്രത്യേക പരിചരണ മുറകൾ അവലംബിച്ച് അവയുടെ ആരോഗ്യവും ഉല്പാദനക്ഷമതയും ക്ഷയിക്കാതെ നിലനിർത്തി കൊണ്ടുപോകുക എന്നതാണ് ഈ രോഗത്തെ പ്രതിരോധിക്കാനായി ഗവേഷണങ്ങളെ അടിസ്ഥാനമാക്കി നിലവിലുള്ള ശുപാർശകൾ. വർഷങ്ങളായി കേരളത്തിലെ തെങ്ങുകൃഷിയെ കാർന്നു തിന്നുകൊണ്ടിരിക്കുന്ന ഈ മാറാരോഗം ഫലപ്രദമായി നിയന്ത്രിക്കാനുതകുന്ന മരുന്നു കണ്ടുപിടിച്ചാൽ മാത്രമേ ഭാവിയിൽ കേരവൃക്ഷങ്ങളുടെ നാടായ കേരളത്തിൽ തെങ്ങുകൃഷിയെ പഴയ പ്രതാപത്തിലേയ്ക്ക് കൊണ്ടുവരാൻ കഴിയുകയുള്ളൂ. ശാസ്ത്രീയ പരിചരണ മുറകളിലൂടെ രോഗം ബാധിച്ച തെങ്ങുകളുടെ ആരോഗ്യവും ഉല്പാദനവും മെച്ചപ്പെടുത്തുവാനും രോഗത്തെ ചെറുത്തു നിൽക്കാനും കഴിവുള്ള ഔഷധങ്ങൾ വികസിപ്പിച്ചെടുക്കുന്നതിൽ ഗവേഷണങ്ങൾ വിജയിച്ചെങ്കിലും ഈ രോഗത്തെ പൂർണ്ണമായി നിയന്ത്രിക്കാൻ കഴിവുള്ള മരുന്നുകൾ, കർഷകരുടെ ഭാഷയിൽ പറഞ്ഞാൽ ഒറ്റമൂലികൾ ഒന്നും, ഇതുവരെ കണ്ടുപിടിച്ചിട്ടില്ല എന്നതാണ് വാസ്തവം. ഈ സാഹചര്യത്തിലാണ് നമ്മുടെ നാട്ടിലെ പരമ്പരാഗതമായ ആയുർവേദത്തിലും, ഹോമിയോപ്പതിയിലും മറ്റും ഇതിനുള്ള മരുന്നുകൾ ഉണ്ടോ എന്ന് മാറി ചിന്തിക്കുവാൻ നമ്മെ പ്രേരിപ്പിക്കുന്നത്. പല കർഷകരും അവരുടെ കൃഷിയിടത്തെ ഗവേഷണങ്ങൾ വഴി ഉല്പാദനക്ഷമത കൂട്ടാൻ കഴിവുള്ള പല പുതിയ കൃഷി രീതികളും വികസിപ്പിച്ചെടുത്തിട്ടുണ്ട്. തെങ്ങിന്റെ തടത്തിൽ ചീഞ്ഞ ചുവന്ന ഉള്ളി, തെങ്ങൊന്നിന് 5 കിലോ വെച്ച് ഇട്ടുകൊടുക്കുന്നത് കാറ്റുവീഴ്ച രോഗത്തെ തടയാൻ കഴിയും എന്ന് ചില കർഷകരുടെ കൃഷിയിട പരീക്ഷണങ്ങൾ റിപ്പോർട്ട് ചെയ്യുന്നു.

തിരുവനന്തപുരത്ത് പ്രവർത്തിക്കുന്ന ശബരിമുട്ടം ആയുർവേദ ഫാർമസിയിലെ ശ്രീ.ശ്രീകുമാർ, കാറ്റുവീഴ്ചയെ നിയന്ത്രിക്കാൻ കഴിവുള്ള ഒരു ആയൂർവ്വേദ മരുന്ന് കണ്ടുപിടിച്ചെന്നും, അത് തന്റെ തോട്ടത്തിലെ തെങ്ങുകളിൽ പ്രയോഗിച്ചപ്പോൾ ഗുണം കണ്ടു എന്നുമുള്ള വാദവുമായി നാളികേര വികസന ബോർഡിനെ സമീപിച്ചത്. വേരിലൂടെ ആണ് ഈ മരുന്ന് കാറ്റുവീഴ്ച ബാധിച്ച തെങ്ങിൽ പരീക്ഷിച്ചത്. മരുന്ന് കർഷകരുടെ ഇടയിൽ പരീക്ഷിച്ചു നോക്കുന്നതിനുള്ള പ്രോജക്ടുമായാണ് അദ്ദേഹം ബോർഡിനെ സമീപിച്ചത്.

വർഷങ്ങളായി ഉചിതമായ പ്രതിവിധി കണ്ടുപിടിക്കാൻ സാധിക്കാത്ത കാറ്റുവീഴ്ച്ചയെ ചെറുക്കാൻ ഈ മരുന്നിന് പ്രഥമദൃഷ്ട്യാ എന്തെങ്കിലും ഗുണമുണ്ടോ എന്നു പരീക്ഷിക്കുന്നതിനും പ്രാഥമിക പഠനം നടത്താൻ ബോർഡ് തീരുമാനിച്ചു. ഇപ്രകാരം മരുന്നു ശാസ്ത്രീയമായി പരീക്ഷിക്കുന്നതിനുള്ള രൂപരേഖ തയ്യാറാക്കി ബോർഡിന്റെ ടെക്നിക്കൽ കമ്മിറ്റിയിൽ

**മരുന്നു കടത്തിവിട്ടതിനു ശേഷം ധാരാളം പുതിയ വേരുകൾ പൊട്ടുന്നതായും പലകർഷകരും റിപ്പോർട്ടുചെയ്യുന്നുണ്ട്. അതുപോലെ മരുന്നു കടത്തിവിടാനായി വേരിനു വേണ്ടി കുഴിക്കുമ്പോൾ കാറ്റുവീഴ്ച ബാധിച്ച തെങ്ങുകളുടെ വേരുകൾ ധാരാളമായി ചീഞ്ഞു പോകുന്നതായും കാണുകയുണ്ടായി.**




*പരീക്ഷണതോട്ടത്തിൽ*

സമർപ്പിക്കുകയും പ്രസ്തുത കമ്മിറ്റിയുടെ അംഗീകാരത്തോടു കൂടിയാണ് പൂർണ്ണമായും കർഷക പങ്കാളിത്തത്തോടെ നാളികേര ഉത്പാദന സംഘങ്ങളുടെ സഹകരണത്തോടെ ഈ പരീക്ഷണം നടന്നുവരുന്നത്. 2015 ഡിസംബർ മുതൽ ഈ പരീക്ഷണത്തിന് തുടക്കമിട്ടത്. പ്രസ്തുത മരുന്നിനെ കുറിച്ചും അത് തെങ്ങിനു നല്കുന്ന രീതിയെക്കുറിച്ചുമൊക്കെ ശ്രീ.ശ്രീകുമാർ നാളികേര വികസന ബോർഡിന്റെ ടെക്നിക്കൽ എക്സ്പേർട്ട് കമ്മിറ്റിയിൽ വിവരിക്കുകയുണ്ടായി.

കാറ്റുവീഴ്ച രോഗത്തിന് ഈ മരുന്നിന് എന്തെങ്കിലും ചെറിയൊരു മാറ്റം വരുത്താൻ കഴിയുമെങ്കിൽ അത് വലിയ കാര്യമാണ്; ഇതിന്റെ അടിസ്ഥാനത്തിൽ ഈ മരുന്നിന് എന്തെങ്കിലും ഗുണമുണ്ടോ എന്നു പരിശോധിക്കുന്നതിനുള്ള പ്രാഥമിക പഠനത്തിന് ബോർഡ് തീരുമാനിക്കുകയും, മരുന്നു വിവിധ സാന്ദ്രതയിലും കാലയളവിലും തെങ്ങുകളിൽ കടത്തിവിട്ട്, ബോർഡിന്റെ ഫീൽഡ് റിസേർച്ച് പദ്ധതിയിലുൾപ്പെടുത്തി നടപ്പിലാക്കിയും വരുന്നു.

ഈ പരീക്ഷണം തിരുവനന്തപുരത്തും ആലപ്പുഴ ജില്ലയിലുമുള്ള തിരഞ്ഞെടുത്ത കേരകർഷക സംഘങ്ങൾ വഴിയാണ് നടപ്പിലാക്കി വരുന്നത്. ഓരോ ജില്ലയിൽ 3 ബ്ലോക്കുകളായി, ഓരോ ബ്ലോക്കിലും 35 കാറ്റുവീഴ്ച്ച ബാധിച്ച തെങ്ങുകളിൽ വിവിധ ഇടവേളകളിൽ പ്രസ്തുത ആയുർവേദ മരുന്ന് വേരിലൂടെ കടത്തി വിടുന്നു. ബോർഡിന്റെ ഉദ്യോഗസ്ഥരാണ് മേൽനോട്ടം നടത്തുന്നത്. രണ്ടു ജില്ലകളിൽ (തിരുവനന്തപുരത്തും ആലപ്പുഴയിലും) ഒരു വർഷത്തേയ്ക്കാണ് നാളികേര ഉൽപാദക സംഘങ്ങൾ വഴി ഗവേഷണം നടക്കുന്നത്. ഓരോ ജില്ലയിലും 3 ബ്ലോക്കുകളിലായി 105 തെങ്ങുകൾ, അതായത് ഒരു ബ്ലോക്കിൽ നിന്ന് 35 വീതം കാറ്റുവീഴ്ച ബാധിച്ച തെങ്ങുകളാണ് പരീക്ഷണത്തിനായി തിരഞ്ഞെടുത്തത്. ഓരോ ബ്ലോക്കിലും മരുന്ന് വിവിധ സാന്ദ്രതയിലും കാലയളവിലും 7 ചികിത്സാ രീതികളായിട്ടാണ് ഗവേഷണം നടക്കുന്നത്. ഓരോ ചികിത്സാ രീതിയും ഓരോ ബ്ലോക്കിലും ഓരോ പ്രാവശ്യം ആവർത്തിക്കും. ഒരു ചികിത്സാ രീതി 5 വീതം തെങ്ങുകൾക്കാണ് കൊടുക്കുന്നത്. അതായത് ഓരോ ബ്ലോക്കിലും 7 ചികിത്സാ രീതി 5 വീതം 35 തെങ്ങുകൾക്ക് കൊടുക്കുന്നു.



ഈ ഗവേഷണ പദ്ധതി ആരംഭിച്ചിട്ട് ഇപ്പോൾ 4 മാസം കഴിഞ്ഞിരിക്കുന്നു. ഇതുവരെയുള്ള പഠനത്തിന്റെ അടിസ്ഥാനത്തിൽ ഈ മരുന്നിന് എന്തെങ്കിലും ഗുണമുണ്ടോ എന്ന് പറയാറായിട്ടില്ല.

റാന്റമൈസ്ഡ് ബ്ലോക്ക് ഡിസൈൻ (RBD) എന്ന ശാസ്ത്രീയ ഗവേഷണ മാതൃകയിലാണ് ഗവേഷണം നടക്കുന്നത്. ഗവേഷണത്തിന്റെ ഫലം. മരുന്നു കടത്തിവിട്ടതിനു ശേഷം ധാരാളം പുതിയ വേരുകൾ പൊട്ടുന്നതായും പലകർഷകരുംറിപ്പോർട്ടുചെയ്യുന്നുണ്ട്.

അതുപോലെ മരുന്നു കടത്തിവിടാനായി വേരിനു വേണ്ടി കുഴിക്കുമ്പോൾ കാറ്റുവീഴ്ച ബാധിച്ച തെങ്ങുകളുടെ വേരുകൾ ധാരാളമായി ചീഞ്ഞു പോകുന്നതായും കാണുകയുണ്ടായി. അതായത് കാറ്റുവീഴ്ച രോഗം വേരുചീയലുമായി ബന്ധമുണ്ട് എന്ന മുൻ കണ്ടുപിടിത്തം ഇത് ശരി വയ്ക്കുന്നു. ഈ പരീക്ഷണത്തിൽ വേരിലൂടെ മരുന്നു കടത്തിവിടാൻ ആരോഗ്യമുള്ള വേരു തിരഞ്ഞെടുക്കാൻ തെങ്ങിന്റെ ചുവടു കിളച്ചു നോക്കിയപ്പോൾ കർഷകർക്ക് ഇത് മനസ്സിലാക്കാൻ കഴിഞ്ഞു.

കർഷക പങ്കാളിത്തത്തോടെ നടപ്പിലാക്കുന്ന ഈ മരുന്നിന്റെ പരീക്ഷണത്തിൽ പ്രഥമദൃഷ്ട്യാ എന്തെങ്കിലും ഗുണമുണ്ടെന്നു കണ്ടാൽ വിശദമായ ശാസ്ത്രീയ ഗവേഷണം നടത്തുന്നതിനായി ശുപാർശ ചെയ്യാനാണ് ബോർഡ് ഉദ്ദേശിക്കുന്നത് ■



# കേര ഗവേഷണം
## ഒരു നൂറ്റാണ്ട് പിന്നിടുമ്പോൾ.

**ഡോ. സി. തമ്പാൻ, ഡോ. എസ്. ജയശേഖർ, ഡോ. കെ.പി. ചന്ദ്രൻ**
കേന്ദ്ര തോട്ടവിള ഗവേഷണ സ്ഥാപനം, കാസർകോട്

ഇന്ത്യയിൽ കേര ഗവേഷണ കേന്ദ്രം ആരംഭിച്ചിട്ട് ഒരു നൂറ്റാണ്ട് പിന്നിടുകയാണ്. ഈ വർഷം, 2016-ൽ കേര ഗവേഷണത്തിന്റെ ശതാബ്ദി ആഘോഷിക്കുമ്പോൾ കേര ഗവേഷണ നേട്ടങ്ങളും വെല്ലുവിളികളും തെങ്ങു കൃഷി മേഖലയുടെ ഇന്നത്തെ സ്ഥിതിയും വിശകലനം ചെയ്യുന്നതിന് ഏറെ പ്രസക്തിയുണ്ട്. 1916-ൽ ബ്രട്ടീഷ് ഭരണകാലത്ത് മദ്രാസ് പ്രവിശ്യയിലെ കൃഷിവകുപ്പിന്റെ കീഴിൽ കാസർകോട് പിലിക്കോട് എന്നിവിടങ്ങളിൽ ഓരോന്നു വീതവും നീലേശ്വരത്ത് രണ്ടും തെങ്ങു ഗവേഷണത്തോട്ടങ്ങൾ സ്ഥാപിതമായി വിവിധ മൺതരങ്ങളുള്ള പ്രദേശങ്ങളിൽ കേരോല്പാദനം മെച്ചപ്പെടുത്താനുതകുന്ന വിവിധ സാങ്കേതിക വിദ്യകളുരിത്തിരിച്ചെടുക്കുകയായിരുന്നു ഈ ഗവേഷണത്തോട്ടങ്ങളുടെ പ്രരംഭഘട്ടത്തിലെ പ്രധാന പ്രവർത്തന ലക്ഷ്യം. ഇപ്രകാരം കാസർകോട് 1916-ൽ പ്രവർത്തനമാരംഭിച്ച കാർഷിക ഗവേഷണ സ്ഥാപനം പടിപടിയായി വളർന്ന് 1970-ൽ ഇന്ത്യൻ കാർഷിക ഗവേഷണ കൗൺസിലിന്റെ കീഴിലുള്ള ഒരു ദേശീയ ഗവേഷണസ്ഥാപനമായി, കേന്ദ്ര തോട്ടവിള ഗവേഷണ സ്ഥാപനമായി ഗവേഷണ പ്രവർത്തനം വിപുലപ്പെടുത്തി. പിലിക്കോടും നീലേശ്വരത്തുമുണ്ടായിരുന്ന തെങ്ങു ഗവേഷണത്തോട്ടങ്ങൾ പിന്നീട് കേരള കാർഷിക സർവ്വകലാശാലയുടെ കീഴിൽ പ്രവർത്തനം തുടർന്നു.

**ഗവേഷണ നേട്ടങ്ങൾ**

കഴിഞ്ഞ ഒരു നൂറ്റാണ്ട് കാലയളവിലെ പ്രവർത്തനങ്ങളിലൂടെ മികച്ച സംഭാവനകളാണ് (തെങ്ങു കൃഷിമേഖലയിൽ) കേന്ദ്ര തോട്ടവിള ഗവേഷണ സ്ഥാപനം നൽകിയിട്ടുള്ളത്. കൂടിയ ഉല്പാദന ക്ഷമതയും മറ്റ് സ്വഭാവ സവിശേഷതകളുമുള്ള 18 മെച്ചപ്പെട്ട തെങ്ങിനങ്ങൾ സി.പി.സി.ആർ.ഐ. പുറത്തിറക്കിയിട്ടുണ്ട്. ഇവയിൽ ആറെണ്ണം സങ്കരയിനങ്ങളാണ്. തെങ്ങിന്റെ ജനിതക അഭിവൃദ്ധി ലക്ഷ്യമാക്കിയുള്ള ഗവേഷണത്തിന്റെ ഭാഗമായി വിദേശരാജ്യങ്ങളിൽ നിന്നുള്ളവയുൾപ്പടെ ശേഖരിച്ച 438 -ഓളം തെങ്ങിന്റെ വ്യത്യസ്ത ഇനങ്ങളുടെ വിപുലമായ ഒരു ജനിതക ശേഖരം സി.പി.സി.ആർ.ഐ. പരിപാലിച്ചു വരുന്നുണ്ട്. ലോകത്തിലെതന്നെ ഏറ്റവും വിപുലമായ തെങ്ങിന്റെ ജനിതക ശേഖരമാണിത്. മെച്ചപ്പെട്ട ഇലനങ്ങളുടെ ഗുണമേന്മയുള്ള തൈകളുപയോഗിച്ചുള്ള കൃഷി തെങ്ങിന്റെ ഉല്പാദനം വർദ്ധിപ്പിക്കുന്നതിനുള്ള ഏറ്റവും പ്രധാനപ്പെട്ട മാർഗ്ഗമാണ്.

തെങ്ങിന്റെ ജനിതക ശേഖരത്തിലേക്ക് വിദേശയിനങ്ങൾ കൊണ്ടുവരുന്നതിന് വളരെ ഉപകാരപ്രദമായ എംബ്രിയോ കൾച്ചർ സങ്കേതം വികസിപ്പിച്ചെടുത്തതും സിപിസിആർഐയുടെ ഒരു ഗവേഷണ നേട്ടമാണ്. ഏകവിള സമ്പ്രദായത്തെ അപേക്ഷിച്ച് മികച്ച വരുമാനം ലഭ്യമാകുന്നതിനുതകുന്ന തെങ്ങിനെ അടിസ്ഥാനമാക്കിയുള്ള ബഹുവിള സമ്മിശ്രകൃഷി മാതൃകകൾ വികസിപ്പിച്ചെടുത്തത് കേര ഗവേഷണത്തിന്റെ ഒരു സുപ്രധാന നേട്ടമാണ്. ഇപ്പോഴത്തെ സാഹചര്യത്തിൽ നാളികേര വിപണിയിൽ വിലത്തകർച്ച മൂലം തെങ്ങു കൃഷിക്കാർ അഭിമുഖീകരിക്കുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിനുള്ള ഒരു പ്രായോഗിക മാർഗ്ഗം കേരാധിഷ്ഠിത ബഹുവിള സമ്മിശ്ര കൃഷി അനുവർത്തിക്കുന്നതാണ്. വിവിധ ഇടവിളകളും മിശ്രവിളകളും തെങ്ങിൻതോപ്പിൽ കൃഷി ചെയ്യുന്നതും തീറ്റപ്പുല്ല് കൃഷി ചെയ്ത് കന്നുകാലിവളർത്തലും മറ്റു സംരംഭങ്ങളും തെങ്ങു കൃഷിക്കൊപ്പം സംയോജിപ്പിച്ചു കൊണ്ടുള്ള സമ്മിശ്രകൃഷി അനുവർത്തിക്കുന്നതും വരുമാന വർദ്ധനവിനൊപ്പം ഫലപ്രദമായ ജൈവപുന:ചംക്രമണം വഴി തെങ്ങിൻ തോപ്പിലെ മണ്ണിന്റെ ആരോഗ്യം പരിപാലിച്ച് സുസ്ഥിര രീതിയിൽ വിളകളുടെ ഉല്പാദനം ക്രമപ്പെടുത്തുന്നതിനും തെങ്ങിന്റെ ഏകവിള സമ്പ്രദായത്തിലുള്ള കൃഷിയിലൂടെ ഒരു ഹെക്ടറിൽ നി ന്നും ഒരു ലക്ഷത്തി നാല്പതിനായിരം രൂപയോളം ആറ്റാദായം ലഭിച്ചപ്പോൾ തെങ്ങിനോടൊപ്പം കുരുമുളക്, വാഴ, പൈനാപ്പിൾ, ഇഞ്ചി, മഞ്ഞൾ, ചേന തുടങ്ങിയ വിളകളുൾപ്പെട്ട കേരാധിഷ്ഠിത ബഹുവിള കൃഷി സമ്പ്രദായം അനുവർത്തിച്ചപ്പോൾ ഒരു ഹെക്ടറിൽ നിന്നുള്ള അറ്റാദായം മൂന്നര ലക്ഷത്തിൽപ്പരം രൂപയായി വർദ്ധിപ്പിക്കാൻ കഴിഞ്ഞു.

ശാസ്ത്രീയ വിളപരിപാലന മുറകൾ അനുവർത്തിക്കേണ്ടത് തെങ്ങിൽ നിന്നും ഉയർന്ന ഉല്പാദനക്ഷമത ലഭിക്കുന്നതിന് അത്യന്താപേക്ഷിതമാണ്. മികച്ച വിളവ് ലഭിക്കുന്നതിന് സഹായകമായ സന്തുലിത വളപ്രയോഗ രീതി, ജലസേചന-ജലപരിപാലന മുറകൾ, തെങ്ങിൻ തോപ്പിലേക്ക് യോജിച്ച മണ്ണു-ജല സംരക്ഷണ രീതികൾ തുടങ്ങിയ വിള പരിപാലനവുമായി ബന്ധപ്പെട്ട കൃഷി മുറകൾ വികസിപ്പിച്ചെടുക്കുന്നതിനും കേര ഗവേഷണത്തിലൂടെ സാധിച്ചിട്ടുണ്ട്. തെങ്ങിനുവേണ്ട രാസവളങ്ങൾ കണിക ജലസേചനത്തോടൊപ്പം നൽകുന്ന ഫെർട്ടിഗേഷൻ രീതി അനുവർത്തിക്കുന്നതു വഴി തെങ്ങിനു ശുപാർശ ചെയ്തിട്ടുള്ള രാസവളത്തിന്റെ അളവു പകുതിയായി

| പട്ടിക-1, സി.പി.ആർ.ഐ പുറത്തിറക്കിയ തെങ്ങിനങ്ങൾ | | |
|---|---|---|
| **ക്രമ. ന.** | **ഇനത്തിന്റെ പേര്** | **കൃഷിചെയ്യുന്നതിന് നിർദ്ദേശിക്കപ്പെട്ട പ്രദേശങ്ങൾ** |
| 1 | **നെടിയ ഇനങ്ങൾ** | |
| | ചന്ദ്രകല്പ | കേരളം, കർണ്ണാടകം, തമിഴ്നാട്, ആന്ധ്രാപ്രദേശ്, മഹാരാഷ്ട്ര |
| | കേര ചന്ദ്ര | കേരളം, കർണ്ണാടകം, കൊങ്കൺ പ്രദേശങ്ങൾ, ആന്ധ്രാപ്രദേശ്, പശ്ചിമ ബംഗാൾ |
| | കല്പ തരു | കേരളം, കർണ്ണാടകം, തമിഴ്നാട് |
| | കല്പ പ്രതിഭ | പശ്ചിമ തീരപ്രദേശം |
| | കല്പ ധേനു | പശ്ചിമ തീരപ്രദേശം, തമിഴ്നാട്, ആൻഡമാൻ നിക്കോബാർ ദ്വീപുകൾ |
| | കല്പ മിത്ര | പശ്ചിമ തീരപ്രദേശം, പശ്ചിമ ബംഗാൾ |
| | കല്പ ഹരിത | കേരളം, കർണ്ണാടകം |
| 2 | **കുറിയ ഇനങ്ങൾ** | |
| | ചാവക്കാട് കുറിയ ഓറഞ്ച് | എല്ലാ തെങ്ങു കൃഷി പ്രദേശങ്ങൾ |
| | കല്പശ്രീ | കാറ്റുവീഴ്ച രോഗബാധിത പ്രദേശങ്ങൾ |
| | കല്പരക്ഷ | കേരളം, കാറ്റു വീഴ്ച രോഗബാധിത പ്രദേശങ്ങൾ |
| | കല്പ സൂര്യ | കേരളം, കർണ്ണാടകം, തമിഴ്നാട് |
| | കല്പ ജ്യോതി | കേരളം, കർണ്ണാടകം, ആസ്സാം |
| 3 | **സങ്കരയിനങ്ങൾ** | |
| | കേര സങ്കര | കേരളം, കർണ്ണാടകം, മഹാരാഷ്ട്ര, ആന്ധ്രാപ്രദേശ് |
| | ചന്ദ്ര സങ്കര | കേരളം, കർണ്ണാടകം, തമിഴ്നാട് |
| | ചന്ദ്രലക്ഷ | കേരളം, കർണ്ണാടകം |
| | കല്പ സങ്കര | കാറ്റുവീഴ്ച രോഗബാധിത പ്രദേശങ്ങൾ |
| | കല്പ സമൃദ്ധി | കേരളം, ആസ്സാം |
| | കല്പ ശ്രേഷ്ഠ | കേരളം കർണ്ണാടകം |

കുറയ്ക്കുന്നതിനും രാസവളങ്ങളുടെ ഉപയോഗ ക്ഷമത വർദ്ധിപ്പിക്കുന്നതിനും സാധിക്കും.

തെങ്ങോലകൾ ഉൾപ്പടെ തെങ്ങിൻ തോട്ടത്തിൽതന്നെ ലഭ്യമായ ജൈവാവശിഷ്ടങ്ങൾ പോഷക സമൃദ്ധമായ ജൈവ വളമായി തെങ്ങിനു നൽകാൻ കഴിയുന്ന മണ്ണിര കമ്പോസ്റ്റിങ്ങ് രീതി സിപിസിആർഐയിൽ നടത്തിയ ഗവേഷണത്തിലൂടെ വികസിപ്പിച്ചെടുത്തിട്ടുണ്ട്. ഫലപ്രദമായ ജൈവ പുനഃ ചംക്രമണം തെങ്ങിൻ തോപ്പിൽ അനുവർത്തിക്കുന്നതിന് തെങ്ങോല ഉപയോഗിച്ചുള്ള മണ്ണിര കമ്പോസ്റ്റിങ്ങ് വഴി സാധിക്കും. ആവശ്യത്തിന് ജൈവ വളം കിട്ടാനില്ല എന്ന പ്രായോഗിക ബുദ്ധിമുട്ടു പരിഹരിക്കുന്നതിന് ഈ സാങ്കേതികവിദ്യ കേര കർഷകർക്ക് ഏറെ പ്രയോജനപ്പെടും. തെങ്ങിൻ തടത്തിൽ സസ്യപോഷക ലഭ്യത മെച്ചപ്പെടുത്താൻ സഹായകമായ സൂക്ഷ്മാണുക്കളെ കണ്ടെത്തി വേർതിരിച്ചെടുക്കുകയും അവ ഉൾപ്പെട്ട ജൈവ ഉല്പന്നങ്ങൾ (പ്ലാന്റ് ഗ്രോത്ത് പ്രൊമോട്ടിങ്ങ് റൈസോബാക്ടീരിയ-പി.ജി.പി.ആർ) പുറത്തിറക്കുകയും ചെയ്തതും സിപിസിആർഐയുടെ കേര ഗവേഷണ നേട്ടമാണ്. കേര പ്രോബയോ എന്ന പേരിലാണ് തെങ്ങിന്റെ പോഷണത്തിനായുള്ള ഈ ജൈവോത്പന്നം പുറത്തിറക്കിയിട്ടുള്ളത്.

തെങ്ങിന് വിളനഷ്ടമുണ്ടാകുന്ന വിവിധ കീടരോഗങ്ങൾക്കെതിരെ സംയോജിത കീടരോഗ നിയന്ത്രണ രീതികൾ വികസിപ്പിച്ചെടുത്തത് കേര ഗവേഷണത്തിന്റെ മറ്റൊരു പ്രധാന സംഭവനയാണ്. ഓരോ പ്രദേശത്തെയും തെങ്ങു കൃഷിക്കാരുടെ കൂട്ടായ പരിശ്രമത്തിലൂടെ സംയോജിത കീട-രോഗ നിയന്ത്രണ രീതികൾ അനുവർത്തിക്കുന്നത്. ഫലപ്രാപ്തി മെച്ചപ്പെടുത്തും. കേരളത്തിലെ ചില പ്രദേശങ്ങളിൽ സി.പി.സിആർ.ഐ. നടപ്പിലാക്കിയ ഗവേഷണ പ്രോജക്ടുകളുടെ ഭാഗമായി കാറ്റുവീഴ്ച രോഗം, കൂമ്പുചീയൽ രോഗം, കൊമ്പൻ ചെല്ലി

| പട്ടിക തെങ്ങുകൃഷി ഇന്ത്യയിൽ | | | |
|---|---|---|---|
| സംസ്ഥാനം | വിസ്തൃതി | ഉല്പാദനം | ഉല്പാദന ക്ഷമത |
| | (ആയിരം ഹെക്ടർ) | (ദശലക്ഷം നാളികേരം) | (നാളികേരം ഹെക്ടറൊന്നിന്) |
| ആന്ധ്രാപ്രദേശ് | 106 | 1464 | 13808 |
| കർണ്ണാടകം | 515 | 5141 | 9982 |
| കേരളം | 650 | 4897 | 7535 |
| തമിഴ്നാട് | 465 | 6917 | 14873 |
| മറ്റു സംസ്ഥാനങ്ങൾ | 240 | 2021 | 7295 |
| ഇന്ത്യ | 1976 | 20440 | 10345 |

തുടങ്ങിയവയുടെ നിയന്ത്രണത്തിന് കേര കർഷക കൂട്ടായ്മകൾ സംഘടിപ്പിച്ച് ഫലപ്രദമായ രീതിയിൽ സംയോജിത നിയന്ത്രണ രീതികൾ വിജയകരമായി പ്രാവർത്തികമാക്കിയിട്ടുണ്ട്.

തെങ്ങു കൃഷി ആദായകരമാക്കുന്നതിനുള്ള ഏറ്റവും പ്രധാനപ്പെട്ട സമീപനം ഉല്പന്ന വൈവിദ്ധ്യവൽക്കരണത്തിലൂടെ മൂല്യവർദ്ധനവ് നേടുക എന്നതാണ്. ഇളനീർ, നാളികേരം, തെങ്ങാ വെള്ളം, തെങ്ങിൻ തടി, ചിരട്ട, ഓല, എന്നിങ്ങനെ തെ



ങ്ങിന്റെ വിവിധ ഭാഗങ്ങളിൽ നിന്നായി നിരവധി മൂല്യവർദ്ധിത ഉല്പന്നങ്ങൾ തയ്യാറാക്കുന്നതിനുള്ള സാങ്കേതി വിദ്യകൾ ഗവേഷണത്തിലൂടെ വികസിപ്പിച്ചെടുത്തിട്ടുണ്ട്. നാളികേര ചിപ്സ്, സ്നോബോൾ ഇളനീർ, വെർജിൻ വെളിച്ചെണ്ണ, എന്നിവ തയ്യാറാക്കുന്നതിനുള്ള വിവിധ രീതികളും യന്ത്രോപകരണങ്ങളും നവീകരിച്ച നീര ശേഖരണ സമ്പ്രദായം ഗുണമേന്മയുള്ള കൊപ്ര തയ്യാറാക്കുന്നതിനു യോജിച്ച കൊപ്ര ഡ്രയർ തുടങ്ങിയവ ഈ മേഖലയിൽ സിപിസിആർഐയുടെ ചില ഗവേഷണ നേട്ടങ്ങളാണ്.


**തെങ്ങു കൃഷി- ഇന്നത്തെ സാഹചര്യങ്ങൾ**

ഇക്കഴിഞ്ഞ വർഷം, അതായത് 2015-ൽ ഇന്ത്യയിലെ മൊത്തം നാളികേരോല്പാദനം 20440 ദശലക്ഷം നാളികേരമായിരുന്നു. 19.7 ലക്ഷം ഹെക്ടർ വിസ്തൃതിയിൽ നിന്നും ഹെക്ടറൊന്നിന് 10345 നാളികേരം എന്ന തോതിലുള്ള ഉല്പാദനക്ഷമത ഇത്രയും നാളികേരം ഉല്പാദിപ്പിച്ചത്.

കേരളത്തിൽ തെങ്ങിന്റെ ഉല്പാദനക്ഷമത അയൽ സംസ്ഥാനമായ തമിഴ്നാടുമായി താരതമ്യപ്പെടുത്തുമ്പോൾ വളരെ കുറവാണ്. കഴിഞ്ഞ കുറേ വർഷങ്ങളായി ഇന്ത്യയിലെ മൊത്തം നാളികേരോത്പാദനത്തിൽ കേരളത്തിന്റെ സംഭാവന കുറഞ്ഞു വരുന്ന പ്രവണതയാണ് കാണുന്നത്. ഇപ്പോൾ ഉല്പാദനത്തിന്റെ 24 ശതമാനം മാത്രമേ കേരളത്തിന്റേതായിട്ടുള്ളു. നാളികേരത്തിന്റെ വിലത്തകർച്ചയാണ് തെങ്ങു കൃഷിക്കാരെ അലട്ടുന്ന ഏറ്റവും പ്രധാന പ്രശ്നം. വെളിച്ചെണ്ണയുമായി മത്സരിക്കുന്ന പ്രധാന ഭക്ഷ്യ എണ്ണ പാമോയിലാണ്. ഇറക്കുമതി താരിഫിൽ കുറവു വരുത്തിയും സബ്സിഡി ലഭ്യമാക്കുകയും ചെയ്യുന്നതിലൂടെ പാമോയിൽ തുടങ്ങിയ ഭക്ഷ്യ എണ്ണകൾക്ക് നമ്മുടെ ആഭ്യന്തര വിപണിയിൽ വിലകുറയുന്ന സാഹചര്യമുണ്ടാകുന്നു. വെളിച്ചെണ്ണയ്ക്ക് സബ്സിഡി ലഭ്യമാക്കാത്തതും അതേസമയം ഇറക്കുമതി ചെയ്യുന്ന പാമോയിൽ തുടങ്ങിയ ഭക്ഷ്യ എണ്ണകൾ സബ്സിഡിയോടെ പൊതുവിരണ സംവിധാനത്തിലൂടെ വിതരണം ചെയ്യുകയും ചെയ്യുന്ന സാഹചര്യം വെളിച്ചെണ്ണയുടെ വിലത്തകർച്ചയ്ക്ക് ആക്കം കൂട്ടും. ദക്ഷിണേന്ത്യൻ, ദക്ഷിണ-പൂർവേഷ്യൻ രാജ്യങ്ങളുമായി ഇന്ത്യയുണ്ടാക്കിയിട്ടുള്ള സ്വതന്ത്ര വാണിജ്യ ഉടമ്പടികൾ ഇന്ത്യയിലെ തെങ്ങുകൃഷിക്ക് ദോഷകരമാക്കുന്ന സാഹചര്യമുണ്ട്. പ്രത്യേകിച്ച് ആ രാജ്യങ്ങളൊക്കെ പ്രധാന കേരോത്പാദക പ്രദേശങ്ങളെന്ന നിലയ്ക്ക് കേരഫെഡിന്റെ ആഭിമുഖ്യത്തിൽ കേരളത്തിൽ തെരഞ്ഞെടുത്ത കൃഷി ഭാവനകളിലൂടെ പച്ചത്തേങ്ങ സംഭരിക്കുന്ന നടപടി തീർച്ചയായും കേര കർഷകർക്ക് ഗുണകരമായിട്ടുണ്ട്. നാളികേര സംഭരണം കാര്യക്ഷമമാകണമെങ്കിൽ എല്ലാ പഞ്ചായത്തുകളിലെ കൃഷിഭവനുകളിലൂടെ സംഭരണം നടത്തണം. മാത്രമല്ല, സംഭരിച്ച തേങ്ങ സൂക്ഷിക്കുന്നതിനും, കൊപ്രയാക്കുന്നതിനും മറ്റു മൂല്യവർദ്ധിത ഉത്പന്നങ്ങളുണ്ടാക്കുന്നതിനുമുള്ള സൗകര്യങ്ങൾ ഒരുക്കേണ്ടതുണ്ട്. മാത്രമല്ല, വർദ്ധിച്ചുവരുന്ന കൃഷിച്ചെലവിന് ആനുപാതികമായി കൊപ്രയ്ക്ക് താങ്ങുവില നിശ്ചയിക്കേണ്ടതുണ്ട്.

പ്രായാധിക്യം കൊണ്ടും കീടരോഗബാധകൊണ്ടും ഉല്പാദനക്ഷമത തീരെ കുറഞ്ഞ തെങ്ങുകളുടെ ആധിക്യമാണ് കേരളം പോലുള്ള കേരരോല്പാദക മേഖലകളിൽ തെങ്ങിന്റെ കുറഞ്ഞ ഉല്പാദനക്ഷമതയ്ക്കുള്ള പ്രധാന കാരണം. മെച്ചപ്പെട്ട ഇനങ്ങൾ സിപിസിആർഐ യും കാർഷിക സർവ്വകലാശാലകളും പുറത്തിറക്കുന്നുണ്ടെങ്കിലും അവയുടെ ഗുണമേന്മയുള്ള തൈകൾ ആവശ്യത്തിന് ലഭ്യമല്ലാത്തത് പ്രധാന പ്രശ്നമായി തുടരുന്നു. ഉല്പാദനക്ഷമത കുറഞ്ഞ തെങ്ങുകൾ മുറിച്ചു മാറ്റി പുതിയ തൈകൾ വെച്ചു പിടിപ്പിക്കുമ്പോൾ മെച്ചപ്പെട്ട ഇനങ്ങൾ തെരഞ്ഞെടുത്ത് കൃഷി ചെയ്യാൻ ശ്രദ്ധിക്കേണ്ടതുണ്ട്. ഇതിനായി ആവശ്യമുള്ള ഗുണമേന്മയുള്ള തൈകളുല്പാദിപ്പിക്കുന്നതിന് കർഷക പങ്കാളിത്തത്തോടെയുള്ള വികേന്ദ്രീകൃത സമീപനമാണ് ആവശ്യം. ഗവേഷണസ്ഥപനങ്ങളെയോ സർക്കാർ കേര നഴ്സറികളെയോ മാത്രം ആശ്രയിച്ചാൽ ആവശ്യത്തിനുള്ള തെങ്ങിൻ തൈകൾ ലഭ്യമാക്കാൻ സാധിക്കില്ല. കേരകർഷക പങ്കാളിത്തത്തോടെ വികേന്ദ്രീകൃത സമീപനത്തിലൂന്നിയുള്ള തെങ്ങിൻ തൈ ഉല്പാദിപ്പിക്കുന്ന സംരംഭങ്ങളിൽ രോഗ പ്രതിരോധ ശേഷിയുള്ള ഇനങ്ങൾക്കും, ഇളനീർ ആവശ്യത്തിനുതകുന്ന കുറിയ ഇനങ്ങൾക്കും മുൻഗണന ലഭ്യമാക്കണം.

തെങ്ങിന്റെ കുറഞ്ഞ ഉല്പാദനക്ഷമതയ്ക്കുള്ള ഒരു കാരണം സമഗ്ര സസ്യപോഷണത്തിന്റെ അഭാവമാണ്. വ്യത്യസ്ത കാർഷിക കാലാവസ്ഥ സാഹചര്യങ്ങളിലുള്ള തെങ്ങിൻ തോപ്പുകളിൽ അതാതിടത്തെ മണ്ണിന്റെ ആരോഗ്യ സ്ഥിതിക്കനുയോജ്യമായ രീതിയിലുള്ള സന്തുലിത വളപ്രയോഗം ഉറപ്പുവരുത്തണം. മണ്ണിന്റെ അമ്ലത്വം, പ്രധാന, ദ്വിതീയ, സൂക്ഷ്മ മൂലകങ്ങളുടെ അഭാവം എന്നിവ പരിഹരിക്കുന്ന രീതിയിലുള്ള വളപ്രയോഗത്തിന് ഊന്നൽ നൽകണം. ജലസേചനത്തിന്റെ അപര്യാപ്തത തെങ്ങിന്റെ കുറഞ്ഞ ഉല്പാദനക്ഷമതയ്ക്കുള്ള മറ്റൊരു കാരണമാണ്. ജലദൗർലഭ്യം നേരിടുന്ന പ്രദേശങ്ങളിൽ കണിക ജലസേചനം അനുവർത്തിക്കുന്നതും അനുയോജ്യമായ മണ്ണു-ജല സംരക്ഷണ പ്രവർത്തനങ്ങൾ ചെയ്യുന്നതും കേരോല്പാദനം മെച്ചപ്പെടുത്തുന്നതിന് ഏറെ സഹായകമാണ്. കാറ്റു വീഴ്ച, ഓല ചീയൽ, കൂമ്പു ചീയൽ, ചെന്നീരൊലിപ്പ്, തഞ്ചാവൂർ വാട്ടം തുടങ്ങിയ രോഗങ്ങളും കൊമ്പൻ ചെല്ലി, ചെമ്പൻ ചെല്ലി, മണ്ഡരി എന്നിവ ഉൾപ്പെടെയുള്ള കീടങ്ങളും പല പ്രദേശങ്ങളിലും തെങ്ങിൽ ഗണ്യമായ വിള നഷ്ടമുണ്ടാക്കുന്നു. ഗവേഷണത്തിലൂടെ ലഭ്യമാക്കിയിട്ടുള്ള സംയോജിത കീട-രോഗ നിയന്ത്രണ രീതികൾ തെങ്ങിൻ തോട്ടങ്ങളിൽ പ്രാവർത്തികമാക്കുന്നതിന്റെ തോത് വളരെ കുറവാണ്. കീട-രോഗ നിയന്ത്രണ നടപടികൾ കർഷക പങ്കാളിത്തത്തോടെ പ്രാദേശിക തലത്തിൽ കൂട്ടായ്മയോടെ അനുവർത്തിക്കുന്നതിനുള്ള പദ്ധതികൾക്ക് ഊന്നൽ നൽകണം. ഉല്പാദനവൈവിദ്ധ്യവൽക്കരണത്തിലൂടെ കൂടുതൽ വരുമാനം നേടുന്നതിന് ധാരാളം സാങ്കേതിക വിദ്യകളുണ്ടെങ്കിലും ഫിലിപ്പൈൻസ്, ഇന്ത്യോനേഷ്യ, ശ്രീലങ്ക തുടങ്ങിയ കേരോല്പാദക രാജ്യങ്ങളുമായി താരതമ്യപ്പെടുത്തുമ്പോൾ ഇന്ത്യ ഈ



രംഗത്ത് ഇപ്പോഴും വളരെ പിറകിലാണ്. കേര കർഷക കൂട്ടായ്മകളുടെ നേതൃത്വത്തിൽ കേരോല്പന്ന വൈവിദ്ധ്യവൽക്കരണ സംരംഭങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിന് സമഗ്ര പദ്ധതികൾ നടപ്പിലാക്കണം. ആവശ്യത്തിന് തൊഴിലാളികളെ, പ്രത്യേകിച്ച് തെങ്ങു കയറ്റത്തൊഴിലാളികളെ കിട്ടാനില്ലാത്തതും ഉയർന്ന കൂലിനിരക്കും കേര കർഷകർ നേരിടുന്ന പ്രധാന പ്രശ്നമാണ്. നാളികേര വികസന ബോർഡ് നടപ്പിലാക്കിയ 'തെങ്ങിന്റെ ചങ്ങാതിക്കൂട്ടം' പരിപാടിയുടെ ഭാഗമായി പരിശീലനം നേടിയവരുടെ സേവനം കേര കർഷകർക്ക് ലഭ്യമാക്കുന്നതിനും, വിവിധ ഏജൻസികൾ നടപ്പിലാക്കുന്ന കേരവികസന പദ്ധതികളുടെ കാര്യക്ഷമമായ നടത്തിപ്പിന് അവരുടെ സേവനം പ്രയോജനപ്പെടുത്തുന്നതിനുമായി കേര കർഷക- കർഷകത്തൊഴിലാളി കൂട്ടായ്മകൾ ഗ്രാമതലത്തിൽ പ്രോത്സാഹിപ്പിക്കണം.

ഇന്ത്യയിൽ പ്രത്യേകിച്ച് കേരളത്തിൽ ഭൂരിഭാഗം തെങ്ങിൻ തോപ്പുകളും തുണ്ടുവൽക്കരിക്കപ്പെട്ട ചെറുകിട പരിമിത കൃഷിയിടങ്ങളാണ്. അതുകൊണ്ടുതന്നെ കേര കർഷകരിൽ ഭൂരിഭാഗം വിഭവ പരിമിതികൾകൊണ്ട് ബുദ്ധിമുട്ടനുഭവിക്കുന്നവരാണ്. ലഭ്യമായ സാങ്കേതിക വിദ്യകളുപയോഗിച്ച് മെച്ചപ്പെട്ട വിളപരിപാലനത്തിലൂടെ ഉയർന്ന ഉല്പാദനം കൈവരിക്കുന്നതിന് ഇത്തരം ചെറിയ കൃഷിയിടങ്ങളിൽ ഏറെ പരിമിതികളുണ്ട്. ഗ്രാമതലങ്ങളിൽ കേര കർഷകരുടെ കൂട്ടായ്മകൾ ശക്തിപ്പെടുത്തുക എന്നതാണ് ഈ പരിമിതികൾ മറികടക്കുന്നതിനുള്ള മാർഗ്ഗം. നാളികേര വികസന ബോർഡിന്റെ ആഭിമുഖ്യത്തിൽ നാളികേര ഉല്പാദക സംഘങ്ങളും, ഫെഡറേഷനുകളും ഉല്പാദക കമ്പനികളും രൂപീകരിച്ചുകൊണ്ട് ഈ രംഗത്ത് മികച്ച തുടക്കം കുറിച്ചിട്ടുണ്ട്. തെങ്ങുകൃഷിക്കാരുടെ കൂട്ടായ്മകളിലൂടെ കേരോത്പാദനം മെച്ചപ്പെടുത്തുന്നതിനും ഉല്പന്നവൈവിദ്ധ്യവൽക്കരണത്തിലൂടെ വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള സംരംഭങ്ങൾ കൂടുതൽ ശക്തിപ്പെടുത്തുകയും വിപുലീകരിക്കുകയും വേണം.

**കേര ഗവേഷണം- ശക്തിപ്പെടുത്തേണ്ടുന്ന മേഖലകൾ**

നാളികേരത്തിന്റെ ആരോഗ്യദായക ഗുണവും ഔഷധഗുണങ്ങളും മറ്റും പ്രയോജനപ്പെടുത്തുന്ന വിധത്തിൽ വൈവിദ്ധ്യമാർന്ന നൂതന മൂല്യവർദ്ധിത ഉല്പന്നങ്ങൾ വികസിപ്പിച്ചെടുക്കുക എന്നത് കേര ഗവേഷണ രംഗത്ത് ഭാവിയിൽ ഏറ്റവുമധികം ഊന്നൽ നൽകേണ്ടുന്ന മേഖലയാണ്. വിവിധ സാഹചര്യങ്ങളിൽ മെച്ചപ്പെട്ട ഉല്പാദനം ലഭ്യമാക്കാൻ കഴിയുന്ന തെങ്ങിനങ്ങൾ പ്രത്യേകിച്ച് ഉയരം കുറഞ്ഞ ഇനങ്ങൾ ഉരുത്തിരിച്ചെടുക്കുന്നതിനും മെച്ചപ്പെട്ട ഇനങ്ങളുടെ ഗുണമേന്മയുള്ള തെങ്ങിൻ തൈകൾ വിപുലമായ തോതിൽ ഉല്പാദിപ്പിക്കുന്നതിനുതകുന്ന ടിഷ്യൂകൾച്ചർ സങ്കേതം വികസിപ്പിച്ചെടുക്കുന്നതിനും കേര ഗവേഷണത്തിൽ പ്രാമുഖ്യം വേണം. തെങ്ങിനു വിളനഷ്ടമുണ്ടാക്കുന്ന കീട രോഗങ്ങളുടെ ഫലപ്രദമായ നിയന്ത്രണത്തിന് പുതിയ സങ്കേതങ്ങൾ കണ്ടെത്തുന്ന കാര്യത്തിലും മുൻഗണന നൽകണം. എളുപ്പത്തിലുപയോഗിക്കാൻ സാധിക്കുന്ന ലളിതമായ തെങ്ങുകയറ്റ യന്ത്രം തീർച്ചയായും കേരകർഷകർ ഏറെ നാളായി ആവശ്യപ്പെടുന്ന ഒന്നാണ്. അതുകൊണ്ട് തന്നെ ഒരു ഗവേഷണത്തിൽ അക്കാര്യത്തിൽ മുൻഗണന നൽകേണ്ടതുണ്ട്.

**കേരഗവേഷണ – വികസന ഗ്രാമങ്ങളുടെ ഏകോപനം**

ഗവേഷണത്തിനും, വികസന പദ്ധതികൾ നടപ്പിലാക്കുന്നതിനും, വിജ്ഞാന വ്യാപന പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നതനും മറ്റുമായി ധാരാളം ഏജൻസികൾ കേര മേഖലയിൽ പ്രവർത്തിക്കുന്നുണ്ട്. കേര കർഷകരുടെ ജീവിത നിലവാരം ഉയർത്തുന്നതിനും സുസ്ഥിര വികസനം കൈവരിക്കുന്നതിനും കേര മേഖലയിലെ വിവിധ ഏജൻസികളുടെ ഫലപ്രദമായ ഏകോപനം കൂടിയേ തീരു.

**ചിത്രം**

കേര കർഷകർക്ക് സഹായകമായ രീതിയിൽ സർക്കാർ നയങ്ങളും രൂപീകരിക്കേണ്ടതുണ്ട്. കേരഗവേഷണ രംഗത്തും വികസന വിജ്ഞാന വ്യാപന രംഗത്തും തെങ്ങു കൃഷിക്കാരുടെ പങ്കാളിത്തം ഉറപ്പു വരുത്തുന്ന സമീപനം കേരമേഖലയുടെ സമഗ്ര വികസനം ലഭ്യമാക്കുന്ന സംരംഭങ്ങളുടെ ഫലപ്രാപ്തി മെച്ചപ്പെടുത്തുന്നതിന് അനിവാര്യമാണ്. ചെറുകിട പരിമിത കൃഷിയിടങ്ങളിൽ സാങ്കേതിക വിദ്യകൾ കാര്യക്ഷമമായി പ്രയോജനപ്പെടുത്തിക്കൊണ്ട് തെങ്ങുകൃഷി ആദായകരമാക്കുന്നതിന് കേര കർഷകരുടെ കൂട്ടായ്മകൾ പ്രാദേശിക തലത്തിൽ ശക്തിപ്പെടുത്തുകയും വേണം. വിപണിയിലെ വിലത്തകർച്ചയും തിരിച്ചടികളും കേര കർഷകർക്കുണ്ടാകുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിനുള്ള വിവിധ ഏജൻസികളുടെ പ്രവർത്തനങ്ങൾക്ക് മാർഗ്ഗദർശകമാകുന്ന വിധത്തിലുള്ള കർഷകോപകാരപ്രദമായ നാളികേര വികസന നയമാണ് നമുക്കു വേണ്ടത്. കേരോത്പന്നങ്ങളുടെ ഇറക്കുമതി, കേരോല്പന്ന കയറ്റുമതി പ്രോത്സാഹിപ്പിക്കാൻ വിപണി ഇടപെടലിന്റെ ഭാഗമായുള്ള സംഭരണം, താങ്ങുവില നിശ്ചയിക്കൽ എന്നിങ്ങനെയുള്ള വിവിധ കാര്യങ്ങളിൽ കേരകർഷകരുടെ താത്പര്യങ്ങൾ സംരക്ഷിക്കുന്ന വിധത്തിലാകണം നയരൂപീകരണം നടത്തേണ്ടത്.

**കേര ഗവേഷണം ഒരു നൂറ്റാണ്ട് പിന്നിടുന്ന ഈ വേളയിൽ കേര സമൃദ്ധി കൈവരിക്കുന്നതിന് ഉചിതമായ സാങ്കേതിക വിദ്യകൾ വികസിപ്പിച്ചെടുക്കുന്നതിന് ലഭ്യമായ സാങ്കേതിക വിദ്യകൾ കൃഷിയിടങ്ങളിൽ ഫലപ്രദമായി വിനിയോഗിക്കുന്നതിനുമുള്ള പരിശ്രമം കൂടിയേ തീരൂ. കേരഗവേഷകരും, വികസന വിജ്ഞാപന ഏജൻസികളും കേര കർഷക -കർഷക തൊഴിലാളികൂട്ടായ്മകളും ഒത്തൊരുമിച്ചുള്ള ഏകോപിത പ്രവർത്തനശൈലി അതുകൊണ്ടുതന്നെ വളരെ പ്രാധാന്യമർഹിക്കുന്നു.** ■



# മികച്ച നാളികേര വർദ്ധനവിനായി നൂതന ടിഷ്യൂ കൾച്ചർ സാങ്കേതികവിദ്യകൾ

● സി ശശികുമാർ*, രേണുക ആർ**,
*ടെക്നിക്കൽ ഓഫീസർ, നാളികേര വികസന ബോർഡ് കൊച്ചി
**അസിസ്റ്റന്റ് പ്രൊഫസർ, ബയോടെക്നോളജി വിഭാഗം,ടിഎൻഎയു, കോയമ്പത്തൂർ

ഇന്ത്യയിലെ 17 സംസ്ഥാനങ്ങളിലും മൂന്നു കേന്ദ്ര ഭരണപ്രദേശങ്ങളിലും നാളികേരകൃഷിക്ക് വൻതോതിലുള്ള പുരോഗതിയാണ് ഉണ്ടായിരിക്കുന്നത്. പക്ഷെ രോഗങ്ങൾ, പകർച്ച വ്യാധികൾ, പ്രായമായ തെങ്ങുകൾ തുടങ്ങിയ പലതരം പ്രശ്നങ്ങൾ നാളികേരമേഖലയ്ക്ക് വെല്ലുവിളിയായി നിനില്ക്കുന്നുമുണ്ട്. തെങ്ങുകളുടെ പരസ്പര പരാഗണം മൂലം വിത്തുകൾക്ക് വംശശുദ്ധിയിലും ഗുണമേന്മയിലും ന്യൂനത സംഭവിക്കുകയും നല്ലയിനം തെങ്ങിൻ നടീൽ വസ്തുക്കളുടെ ലഭ്യത കുറയുകയും ചെയ്യുന്നു. ഇന്ത്യ, വാണിജ്യാടിസ്ഥാനത്തിലുള്ള സങ്കരയിനം തെങ്ങുകൾ വികസിപ്പിച്ചെടുത്ത ആദ്യ രാജ്യമായിട്ടും പ്രതിവർഷം ആവശ്യമുള്ളതിന്റെ 20 ശതമാനം തൈകൾ മാത്രമെ നിലവിൽ ഉത്പാദിപ്പിക്കുന്നുള്ളു. ഈ കുറവ് പരിഹരിക്കാൻ ഗുണമേന്മയുള്ള തൈകൾ ഉത്പാദിപ്പിക്കാൻ നൂതനമായ മാർഗ്ഗങ്ങൾ സ്വീകരിക്കേണ്ടത് അനിവാര്യമാണ്.

വിത്തുത്പാദനമാണ് നല്ലയിനം തൈകൾ ലഭിക്കുന്നതിനുള്ള ഏറ്റവും വിജയപ്രദമായ മാർഗ്ഗം. ഏറെ കാലം നിലനിൽക്കുന്നതും അപക്വമായ ഘട്ടം കൂടുതലുള്ളതുമായ കൽപ്പവൃക്ഷമാണ് തെങ്ങ്. ടിഷ്യൂ കൾച്ചർ സാങ്കേതിക വിദ്യയിലൂടെ മെച്ചപ്പെട്ട, ക്ലോൺ ചെയ്തെടുത്ത തൈകൾ കുറഞ്ഞ സമയത്തിനുള്ളിൽ നമുക്ക് ഉത്പാദിപ്പിക്കാൻ സാധിക്കും. 1950 മുതൽ ആരംഭിക്കുന്നതാണ് നാളികേര മേഖലയിലെ ടിഷ്യൂ കൾച്ചർ പരീക്ഷണ ചരിത്രം. ക്ലോൺ ചെയ്തെടുത്ത തെങ്ങുകളുടെ വൻതോതിലുള്ള ഉത്പാദനത്തിനായി ഉപയോഗിച്ച ഇൻ വിട്രോ ടെക്നിക് ഈന്തപ്പനയിലും, എണ്ണപ്പനയിലും ഉപയോഗിച്ചിട്ടുള്ളതാണ്. എന്നിട്ടും ടിഷ്യൂ കൾച്ചർ രീതിയോട് അനുകൂലമല്ലാത്ത പ്രകൃതമാണ് നാളികേരത്തിൽ കണ്ടുവരുന്നത്. പാകമെത്താത്ത ബീജാങ്കുരം, തളിരില, പാകമെത്തിയ ബീജാങ്കുരം, പ്ലിമ്യൂൾ, പൂർണവളർച്ചയെത്താത്ത ബീജകോശം, പൂങ്കുല എന്നിവയിൽ നിന്ന് കഴിഞ്ഞ കാലഘട്ടങ്ങളിൽ പുതിയ തൈകൾ ടിഷ്യുകൾച്ചർ സാങ്കേതിക വിദ്യയിലൂടെ സൃഷ്ടിച്ചെടുക്കുകയുണ്ടായി.

**നാളികേരത്തിലെ ടിഷ്യൂകൾച്ചർ ഗവേഷണം.**

നാളികേര മേഖലയിൽ പുതിയ നടീൽ വസ്തുക്കൾ വൻതോതിൽ ഉത്പാദിപ്പിക്കാൻ ടിഷ്യൂകൾച്ചറിൽ കൂടുതൽ ഗവേഷണം നടത്തിവരികയാണ് നിരവധി രാജ്യങ്ങൾ. ഇന്റർനാഷണൽ കോക്കനട്ട് ജെനിറ്റിക് റിസോഴ്സസ് നെറ്റ്വർക്കും, ഇന്റർനാഷണൽ കോക്കനട്ട് ജീൻബാങ്കും ഈ ദിശയിൽ വലിയ മുന്നേറ്റങ്ങൾ നടത്തി കഴിഞ്ഞു. തെങ്ങ് ധാരാളമായി കാണപ്പെടുന്ന ഇന്തോനേഷ്യ, വിയറ്റ്നാം, പാപ്പുവ ന്യൂ ഗുനിയ, ഫിലിപ്പീൻസ് എന്നീ രാജ്യങ്ങളിൽ നിന്ന് സുരക്ഷിതമായി നാളികേരം ശേഖരിക്കാനും, സംരക്ഷിക്കാനുമുള്ള നൂതന ടിഷ്യൂകൾച്ചർ സാങ്കേതിക പദ്ധതികൾ ഇനിനോടകം വികസിപ്പിച്ചു കഴിഞ്ഞു.



തമിഴ്നാട് കാർഷികസർവ്വകലാശാല



ബീജാങ്കുരം ശേഖരിക്കുന്നതിനായുള്ള മെച്ചപ്പെട്ട പദ്ധതികൾ രൂപപ്പെടുത്തിയെടുക്കുന്നതിനായുള്ള പഠനവും നടന്നു വരികയാണ്. ഇതിന്റെ ഫലമായി നാളികേരത്തിൽ പ്രായോഗികമായ എംബ്രിയോ കൾച്ചർ ടെക്നിക് വികസിപ്പിച്ചെടുത്തു. ചിലവു കുറഞ്ഞതും ചുരുങ്ങിയ സമയം കൊണ്ട് പൂർത്തീകരിക്കാനാകുന്ന ടെക്നിക്കാണ് ഇത്. ഫിലിപ്പീൻ കൗൺസിൽ ഫോർ അഗ്രികകൾച്ചർ, അക്വാട്ടിക് ആന്റ് നാച്ചുറൽ റിസോഴ്സസ് റിസർച്ച് ആന്റ് ഡെവലപ്പ്മെന്റിന്റെ നേതൃത്വത്തിൽ സൊമാറ്റിക് എബ്രിയോജെനിസിസ്നെ കുറിച്ച് ഫിലിപ്പീസിൽ ഗവേഷണം നടക്കുന്നുണ്ട്. ഈ ഗവേഷണത്തിൽ നാളികേരത്തിന്റെ സൂക്ഷ്മ വ്യാപനത്തിന് പ്ലിമ്യൂളുകൾ ഏറെ ഗുണപ്രദമാണെന്ന് കണ്ടെത്തി.

**ടിഎൻഎയുവിലെ ഗവേഷണവും, പുരോഗതിയും**

നല്ലയിനം തെങ്ങിൻ തൈകളുടെ ലഭ്യതയ്ക്കായി സൊമാറ്റിക് എംബ്രിയോജെനിസിസ്സ് വഴി ഇൻ വിട്രോ കൾച്ചർ ടെക്നിക്കുകളുടെ നിലവാരം നിശ്ചയിക്കാൻ 2014 കാലയളവിൽ നാളികേര വികസന ബോർഡിന്റെ ധനസഹായത്തോടെ തമിഴ്നാട് കാർഷിക സർവ്വകലാശാലയിലെ ഡിപ്പാർട്ട്മെന്റ് ഓഫ് പ്ലാന്റ് ബയോടെക്നോളജി ഒരു പ്രൊജക്ട് നടത്തിയിരുന്നു.


**പ്രൊജക്ടിന്റെ വിശദാംശങ്ങൾ:**

വെസ്റ്റ് കോസ്റ്റ് ടോൾ, ചാവക്കാട് ഓറഞ്ച് ഡ്വാർഫ്, മലയൻ ഗ്രീൻ ഡ്വാർഫ് എന്നിവയിൽ നിന്നും ശേഖരിച്ച പാകമായ ബീജാങ്കുരവും, പ്ലിമ്യൂളുകളുമാണ് പഠനത്തിനായി ഉപയോഗിച്ചത്. ബെൻസൈൽ അമിനോ പ്യൂരിൻ അടങ്ങിയ യൂജെൻസ് Y3 മീഡിയ, തേങ്ങാ വെള്ളം എന്നിവയാണ് മെച്ച്യൂർ എംബ്രിയോ കൾച്ചറിനായി ഉപയോഗിച്ചത്. പ്ലിമ്യൂൾ കൾച്ചറിനായി വിവിധയിനം ഹോർമോണുകളുടെ സങ്കലനവുമായി ചേർന്ന യൂജെൻസ് Y3 മീഡിയയാണ് ഉപയോഗപ്പെടുത്തിയത്. ഹോർമോണുകളായ 2,4,ഡി, ബിഎപി, കൈനറ്റിൻ, സിയാറ്റിൻ, തൈഡിയാസുറോൺ എന്നിവയും ഗവേഷണത്തിനായി ഉപയോഗിച്ചു.

**സൊമാറ്റിക് എംബ്രിയോ ജെനിസിസ്സ്**

കൾച്ചർ ചെയ്തെടുത്ത പ്ലിമ്യൂൾ കാലസ് ഉത്പാദിപ്പിച്ചു. ഈ കാലസ് ഇനോക്കുലേഷനു ശേഷം 80–120 ദിവസത്തിനുള്ളിൽ പ്രൈമറി സൊമാറ്റിക് എംബ്രിയോ ഉത്പാദിപ്പിച്ചു. സബ് കൾച്ചറിംഗിലൂടെ പ്ലാന്റ് റീജെനറേഷനും സെക്കന്ററി സൊമാറ്റിക് എംബ്രിയോകളുടെ ഇൻഡക്ഷനും നടന്നു. നേരത്തെ നടത്തിയ ഗവേഷണങ്ങളിലും 35000 മുതൽ 50000 വരെ സൊമാറ്റിക് എംബ്രിയോ ഫോർമേഷൻ വർദ്ധിപ്പിക്കുമെന്ന് കണ്ടെത്തിയിരുന്നു.


ഇൻവിട്രോ കൾച്ചർ അവസ്ഥയോടുള്ള പ്ലിമ്യൂൾ എക്സ്പ്ലാന്റിന്റെ പ്രതികരണം നാളികേര മേഖലയിൽ പുത്തൻ ഉണർവ് നൽകുമെന്നാണ് പഠനങ്ങൾ വ്യക്തമാക്കുന്നത്. സൊമാറ്റിക് എംബ്രിയോകളിൽ നിന്നുമുള്ള വലിയതോതിലുള്ള പുനരുജ്ജീവനം രോഗമുക്തമായ നല്ലയിനം തെങ്ങിൻ തൈകളുടെ ഉത്പാദനത്തിന് വഴിതെളിക്കും. കോക്കനട്ട് സൊമാറ്റിക് എംബ്രിയോജെനിസിസ്സ് എന്ന ടെക്നോളജി ഗുണമേന്മയുള്ള തൈകളുടെ വാണിജ്യപരമായ ഉത്പാദനത്തിന് ഏറ്റവും ഉത്തമമാണ്. ■





# നാളികേര ഉത്പാദനത്തിൽ റെക്കോർഡ് വിജയവുമായി തമിഴ്നാട്ടിലെ കേര കർഷകർ

**സി ശശികുമാർ,**
ടെക്നിക്കൽ ഓഫീസർ, നാളികേര വികസന ബോർഡ് കൊച്ചി



തമിഴ്നാട്ടിലെ പൊള്ളാച്ചിയിലുള്ള കൊട്ടൂർ മലയാണ്ടിപട്ടിനം ഗ്രാമത്തിൽ കേര കർഷകനായ പി.ധർമരാജ് തന്റെ നാളികേര തോട്ടത്തിൽ തെങ്ങ് ഒന്നിൽ നിന്ന് ശരാശരി 350 മുതൽ 370 വരെ നാളികേരം വിളവെടുത്തു. തമിഴ്നാട് കാർഷിക സർവ്വകലാശാലയിൽ നിന്നും ബിരുദം നേടിയ ധർമരാജ് കൃഷി വകുപ്പിൽ 27 വർഷം അഗ്രികൾച്ചർ ഓഫീസറായി സേവനമനുഷ്ഠിച്ചു. ഇദ്ദേഹത്തിന്റെ11 ഏക്കറുള്ള തെങ്ങിൻ തോപ്പിൽ കായ്ഫലമുള്ള 740 തെങ്ങുകളുണ്ട്. ഇതോടൊപ്പം ഡി x ടി വിഭാഗത്തിൽപ്പെട്ട തെങ്ങുകളും, കുറച്ച് ചാവക്കാട് ഓറഞ്ച് ഡ്വാർഫ് തെങ്ങിൻ തൈകളും തോട്ടത്തിൽ അദ്ദേഹം നട്ടുപിടിപ്പിച്ചിട്ടുണ്ട്. മധുരയിലെ നവ്ലോക് ഫാം, വെല്ലൂർ, ഡീജെ ഫാം എന്നിവിടങ്ങളിൽ നിന്നും ലഭിച്ചതാണ് ഡി x ടി തൈകൾ.

**തൈകൾ തെരഞ്ഞെടുക്കുന്നതിന്**

ധർമരാജിന്റെ അഭിപ്രായത്തിൽ തെങ്ങിന്റെ വളർച്ചയ്ക്കും, കൃത്യമായഫല ലഭ്യത എന്നിവയ്ക്ക് മികച്ച ഗുണമേന്മയുള്ള നഴ്സറിയിൽ നിന്നും തൈകൾ തെരഞ്ഞെടുക്കുക എന്നത് പ്രധാനമാണ്. വളരെ സൂക്ഷ്മതയോടെയാണ് ധർമരാജ് തൈകൾ തെരഞ്ഞെടുക്കുന്നത്. നാളികേരം ഒരു ബഹുവർഷ വിളയായതിനാൽ മാതൃവൃക്ഷത്തിന്റെ സവിശേഷതകൾ കൂടി ശ്രദ്ധിക്കേണ്ടതാണ്.

**മണ്ണും വെള്ളവും**

നീർവാർച്ചയുള്ള, വെള്ളം കെട്ടിക്കിടക്കാത്ത ചുവന്ന മണ്ണാണ് നാളികേര കൃഷിക്ക് അനുയോജ്യം. ക്ഷാര - അമ്ല സ്വഭാവമുള്ള മണ്ണാണെങ്കിൽ അത് വീണ്ടും ഉപയോഗയോഗ്യമാക്കി തീർത്താൽ മാത്രമേ കൃഷി ചെയ്യാൻ സാധിക്കുകയുള്ളൂ. നിരപ്പായ, ജലശ്രോതസുള്ള ഭൂമി ആയിരിക്കണം. തെങ്ങുകൾ തമ്മിലുള്ള അകലവും കൃത്യമായിരിക്കണം. ഡി x ടി ഇനത്തിൽപ്പെട്ട തൈകൾ 25-25 അടി അകലത്തിലും ഡ്വാർഫ് തൈകൾ 20-20 അടി അകലത്തിലുമാണ് ധർമരാജ് തന്റെ തോട്ടത്തിൽ നട്ടുപിടിപ്പിച്ചത്.

**ജലസേചനം**

തീരപ്രദേശങ്ങളിൽ നന്നായി കായ്ക്കുന്ന വിളയാണ് തെങ്ങ്. തെങ്ങുകളുടെ വളർച്ചയ്ക്ക് കൃത്യമായ ജലസേചനം ആവശ്യമാണ്. തമിഴ്നാട്ടിലെ പ്രധാനമായ നാളികേര മേഖല സ്ഥിതി ചെയ്യുന്നത് തീരപ്രദേശങ്ങിൽ അല്ല. എങ്കിലും കേരകർഷകർ തെങ്ങുകൾക്ക് കൃത്യമായ ജലസേചന സംവിധാനം ഒരുക്കി

കൊടുക്കുന്നതിനാൽ നല്ല കായ്ഫലമുണ്ടാകുന്നുണ്ട്. ഏറ്റവും കൂടുതൽ നാളികേരം ഉത്പാദിപ്പിച്ച് ഇന്ന് രാജ്യത്താകമാനം നാളികേര വിപ്ലവം സൃഷ്ടിച്ച് റെക്കോർഡ് സ്ഥാപിച്ചിരിക്കുകയാണ് മലയാണ്ടി പട്ടിനം ഗ്രാമം. ഈ തോട്ടത്തിൽ തെങ്ങുകൾക്ക് തുള്ളിനന സംവിധാനത്തിലൂടെയാണ് ജലസേചനം. ഓരോ തെങ്ങിനും 350 മുതൽ 400 ലിറ്റർ വരെ വെള്ളം ദിവസവും കൊടുക്കുന്നു. കൂടാതെ പ്രതിവർഷം 2 കിലോ യൂറിയ, 3 കിലോ ഡിഎപി, 4 കിലോ എംഒപി , 1 കിലോ മൈക്രോ ന്യൂട്രിയന്റ്സ്, 4 കിലോ ജിപ്സം , 1 കിലോ സാധാരണ ഉപ്പ്, 100 കിലോ ജൈവ വളം എന്നിവയും നല്കുന്നു.

ജിപ്സം, ജൈവ വളം എന്നിവ ഒഴികെയുള്ള മറ്റ് വളങ്ങൾ ഉപയോഗിക്കുന്നത് ഫെർട്ടിഗേഷൻ വഴിയാണ്. വളപ്രയോഗം 12 തരത്തിൽ വേർത്തിരിച്ച് ഫെർട്ടിഗേറ്റ് ചെയ്യുന്നു. ഫെർട്ടിഗേഷൻ ചെയ്യുന്നതിന് മുൻപ് മണ്ണിന് നനവുണ്ടായിരിക്കണം. 30 മിനിറ്റ് ഫെർട്ടിഗേഷൻ നടത്തിയതിനു ശേഷം അടുത്ത 20 മിനിറ്റു കൂടി വെള്ളം കൊടുക്കുന്നു. ഒരു ഷിഫ്റ്റിൽ 40 തെങ്ങുകൾക്കാണ് ഇങ്ങനെ ചെയ്യുന്നത്. ഇത്തരത്തിൽ ശാസ്ത്രീയമായ പരിചരണത്തിലൂടെയാണ് ഒരു തെങ്ങിൽ നിന്നും 320 മുതൽ 370 നാളികേരം ധർമരാജിന് ലഭിക്കുന്നത്. തോട്ടം ഉയർന്ന മേഖലയിലായതിനാൽ പ്രകൃതിദത്തമായ പരാഗണത്തിലൂടെ തെങ്ങുകളിൽ നല്ല കായ്ഫലമുണ്ടാകുന്നതിന് കാരണമായി ചൂണ്ടികാണിക്കപ്പെടുന്നു.

**ഓർഗാനിക് ഫാം**

കഴിഞ്ഞ 5 വർഷമായി തോട്ടത്തിൽ തന്നെ ലഭ്യമായ ജൈവവളം മാത്രം ഉപയോഗിച്ചാണ് ധർമരാജൻ തന്റെ തെങ്ങിൻതോട്ടം പരിപാലിച്ച് പോരുന്നത്. കർഷകർക്ക് തന്നെ ഉത്പാദനക്ഷമത തീരുമാനിക്കാൻ കഴിയുമെന്നും അദ്ദേഹം അഭിപ്രായപ്പെടുന്നു. ഒരു തെങ്ങിന് 1 കിലോ ജൈവവളമാണ് പ്രതിവർഷം ഉപയോഗിക്കുന്നത്. 350 നാളികേരം ഉത്പാദിപ്പിക്കമെന്നുണ്ടെങ്കിൽ ഒരു തെങ്ങിന് 350 കിലോഗ്രാ ജൈവ വളം രണ്ടോ മൂന്നോ തവണകളായി ഉപയോഗിച്ചാൽ മതി. ജൈവ വളം മണ്ണുമായി കൂട്ടിക്കുഴച്ച് ഓലമടൽ ഇട്ടുമൂടുന്നു. 25-25 അടി അകലമാണ് തെങ്ങുകൾ തമ്മിലുള്ളത് അതിൽ 6 അടി മണ്ണിൽ കംപോസ്റ്റും ബാക്കിയുള്ള 19 അടി കന്നുകാലികൾക്ക് മേയുന്നതിനുമുള്ളതാണ്.

കരിക്ക് വിൽപ്പനയിലൂടെയും അദ്ദേഹത്തിന് മികച്ച വരുമാനം ലഭിക്കുന്നു. ഒരു കരിക്കിന് 15 രൂപ മുതൽ 20 രൂപ വരെ ലഭിക്കും.

പൊള്ളാച്ചി ടെൻഡർ കോക്കനട്ട് ഗ്രോവേഴ്സ് അസോസിയേഷനിലെ അംഗമായ ധർമരാജ് കർഷകരുടെ ഉപദേശകൻ കൂടിയാണ്. നാളികേര കൃഷിയിൽ താത്പര്യമുള്ള ആർക്കും അദ്ദേഹത്തിന്റെ സേവനം ലഭ്യമാണ്. തേനെയ് എന്റെ ദേവാമൃതം എന്ന പുസ്തകവും അദ്ദേഹം രചിച്ചിട്ടുണ്ട്.

കർഷകയായ ഡോ.എ. ഷൺമുഖപ്രിയക്ക് 1998 മുതൽ വെസ്റ്റ് കോസ്റ്റ് ടോൾ തെങ്ങുകളിൽ നിന്നും 170 നാളികേരം ലഭിക്കുന്നുണ്ട്. പൊള്ളാച്ചി കോക്കനട്ട് പ്രൊഡ്യൂസർ കമ്പനിയുടെ ഡയറക്ടർ ടി.രത്തിനസഭാപതിയുടെ ഭാര്യയാണ് ബയോടെക്നോളജിയിൽ പിഎച്ച്ഡി ബിരുദമുള്ള ഷൺമുഖപ്രിയ. തെങ്ങിനൊപ്പം വാഴ, ജാതി, പുല്ല് തുടങ്ങിയ ഇടവിളകളും ഇവർ കൃഷി ചെയ്യുന്നു. ഏഴ് ഏക്കറുള്ള തോപ്പിൽ 500 തെങ്ങുകളുണ്ട്. പ്രതിവർഷം 200 രൂപയാണ് ഒരു തെങ്ങിന് ചിലവിടുന്നത്. നാളികേരം, ജാതി, കവുങ്ങ് എന്നിവയുടെ നഴ്സറിയും ഉണ്ട്. ചാവക്കാട് ഓറഞ്ച് ഡ്വാർഫ്, വെസ്റ്റ് കോസ്റ്റ് ടോൾ, മലയാൻ യെല്ലോ ഡ്വാർഫ്, ചാവക്കാട് ഗ്രീൻ ഡ്വാർഫ് തുടങ്ങിയ വിവിധയിനം തെങ്ങിൻ തൈകൾ നഴ്സറിയിൽ ലഭ്യമാണ്. ■


## ഏജന്റുമാരെ ആവശ്യമുണ്ട്

| | വാർഷിക വരിസംഖ്യ | ആയുഷ്കാല വരിസംഖ്യ (30 വർഷത്തേക്ക്) |
|---|---|---|
| 1. **ഇൻഡ്യൻ കോക്കനട്ട് ജേണൽ** (മാസിക - ഇംഗ്ലീഷ്) | 60 ക. | 1600 ക. |
| സ്ഥാപനങ്ങൾക്കും ലൈബ്രറികൾക്കും | 200 ക. | 5000 ക. |
| 2. **ഇൻഡ്യൻ നാളികേര ജേണൽ** (മാസിക - മലയാളം) | 40 ക. | 1000 ക. |
| 3. **ഭാരതീയ നാരിയൽ പത്രിക** (ത്രൈമാസികം - ഹിന്ദി) | 40 ക. | 1000 ക. |
| 4. **ഭാരതീയ തെങ്ങു പത്രിക** (ത്രൈമാസികം - കന്നഡ) | 40 ക. | 1000 ക. |
| 5. **ഇന്തിയ തെന്നൈ ഇതൾ** (ത്രൈമാസികം - തമിഴ്) | 40 ക. | 1000 ക. |

ശാസ്ത്രീയ തെങ്ങുകൃഷി, നാളികേര സംസ്കരണ-വിപണന രീതികൾ, വിവിധ കേരോല്പന്നങ്ങളുടെ ഉപയോഗങ്ങൾ മുതലായവയെപ്പറ്റി പ്രതിപാദിക്കുന്ന മേൽപറഞ്ഞ ജേണലുകൾക്ക് വാർഷിക വരിക്കാരെ ചേർക്കുന്നതിന് കമ്മീഷൻ വ്യവസ്ഥയിൽ ഏജന്റുമാരെ ആവശ്യമുണ്ട്. 10 വരിക്കാരെ ചേർത്ത് ഏജന്റാകാം. ഏജന്റിന് 25 ശതമാനം കമ്മീഷൻ ലഭിക്കും.

**വരിക്കാരുടെ മേൽവിലാസത്തിൽ പിൻകോഡ് എഴുതിയിരിക്കണം**

കൂടുതൽ വിവരങ്ങൾക്കും ഏജൻസി വ്യവസ്ഥകൾക്കും
താഴെ കാണുന്ന വിലാസത്തിൽ അപേക്ഷിക്കുക.
**ചെയർമാൻ, നാളികേര വികസന ബോർഡ്, കേരഭവൻ, കൊച്ചി - 682 011.**



# നാളികേര ജൂസ് – ഊർജ്ജ സംവർദ്ധകം

● രൂപക് ജി മാടശേരി,
പ്രോജക്ട് മാനേജർ, നാളികേര വികസന ബോർഡ്, കൊച്ചി

**നാളികേര ജൂസിന്റെ സ്ഥിരമായ ഉപയോഗം ശരീരത്തിന്റെ ഊർജ്ജ നിലവാരം ഉയർത്തും**

നൂറ്റാണ്ടുകളായി നാളികേര പാൽ ഭക്ഷണ പാചകത്തിലെ മുഖ്യ ചേരുവയാണ്. ഇപ്പോൾ ഇത് തത്സമയ ഉപയോഗത്തിനുള്ള പാനീയമായും വിപണിയിൽ ലഭ്യമാണ്. തേങ്ങയുടെ കാമ്പിൽ നിന്ന് പിഴിഞ്ഞെടുക്കുന്ന ദ്രാവകമായ തേങ്ങാപ്പാൽ, നിശ്ചിത അളവിൽ വെള്ളം ചേർത്ത് തയാറാക്കുന്ന നാളികേര ജൂസിന് ഇപ്പോൾ ഉപയോക്താക്കൾക്കിടയിൽ വലിയ ഡിമാന്റ് ഉണ്ടായിക്കൊണ്ടിരിക്കുന്നു.

മധ്യശ്രുംഖലാ ട്രൈഗ്ലിസറൈഡ് ഫാറ്റി ആസിഡുകളുടെ വലിയ സ്രോതസായ നാളികേര ജൂസ്, കായിക മേഖലയിൽ പോഷകപാനീയം എന്ന നിലയിൽ വൻ പ്രചാരം നേടിക്കഴിഞ്ഞു. ഏകഗ്ലിസറോൾ മോളിക്യൂളിനാൽ ബന്ധിതമായ മൂന്ന് മധ്യശൃംഖലാ ഫാറ്റി ആസിഡുകളാണ് മധ്യശൃംഖലാ ട്രൈഗ്ലിസറൈഡ്. ഭക്ഷണത്തിലൂടെ മധ്യശ്രുംഖലാ ട്രൈഗ്ലിസറൈഡ്, മോണോഗ്ലിസറൈഡുകളും മധ്യശ്രുംഖലാ ഫാറ്റി ആസിഡുകളുമായി രൂപാന്തരപ്പെടുന്നു. വൈറസുകൾ, പൂപ്പലുകൾ, പരാന്നഭോജികൾ, ബാക്ടീരിയകൾ തുടങ്ങിയവ മൂലമുണ്ടാകുന്ന രോഗങ്ങളെ തടയാൻ ശേഷിയുള്ള ആന്റി ബാക്ടീരിയൽ സ്വഭാവങ്ങൾ ഇവ രണ്ടിനുമുണ്ട്.

കായിക താരങ്ങളുടെ ശരീരഭാരം ലഘൂകരിക്കാൻ നാളികേര ജൂസ് വളരെ ഫലപ്രദമാണ്. രക്തത്തിന്റെ അളവ് ക്രമീകരിക്കുക,ഹൃദയ ആരോഗ്യം കാത്തു പരിപാലിക്കുക, നിർജ്ജലീകരണം തടയുക എന്നീ ധർമ്മങ്ങൾക്കാവശ്യമായ ധാതുക്കൾ നാളികേര ജൂസിൽ ധാരാളമായി ഉണ്ട്. പ്രത്യേകിച്ച് ചൂടുള്ള കാലാവസ്ഥയിൽ വ്യായാമത്തിനു ശേഷം അല്ലെങ്കിൽ രോഗമുക്തിക്കു ശേഷം നമ്മുടെ ശരീരത്തിനുണ്ടാകുന്ന തളർച്ച, സൂര്യതാപം, ഹൃദ്രോഗങ്ങൾ, പേശീ വേദന, താഴ്ന്ന പ്രതിരോധ

ശേഷി എന്നിവയെ അതിജീവിക്കാൻ നാളികേര ജൂസ് അത്യുത്തമമത്രെ. മാത്രവുമല്ല, നാളികേര പാലിലെ മധ്യശ്രുംഖലാ ട്രൈഗ്ലിസറൈഡ് ഫാറ്റി ആസിഡുകൾ ഊർജ്ജം വർധിപ്പിക്കുകയും ശരീരത്തിന്റെ ആരോഗ്യ സ്ഥിതി മെച്ചപ്പെടുത്തുകയും ചെയ്യുന്നു. വ്യായാമത്തിനു ശേഷം പേശികൾക്ക് ധാരാളം പോഷകങ്ങൾ ആവശ്യമാണ്. നാളികേര പാലിൽ മഗ്നീഷ്യം, പൊട്ടാസിയം പോലുള്ള ഇലക്ട്രോലൈറ്റുകൾ ധാരാളമുണ്ട്. അവ കോശങ്ങളുടെ കേടുകൾ പരിഹരിച്ച് അവയെ കൂടുതൽ ശക്തമാക്കുന്നു.

നാളികേര ജൂസിന്റെ സ്ഥിരമായ ഉപയോഗം ശരീരത്തിന്റെ ഊർജ്ജ നിലവാരം ഉയർത്തും. നാളികേര പാലിൽ അടങ്ങിയിട്ടുള്ള മധ്യശ്രുംഖലാ ട്രൈഗ്ലിസറൈഡുകൾ മധ്യശ്രുംഖലാ ഫാറ്റി ആസിഡുകളായി വേർതിരിഞ്ഞ് ശരീരത്തിലെ ഊർജ്ജം ഉത്പാദിപ്പിക്കുന്ന കോശങ്ങളിലേയ്ക്ക് വലിച്ചെടുക്കപ്പെടുകയും അങ്ങനെ ശരീരത്തിന്റെ ചയാപചയ പ്രവർത്തനത്തെ വർധിപ്പിക്കുകയും ചെയ്യുന്നു. ശരീരം മുഴുവനിലും ഒരു ഉത്തേജക പ്രതീതി നല്കാൻ ഈ ഊർജ്ജത്തിനാവും. നാളികേര ജൂസ് ദൈനംദിന ആഹാരത്തിന്റെ ഭാഗമാക്കിയാൽ അതിൽ പ്രകൃതിദത്തമായി അടങ്ങിയിട്ടുള്ള മധ്യശൃംഖലാ ഫാറ്റി ആസിഡ് ശരീരത്തിന്റെ മുഖ്യ ഊർജ്ജ സ്രോതസായി മാറും. മധ്യശൃംഖലാ ഫാറ്റി ആസിഡ് നേരിട്ട് കരളിലെത്തി, ഊർജ്ജമായി മാറുകയാണ് ചെയ്യുന്നത്. മധ്യശൃംഖലാ ഫാറ്റി ആസിഡുകൾ ദഹിച്ച് പെട്ടെന്നു തന്നെ ഊർജ്ജമായി ശരീരത്തിന്റെ ചയാപചയ പ്രവർത്തനങ്ങളെ ഉത്തേജിപ്പിക്കുന്നതു മൂലം കായിക താരങ്ങൾ നാളികേര ജൂസ് ഉപയോഗിക്കുന്നത് മികച്ച പ്രകടനത്തിന് സഹായകമാകും.

**ചെറിയ അളവിലുള്ള മധ്യശൃംഖലാ ഫാറ്റി ആസിഡിനു പോലും ഊർജ്ജ നിലവാരത്തെ നിർണായകമായ തോതിൽ ചലിപ്പിക്കാൻ സാധിക്കും. എന്നാൽ ഫാറ്റി ആസിഡിന്റെ ഭക്ഷണത്തോടൊപ്പമുള്ള ദൈനംദിന ഉപയോഗം ഫലം പലമടങ്ങ് വർധിപ്പിക്കുന്നു.**

ഭക്ഷണത്തോടൊപ്പം മധ്യശൃംഖലാ ഫാറ്റി ആസിഡുകൾ നല്കിയ എലികളെയും, അത് നല്കാത്ത എലികളെയും പരീക്ഷണശാലയിൽ താരതമ്യ പഠനത്തിനു വിധേയമാക്കി. ആറ് ആഴ്ച്ചത്തേയ്ക്കായിരുന്നു പഠനം. എല്ലാ എലികളെയും അവയുടെ കായിക ശേഷി നിരീക്ഷിക്കുന്നതിന് വെള്ളത്തിൽ നീന്താൻ ഇറക്കിവിടും. സാമാന്യം ഒഴുക്കുള്ള വെള്ളത്തിലാണ് എലികളെ വിട്ടത്. ഓരോ എലിയും എത്രസമയം നീന്തി എന്ന് കൃത്യമായി രേഖപ്പെടുത്തി. ആദ്യ ദിവസം രണ്ടു വിഭാഗത്തിൽ പെട്ട എലികളും തമ്മിൽ നീന്തിയ സമയത്തിലെ അന്തരം കുറവായിരുന്നു. പഠനം തുടരവെ മധ്യശൃംഖലാ ഫാറ്റി ആസിഡുകൾ നല്കിയ എലികൾ എല്ലാം മികച്ച പ്രകടനം കാഴ്ച വയ്ക്കുകയും മറ്റുള്ളവ പിന്നിലാവുകയും ചെയ്തു.

ഇത്തരത്തിൽ ഒരു പഠനം മനുഷ്യരിലും നടന്നു. സൈക്കിൾ സവാരിക്കാരിലായിരുന്നു ഇത്. മൂന്നു ഊർജ്ജ പാനീയങ്ങളാണ് ഇവർക്ക് നല്കിയത്. ഒന്ന് മധ്യശൃംഖലാ ഫാറ്റി ആസിഡുകൾ, രണ്ട്, സ്പോർട്സ് ഡ്രിങ്ക്, മൂന്ന്, മധ്യശൃംഖലാ ഫാറ്റി ആസിഡിന്റെയും സ്പോർട്സ് ഡ്രിങ്കിന്റെയും മിശ്രിതം. ആദ്യം രണ്ടുമണിക്കൂർ ഇവർ സൈക്കിൾ ചവിട്ടി 70 ശതമാനം ഊർജ്ജവും വിനിയോഗിച്ചു. അതിനു ശേഷം 40 കിലോമീറ്റർ സൈക്കിൾ സവാരി. ഇതിന് ഏകദേശം ഒരു മണിക്കൂർ വേണ്ടി വന്നു. ഇതിൽ ഏറ്റവും മികച്ച പ്രകടനം കാഴ്ച്ചവച്ചത് മധ്യശൃംഖലാ ഫാറ്റി ആസിഡിന്റെയും സ്പോർട്സ് ഡ്രിങ്കിന്റെയും മിശ്രിതം കഴിച്ച സൈക്ലിസ്റ്റായിരുന്നു.

ഗവേഷകരുടെ ആഭിപ്രായത്തിൽ മധ്യശൃംഖലാ ഫാറ്റി ആസിഡിന്റെ ഉപയോഗം വഴിയാണ് ഈ സൈക്ലിസ്റ്റിന് അധിക ഊർജ്ജം ലഭിച്ചത്. ശരീരത്തിൽ സംഭരിച്ച ഗ്ലൈക്കോജൻ ആണ് ഇതിന് ഹേതുവായത്. ഗ്ലൈക്കോജൻ പേശികളിൽ സംഭരിക്കപ്പെടുന്ന ഊർജ്ജമാണ്. മൂന്നു മണിക്കൂർ സവാരിക്ക് ഈ ഊർജ്ജമാണ് ഉപയോഗിക്കപ്പെട്ടത്. എത്ര കൂടുതൽ ഗ്ലൈക്കോജൻ പേശികളിൽ ശേഖരിക്കപ്പെടുന്നവോ അത്ര മികച്ചതായിരിക്കും അവരുടെ കായിക ശേഷി. ഇക്കാരണത്താൽ ഇന്ന് വിപണിയിൽ ലഭിക്കുന്ന മിക്ക സ്പോർട്സ് പാനീയങ്ങളിലെയും മുഖ്യ ചേരുവ മധ്യശൃംഖലാ ഫാറ്റി ആസിഡു തന്നെയാണ്. പെട്ടെന്ന് ലഭ്യമാകുന്ന ഊർജ്ജമാണിത്.

ഊർജ്ജ തലത്തിനുമപ്പുറം നാളികേര ജൂസിന് ശരീരത്തിന്റെ ചയാപചയ നിരക്ക് വർധിപ്പിക്കാനുള്ള, അതായത് ശരീരത്തിന്റെ പ്രതിരോധ ശേഷി വർധിപ്പിക്കാനും രോഗങ്ങളിൽ നിന്ന് വേഗത്തിൽ സൗഖ്യം നല്കാനുമുള്ള ശക്തി കൂടിയുണ്ട്. ചയാപചയം വർധിക്കുമ്പോൾ കോശങ്ങൾ മികച്ച കാര്യപ്രാപ്തിയോടെ പ്രവർത്തിക്കും. തന്മൂലം ശരീരത്തിലുണ്ടാകുന്ന മുറിവുകൾ പെട്ടെന്നു ഭേദമാകുന്നു. പ്രായമായ കോശങ്ങൾക്കു പകരം പുതിയ കോശങ്ങൾ വൻ തോതിൽ ഉത്പാദിപ്പിക്കപ്പെടുകയും പുനസ്ഥാപിക്കപ്പെടുകയും ചെയ്യുന്നു. നാളികേര ജൂസിലെ മധ്യശൃംഖല ഫാറ്റി ആസിഡ് വേദന സംഹാരി കൂടിയാണ്. ആർത്രൈറ്റിസ്, സന്ധി വേദനകൾ, പേശി വേദനകൾ എന്നിവ മൂലം ഉണ്ടാകുന്ന അസ്വസ്ഥതകൾ ശമിപ്പിക്കാൻ നാളികേര ജൂസിന് വലിയ സിദ്ധിയുണ്ട്.

ചെറിയ അളവിലുള്ള മധ്യശൃംഖലാ ഫാറ്റി ആസിഡിനു പോലും ഊർജ്ജ നിലവാരത്തെ നിർണായകമായ തോതിൽ ചലിപ്പിക്കാൻ സാധിക്കും. എന്നാൽ ഫാറ്റി ആസിഡിന്റെ ഭക്ഷണത്തോടൊപ്പമുള്ള ദൈനം ദിന ഉപയോഗം ഫലം പലമടങ്ങ് വർധിപ്പിക്കുന്നു. പഥ്യം മൂലം ഭക്ഷണ സാധനങ്ങൾക്ക് നിഷ്കർഷയുള്ളവർക്ക് നാളികേര ജൂസ് ഏറ്റവും ഫലപ്രദമാണ്. സ്ഥിരമായി നാളികേര ജൂസ് ആഹാരത്തിന്റെ ഭാഗമാക്കുന്നവർക്ക് ദിവസം മുഴുവൻ ഊർജ്ജം നിലനിർത്താൻ സാധിക്കുന്നു. പക്ഷെ നാളികേര ജൂസിൽ നിന്നു ലഭിക്കുന്ന ഊർജ്ജം കാപ്പിയിൽ നിന്നു ലഭിക്കുന്ന കഫീൻ പോലുള്ളതല്ല. ഇത് ശരീരത്തിന്റെ ചയാപചയ പ്രവർത്തനം ശക്തമാക്കുകയും 24 മണിക്കൂർ നിലനില്ക്കുകയും ചെയ്യും.

ഇപ്രകാരം ഏക ഊർജ്ജ സ്രോതസിൽ നിന്നു ലഭിക്കുന്ന പോഷകവും ഊർജ്ജവും എന്ന നിലയിൽ നാളികേര ജൂസിന്റെ വാണിജ്യ പ്രാധാന്യം ശീതള പാനീയ വിപണിയിൽ പ്രവചനാതീതമാണ്. ഇത് പാൽ ഉത്പ്പന്നങ്ങൾക്ക് ബദലും ശുദ്ധ സസ്യ ആഹാരവുമാണ്. നൂറ്റാണ്ടുകളായി നമ്മുടെ പാചക കലയിൽ ഏറ്റവും ഉപയോഗിക്കപ്പെടുന്ന ഉത്പ്പന്നമായ നാളികേര പാൽ ഇനിമുതൽ പോഷക പാനീയം എന്ന നിലയിലും പ്രകൃതിദത്ത ഊർജ്ജ പാനീയം എന്ന നിലയിലും ആഗോള തലത്തിൽ അംഗീകരിക്കപ്പെടാൻ പോവുകയാണ്. ■



# നാളികേര മേഖലയുടെ നാളെകളെ പ്രഭാപൂരിതമാക്കാൻ നീര

● ആർ. ഹേലി
റിട്ടയേഡ് കൃഷി ഡയറക്ടർ, പേൾ ഹിൽ, ആറ്റിങ്ങൽ

കേരളത്തിൽ അലയടിക്കുന്ന നീരയുടെ വീര കഥകൾ അയൽ സംസ്ഥാനങ്ങളിലും തരംഗം സൃഷ്ടിച്ചുകൊണ്ടിരിക്കുകയാണല്ലോ. എല്ലായിടത്തും പറയുന്നത് കേരളത്തിലെ വിജയകഥകളാണ്. കർഷകൻ നീര ടെക്നീഷ്യൻ കൂടി ആയാൽ പത്ത് തെങ്ങ് മതി! 82000 രൂപയോളം പ്രതിമാസ വരവ് സമാഹരിക്കാൻ. കണ്ണൂരിലെ ഇരുപത്തിയഞ്ചുകാരൻ ഷാജുവിന്റെ അനുഭവ വിവരണം ആരേയും കോരിത്തരിപ്പിക്കും! ഇത്തരം പതിനായിരം ഷാജുമാരെ തയ്യാറാക്കിയാൽ കേരളത്തിൽ പ്രതിവർഷം 800 കോടിയിലേറെ വരുമാനമുണ്ടാകും. അതിനു വേണ്ടതോ വെറും ഒരു ലക്ഷം തെങ്ങുകളും!

ഇതു സൃഷ്ടിച്ചേക്കാവുന്ന മറ്റു ഗുണങ്ങൾ വേറെയും! പക്ഷേ ഈ സ്വപ്നവും അതിലധികവും യാഥാർത്ഥ്യമാക്കാൻ നമുക്ക് ശ്രമിക്കാൻ കഴിയുമെന്നുറപ്പ്. അതിന് ഒരു ലോക ബാങ്ക് വായ്പയും സാങ്കേതിക വൈദഗ്ധ്യ കൈമാറ്റ കരാറും വിദേശ നാണ്യ നിക്ഷേപവും ഒന്നും വേണ്ട!! അതിനെക്കുറിച്ച് നാം ചിന്തിക്കണം എന്നു മാത്രം!

ഇപ്പോൾ നീര സംസ്കരിക്കാൻ 9 ഫാക്ടറികൾ തന്നെ കൃഷിക്കാരുടെ തന്നെ സ്വന്തമായി നമുക്കുണ്ട്. നാളികേര ബോർഡ് അതുവഴി ഒരു ദീർഘകാല സ്വപ്നത്തിന് രൂപം നൽകി. ഇത് ഇനിയും വർദ്ധിപ്പിക്കാൻ കഠിനമായ ശ്രമം നടക്കുന്നു.

പക്ഷേ, നീരയ്ക്കുള്ള ആവശ്യം ഇപ്പോഴത്തേതിന്റെ പല ഇരട്ടിയായി വർദ്ധിക്കണം. അതു വർദ്ധിച്ചു കൊണ്ടേയിരിക്കണം. ഇതാണ് പ്രശ്നം!

ആബാലവൃദ്ധം ജനങ്ങൾക്കും നീര ഉപയോഗിക്കാം എന്നത് നല്ല പ്രചരണ മുദ്രാവാക്യമാണ്. അതു പോരല്ലോ. നീരയിൽ എന്തെല്ലാം ഗുണങ്ങളുണ്ട്. ഇത് ആരെല്ലാം, എപ്പോൾ, എങ്ങനെ കഴിക്കണം? അതു പോലെ എത്ര അളവിൽ കഴിക്കണം. കഴിക്കുന്നത് ആഹാരത്തിന് മുൻപോ പിൻപോ? എന്തു പഥ്യമുണ്ടോ? ഇതിനോടൊപ്പം ഏതെല്ലാം ആഹാരം കഴിക്കാം? അങ്ങനെ ചെറിയ ഒട്ടനവധി വലിയ കാര്യങ്ങൾ!

ഇന്നും ഇന്നലെയുമല്ല, കേരളീയർ നീര കഴിക്കാൻ തുടങ്ങിയിട്ട് വർഷങ്ങൾ വളരെയായി. അതിനെ നാടൻ ഭാഷയിൽ അന്തിക്കള്ള് എന്നു വിളിച്ചു. പിന്നീട് അത് നീരയായി. കേരള കേരമധു ആയി. കൽപതേനായി അങ്ങനെ പലതും! അതു കഴിക്കേണ്ടവരും, കഴിക്കേണ്ട സമയവും വളരെ വ്യക്തമായി അവർ നിശ്ചയിച്ചു! ഇപ്പോഴാണ് അത് പുളിക്കാതെ സൂക്ഷിക്കുന്ന മാർഗ്ഗം കണ്ടെത്തിയത്. അതോടെ നീര ശീതള പാനീയമായി. ഏറ്റവും വിശിഷ്ഠമായ പ്രകൃതിദത്ത പാനീയമെന്ന ബഹുമതികൂടി അതിനോട് ചേർന്നു! അന്തിക്കള്ളിന് മാന്യത

ഇല്ലായിരുന്നു. എന്നാൽ ഇപ്പോൾ അതിന് പുതിയ പേരായി മാന്യതയുമായി.

മറ്റൊരു കാര്യം അതിന്റെ മഹാ ഗുണമാണ്. നീര പഞ്ചസാര പ്രമേഹരോഗികൾക്ക് കഴിക്കാം എന്ന ഫിലിപ്പൈൻസ്, അമേരിക്കൻ കണ്ടു പിടിത്തവും നീര പഞ്ചസാരയുടെ ആഗമനവും ആരോഗ്യമേഖലയിൽ വൻ വിപ്ലവം സൃഷ്ടിച്ചു. ഇതിന്റെയും കഴിക്കാവുന്ന അളവും ഉപയോഗവും, വിപുലമായി പ്രസിദ്ധി നേടിയിട്ടില്ല. ഇതൊരു അടിയന്തിര പ്രാധാന്യം അർഹിക്കുന്ന കാര്യമാണ്.

ഏലം ഒരു ശീലമാക്കുക എന്ന ഒരു പരസ്യം രണ്ടു മൂന്നു ദശകം മുൻപേ പ്രചരിച്ചിരുന്നു. അതുപോലെ നീര എന്നും ആർക്കും എന്ന ഒരു പ്രചാരണത്തിന് സമയമായി. 24 മണിക്കൂറും നീര കിട്ടുന്ന സ്ഥലങ്ങൾ വേണം. ഭക്ഷ്യ കേന്ദ്രങ്ങളിൽ എല്ലാം നീര കിട്ടണം. തണുപ്പിച്ചതും, അല്ലാത്തതും!

ഇതിനുള്ള സംവിധാനം ഇന്നത്തെ കമ്പനികൾക്ക് ഇല്ല! അവർക്ക് അതിനാകണം. വിൽപനക്കാരെ പങ്കാളികളായി കാണണം! അവരെ വെറും കമ്മീഷൻ ഏജന്റുമാർ മാത്രമാക്കരുത്.

നീര, ജാം, നീര കേക്ക്, നീര ക്രീം ഇങ്ങനെ പോകുന്ന നീര വിഭവങ്ങൾ. ഇവയ്ക്കുള്ള പ്രചരണത്തിൽ ശ്രദ്ധ കൂടിയേ തീരൂ. അല്ലെങ്കിൽ അവ വിറ്റഴിയില്ല. നീര ചോക്കലേറ്റ് കുട്ടികൾക്ക് പ്രിയങ്കരമായ സ്ക്കൂൾ കാന്റീനുകളിലും മറ്റും ഇത് സ്ഥാനം പിടിക്കണം.

ഇതിനെല്ലാം പുറമേ നീരയുടേയും നീര വിഭവത്തിന്റേയും പാക്കിംഗുകൾ മാറണം. കേരളത്തിന് പുറത്ത് ഇവ വിൽക്കണമെങ്കിൽ മികച്ച പായ്ക്കിംങ് ആവശ്യമാണ്. വിപണന രംഗത്ത് ഗവേഷണ വേണം. വാണിജ്യ തന്ത്രബന്ധങ്ങൾ ഇതിൽ സഹായം പകരണം.

നീര രംഗത്തു നിലവിലുള്ള 9 ഫാക്ടറികളുടെ കാര്യത്തിലും ബോർഡിന് വൻ സ്വാധീനമുണ്ട്. നീരയുടെ വില, തൊഴിലാളികളുടേയും ടെക്നീഷ്യൻസിന്റേയും കൂലി, കച്ചവടക്കാർക്ക് നൽകുന്ന കമ്മീഷൻ തുടങ്ങിയവയിൽ ഒരു ഏകീകരണം ഉണ്ടാവണം. കൃഷിക്കാരന് നൽകുന്ന വിലയ്ക്കായിരിക്കണം മുൻതൂക്കം. കർഷകൻ ഇല്ലെങ്കിൽ തെങ്ങില്ല എന്ന തത്വം മറക്കാൻ പാടില്ല!

ഈ രംഗത്ത് കൂടുതൽ വ്യക്തമായ നയങ്ങൾ ഉണ്ടായാൽ ഭാവിയിലെ പുരോഗതി ഗംഭീരമാകും!

മറ്റൊരു കാര്യം കേരളം ഇന്ത്യയുടെ ഒരു ഭാഗം മാത്രമാണെന്ന ചിന്ത വേണം. തമിഴ്നാട്ടിൽ നിന്നും ആന്ധ്രായിൽ നിന്നും ഒക്കെ അടുത്ത ഭാവിയിൽ കുറഞ്ഞ വിലയ്ക്ക് നീര ഇവിടെ വന്നു കൂടാ എന്നില്ല. തിരുവനന്തപുരത്ത് തായ്‌ലൻഡ് കരിക്കിൻ വെള്ളം വിൽക്കുന്നതു പോലെ വിദേശ നീര ഉൽപന്നങ്ങൾ കേരള വിപണിയിലും വരാനുള്ള സമയം അടുത്തു വരികയാണ്.

ഇതിനെ നേരിടാൻ ഉൽപന്നത്തിന്റെ ഗുണത്തിലും പാക്കിംഗിലും നാം മുന്നിലാകണം. അതു ലോട്ടറി പോലെ! കേരളത്തിലെ ഏറ്റവും വലിയ ഗവൺമെന്റ് ആശുപത്രിയായ ശ്രീ ചിത്രയിൽ വലിയ ശസ്ത്രക്രിയക്കു ശേഷം കഴിയുന്ന രോഗികൾക്ക് പോലും ശിപാർശ ചെയ്യുന്നത് നീരയത്രേ. പത്ര വാർത്തയുണ്ടായിരുന്നു !

കേരളത്തിലെ എല്ലാ ആശുപത്രികളിലും, കളക്ട്രേറ്റുകളിലും എന്തിന് ആരാധനാലയ വളപ്പുകളിൽ പോലും നീര സ്റ്റാളുകൾ നമുക്ക് പ്രവർത്തിപ്പിക്കാൻ കഴിയണം.

അതിന് തുനിയുമ്പോൾ നീര കർഷകന് കൂടുതൽ സഹായം ലഭ്യമാക്കണം. കൃഷിയുടെ അടിത്തറ ശക്തിപ്പെടുന്നതിൽ ഇതിനൊരു വൻ വിപണന ശൃംഖല രൂപീകരിച്ച് വിജയിപ്പി




ക്കാൻ ഒട്ടും അമാന്തിക്കരുത്.

നീര സംഘങ്ങളുടെ പ്രവർത്തനം സൂക്ഷ്മമായി നിയന്ത്രിച്ച് വികസിപ്പിക്കുന്നതു പോലെ കേര കർഷകർക്ക് കേര പരിപാലനത്തിന് പുതിയ സഹായങ്ങൾ നൽകണം. തെങ്ങിൻ തൈവില, റോക്കറ്റ് പോലെ ഉയരുന്നത് ശരി അല്ല! അതുപോലെ നാളികേര കൃഷിക്കുള്ള ജലസേചന സൗകര്യങ്ങൾക്ക് കേന്ദ്ര സഹായം ലഭ്യമാക്കണം. കൃഷിഭവനുകൾ കേര നീര വികസനത്തിന്റേയും ഭാഗമായി മാറണം. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ അവരുടേതായ പങ്ക് കേര കൃഷിക്ക് നൽകണം.

തെങ്ങു കൃഷി പച്ച പിടിച്ചാൽ, ഇടവിള കൃഷി കരഭൂമിയിൽ മെച്ചമാക്കാം. ആ രംഗത്ത് യന്ത്ര വൽക്കരണം വരെ കടന്നു വരണം.

ഇതിനെല്ലാം ഉപരി കേരമേഖലയിൽ വൻതോതിലുള്ള ഗവേഷണം കടന്നു വരണം ഇത് ഗ്രാമീണ സമ്പദ് വ്യവസ്ഥയെ മെച്ചപ്പെടുത്തും. നീര, തെങ്ങ് പരിപാലനം, പുതിയ മൂല്യ വർദ്ധിത ഉൽപന്ന നിർമ്മാണം തുടങ്ങിയ രംഗങ്ങളിലേയ്ക്ക് കാർഷിക സർവ്വകലാശാല കടന്ന് വരേണ്ട സമയം അതിക്രമിച്ചിരിക്കുന്നു.

നീര വിതറുന്ന പ്രതീക്ഷകൾ വളരെ വലുതാണ്. ഒരു കാരണവശാലും അതിൽ നിക്ഷിപ്ത താല്പര്യങ്ങൾ കടന്നു വരാൻ പാടില്ല. ഇതിനു വേണ്ടി ഒരു മാസ്റ്റർ പ്ലാൻ തയ്യാറാക്കിയാൽ പോലും അതു അസ്ഥാനത്താകില്ല. കേര പരിചരണം, കൂടുതൽ ശക്തമാകണം. കേര വില ഇടിഞ്ഞാൽ പോലും കരിക്കിൻ വെള്ളവും വെർജിൻ കോക്കനട്ട് ഓയിലും നീരയും നീരയുൽപന്നങ്ങളും അത് നികത്തിക്കൊള്ളും.

ഇതൊരു വലിയ മാറ്റത്തിന്റെ സമയമാണ്. യുവാക്കളേയും കൃഷിക്കാരേയും ഈ പരിപാടി സാർത്ഥകമായി സ്വാധീനിക്കുന്നുണ്ട്. നീരയും നീരയുൽപന്നങ്ങളും ഇളനീരും ഇളനീർ സിറപ്പും പായ്ക്കറ്റുകളിൽ ലഭ്യമാക്കുന്ന ശൃംഖല സൃഷ്ടിക്കാൻ തക്കവിധം നാളികേര മേഖല വളരണം. അപ്പോൾ തെങ്ങിന്റെ വികസന ഇതിഹാസം ആകെ പ്രഭാപൂർണ്ണമാകും.

സ്വകാര്യ മേഖലയിൽ നിരവധി കരിക്കിൻ വെള്ള ബോട്ടിലിംഗ് ഫാക്ടറി കോടികൾ ചിലവാക്കി സ്ഥാപിക്കപ്പെട്ടിട്ടുണ്ട്. നമ്മുടെ നീരയും കരിക്കിൻ വെള്ളവും ഇന്ത്യയിലും പുറത്തും വൻ വാണിജ്യ സാദ്ധ്യത സൃഷ്ടിക്കുന്ന കാഴ്ച 2016 ൽ യാഥാർത്ഥ്യമാകട്ടെ എന്ന് ആശംസിക്കാം. ഏകോപിപ്പിച്ചുള്ള പ്രവർത്തനം മാത്രം മതി ഇത് വിജയിക്കാൻ! അതു ഉണ്ടാകട്ടെ! നമുക്ക് 20 കോടിയോളം തെങ്ങുകളുണ്ട് എന്നു കൂടി ഓർക്കണം. ! ■

# ഏട്ടിലെ പശു പുല്ലു തിന്നില്ല

● കെ എൻ ധർമ്മപാലൻ
വിധു, പുതിയങ്ങാടി, കോഴിക്കോട് 673021

തേങ്ങയുടെ ശോചനീയമായ വിലയേക്കാളുപരി താങ്ങാനാവാത്ത കൂലിച്ചിലവ് കാരണം പൊറുതിമുട്ടി അഞ്ചേക്കർ പതിമൂന്ന് സെന്റ് തെങ്ങിൻ തോപ്പ് വിൽക്കാൻ ആലോചിക്കുന്ന കർഷകനാണ് ഈ ലേഖനം എഴുതുന്നത്. എന്റെ തെങ്ങിൻ തോപ്പ് കോഴിക്കോട് ജില്ലയിൽ കൊയിലാണ്ടി താലൂക്കിലെ ഉള്ള്യേരി പഞ്ചായത്തിലാണ്. തൊഴിലാളിക്ക് ചെലവ് കഴിച്ച് 700-750 രൂപ നിരക്കിൽ കൂലിയും ഉച്ചവരെ മാത്രം പണിയുമാണ് ഇവിടെത്തെ രീതി. ഇത് തെങ്ങിനെ ശുശ്രൂഷിക്കാനുള്ള ചെലവാകുന്നു. പണിയെടുപ്പിക്കുക എന്നത് തെങ്ങിനെ സംബന്ധിച്ച് ഒഴിച്ചുകുടാനാവില്ല. ജലസേചനം, വളത്തിന്റെ ചെലവ് തുടങ്ങിയവ വേറെയും. തൊഴിലുറപ്പു പണിക്കാർ എന്റെ സ്ഥലത്ത് പണിയെടുത്താൽ കൂലിച്ചെലവിന് സർക്കാരിൽ വകുപ്പില്ല. അതിന്റെ പരിധി അഞ്ചേക്കറാണ്. എന്റെ സ്ഥലം അതിനേക്കാൾ പതിമൂന്ന് സെന്റ് കൂടുതലുണ്ട്. തേങ്ങയിടാൻ ആൾ വന്നാൽ രണ്ടുപേരുടെ കൂലിയും പെറുക്കിയിടാനുള്ള മൂന്ന് പേരുടെ കൂലിയും കൊടുത്തുകഴിഞ്ഞാൽ എഴുപത്കാരനായ എന്റെ ഒരു ദിവസത്തെ വെയിൽ കൊള്ളലും അധ്വാനവും ബാക്കി. അങ്ങിനെയാണ് ആറു മാസം മുമ്പ് സ്ഥലത്തിന്റെ മുന്നിൽ വിൽപ്പനക്കുള്ള ബോർഡു വച്ചത്. ഇത്രയും എഴുതിയത് എന്റെ ദു:ഖം അറിയിക്കാൻ മാത്രമല്ല. ഏപ്രിൽ മാസത്തിലെ ഇന്ത്യൻ നാളികേര ജേർണലിൽ പ്രസിദ്ധീകരിച്ച വ്യത്യസ്ഥ മണ്ഡലങ്ങളിൽ തേങ്ങയുടെ ഗുണങ്ങൾ മാത്രം പറഞ്ഞതുകൊണ്ട് മാത്രം കാര്യമില്ല, അതിനെപ്പറ്റിയുള്ള ബോധവൽക്കരണത്തിന് എന്തു ചെയ്യാൻ സാധിക്കും എന്നുകുടി ചിന്തിക്കണം എന്നു സൂചിപ്പിക്കാൻ കൂടിയാണ്.

വെളിച്ചെണ്ണ കൊളസ്ട്രോൾ രഹിതമാണെന്ന് പറയാനും പ്രചരിപ്പിക്കാനും തുടങ്ങിയിട്ടു നാളേറെയായി. പക്ഷെ, ഇന്നും ചില ഹൃദ്രോഗ വിദഗ്ദ്ധർ രോഗികളോട് പറയുന്നത് വെളിച്ചെണ്ണ ഉപയോഗിക്കരുതെന്നാണ്. നാലു പതിറ്റാണ്ടിലധികം ഔഷധ വ്യാപാര വിപണന രംഗത്ത് പ്രവർത്തിച്ച് 2005 -ൽ ഒരു ബഹുരാഷ്ട്ര ഔഷധക്കമ്പനിയിൽ നിന്ന് വിരമിച്ച ഒരാളെന്ന നിലയിൽ എനിക്ക് പറയാനുള്ളത്, ഹൃദ്രോഗികൾ വെളിച്ചെണ്ണ ഉപയോഗിക്കണമെങ്കിൽ ഡോക്ടർ പറയണം, ഡോക്ടർ രോഗികളോട് പറയണമെങ്കിൽ പ്രശസ്ത മരുന്ന് കമ്പനികളുടെ പ്രതിനിധികൾ വഴി, ആധികാരികമായ പരീക്ഷണങ്ങൾ നടത്തിയ തെളിവുകൾ ഡോക്ടറിലേക്കെത്തണം. കഴിഞ്ഞ ലക്കത്തിൽ ഡോ: ടി. രാജ്മോഹന്റെ ലേഖനത്തിൽ ആധികാരികമായി പറയുന്ന ഹൃദ്രോഗം, പ്രമേഹം, സന്ധിവാതം, അർബുദം, ബീജ ഉദ്പ്പാദനം എന്നീ രംഗങ്ങളിൽ തേങ്ങ, തേങ്ങവെള്ളം, പൂങ്കുല, തേങ്ങാ പൊങ്ങ് എന്നീ ഭാഗങ്ങൾ വളരെ പ്രയോജനകരമാണ്. പലതരം ഗുണങ്ങളുള്ള തേങ്ങവെള്ളം നാം കുപ്പിയിലാക്കി വിൽക്കുന്നതിനേക്കാൾ എത്രയോ ഇരട്ടി കൊക്കക്കോളയും ഫാന്റയും അതുപോലുള്ള മറ്റുത്പ്പന്നങ്ങളും വിറ്റുപോകുന്നു. എന്താണിതിന് കാരണം? വിപുലമായ മാർക്കറ്റിങ്ങ്! തേങ്ങയുടെ ഗുണം കർഷക പ്രസിദ്ധീകരണങ്ങ



ളിൽ മാത്രം ഒതുങ്ങി നിൽക്കുന്നു.

ഔഷധക്കമ്പനിയിലെ മാർക്കറ്റിങ്ങ് രംഗത്ത് പ്രവർത്തിച്ച ഒരാളെന്ന നിലയിൽ എഴുതുകയാണ്: ഒരു ഉത്പ്പന്നത്തിന്റെ ഗുണം എത്ര തന്നെ അധികമുണ്ടെങ്കിലും അത് മുഴുവൻ ഒറ്റയടിക്ക് പറയുമ്പോൾ ശക്തി കുറയുന്നു അല്ലെങ്കിൽ ഡയലൂഷ്യൻ വരുന്നു. വിപണിയിൽ സുലഭമായി വിൽക്കുന്ന ഉത്പ്പന്നങ്ങളുടെ പരസ്യങ്ങൾ ശ്രദ്ധിച്ചാൽ ഇത് മനസ്സിലാവും. ഉദാഹരണത്തിന് ലൈഫ് ബോയ് അണുക്കളെ നശിപ്പിക്കുന്നു, ചന്ദ്രിക ചർമ്മത്തെ മൃദുലമാക്കുന്നു അങ്ങിനെ പലതും. പരത്തിപ്പറയുമ്പോൾ ശ്രദ്ധ കേന്ദ്രീകരിക്കാൻ സാധിക്കുന്നില്ല. നിശിതമായ ഉദ്ദേശ്യങ്ങളും, ലക്ഷ്യവേധിയായ പ്രചരണവും ഒരുത്പ്പന്നത്തിന്റെ പ്രശസ്തി വർദ്ധിപ്പിക്കുന്നു. ഉദാഹരണമായി ലാക്ടോസ് അലർജ്ജിക്കാർക്ക് തേങ്ങാപ്പാൽ എന്ന് നിർദ്ദേശിക്കുമ്പോൾ ഇത് ഏത് പ്രായത്തിലുള്ളവർക്കാണ് കൂടുതൽ ഉപയോഗം എന്നത് വസ്തുനിഷ്ഠമായി വ്യക്തമാക്കാൻ സാധിക്കണം. ലാക്ടോസ് ഇൻടോളറൻസിന്ന് പ്രതിവിധിയായി ഇന്ത്യയിൽ ആദ്യം വിപണിയിലെത്തിയത് സൊയാൽ എന്ന പൊടിയായിരുന്നു. എഫ് ഡി സി എന്ന ഇന്ത്യൻ കമ്പനി അത് മാർക്കറ്റിൽ ഇറക്കുമ്പോൾ ശിശുരോഗ വിദഗ്ധരെയാണ് ആദ്യം സമീപിച്ചത്. കാരണം ഈ അവസ്ഥ ഏറ്റവും അധികം കാണുന്നത് ശിശുക്കളിലാണ്. അതിൽ തന്നെ പ്രൈമറി, സെക്കന്ററി എന്നീ അവസ്ഥകൾ ഉണ്ട്. മാസം തികയാതെ ഉണ്ടാകുന്ന കുട്ടികൾക്ക് വരുന്ന ലാക്ടോസ് ഇൻടോളറൻസിൽ മുലപ്പാൽ നല്കാൻ സാധിക്കാത്ത അവസ്ഥയിൽ അമ്മമാർ സൊയാൽ എന്ന മേൽ പറഞ്ഞ പൊടിയെ ആശ്രയിക്കുന്നു. ഇതാണ് ടാർഗറ്റഡ് കസ്റ്റമർ അപ്രോച്ച് എന്ന് പറയുന്നത്. സൊയാബീനിൽനിന്ന് ഉദ്പ്പാദിപ്പിക്കുന്ന സൊയാൽ ഇന്ന് വളരെയധികം വിൽക്കപ്പെടുന്ന ഒരുത്പ്പന്നമാണ്. വലിയവർക്ക് വരുന്ന പ്രശ്നങ്ങളേക്കാൾ കുട്ടികളുടെ പ്രശ്നങ്ങൾക്ക് പൊതുവെ പ്രാധാന്യം കൊടുക്കുന്നു എന്നകാര്യം എല്ലാവർക്കും അറിയാം. മുലപ്പാലിന് പകരം തേങ്ങാപ്പാൽ എന്നത് പലർക്കും ഉൾക്കൊള്ളാൻ വിഷമമുള്ള കാര്യമാണ്. ഈ കാര്യം ഉള്ള്യേരിക്കാരനായ ഒരു സ്കൂൾ മാഷ് തേങ്ങയുടെ ഗുണവശമായി പറഞ്ഞപ്പോൾ പലരും അത് ഉൾക്കൊണ്ടില്ല. മറിച്ച് അതിനെച്ചൊല്ലി ചില തർക്കങ്ങളും ഉണ്ടായി. അതേ സ്ഥാനത്ത് പ്രസിദ്ധനായ ശിശുരോഗ വിദഗ്ദ്ധൻ ഇതു പറയുകയാണെങ്കിൽ അതിന്റെ പ്രതികരണം സുശക്തഫലമായിരിക്കും. ആയുർവേദത്തിലാണെങ്കിൽ ഞാൻ ഇതുവരെ പറഞ്ഞ തടസ്സങ്ങൾ അത്രയധികം ഉണ്ടാവാൻ സാധ്യതയില്ല. ഔഷധ തലത്തിൽ തേങ്ങയുടെ ഇപ്പോഴുള്ള ചെലവും ആയുർവേദത്തിലാണ് കൂടുതൽ. എന്നാൽ മോഡേൺ മെഡിസിൻ എന്ന അലോപ്പതി വിഭാഗത്തിലേക്ക് എത്തിയാൽ മാത്രമേ തേങ്ങക്ക് ചെലവ് കൂടുകയുള്ളു. തേങ്ങാപ്പാലിന്റെ ഔഷധഗുണങ്ങൾ ആയുർവ്വേദ ഭിഷഗ്വരന്മാർക്ക് നന്നായി അറിയാം. അവർ അതിനനുസരിച്ച് അത് ഉപയോഗിക്കുന്നുമുണ്ട്. എന്നാൽ നമുക്ക് ഇന്നാവശ്യം നാളികേര കർഷകനെ രക്ഷിക്കുക തേങ്ങക്ക് വില കൂട്ടുക എന്നതാണ് അല്ലെങ്കിൽ തൊഴിലാളികൾ അവരുടെ ന്യായമായ കൂലിയിൽ നിന്നുകൊണ്ട് കർഷകരോട് ദയ കാണിക്കണം.

അമേരിക്കയിൽ പല സ്ഥലത്തും തേങ്ങാവെള്ളം കുപ്പിയിലാക്കിയത് സൂപ്പർ മാർക്കറ്റുകളിൽ വിൽപ്പനക്ക് വച്ചിരിക്കുന്നത് ഞാൻ കണ്ടിട്ടുണ്ട്. അതെല്ലാം ഫിലിപ്പൈൻസിൽ നിന്നോ അത്പോലെയുള്ള മറ്റ് രാജ്യങ്ങളിൽ നിന്നോ വരുന്നതാണ്. അവിടെയും ഇന്ത്യയിൽ നിന്നുള്ള ഉത്പ്പന്നങ്ങളില്ല. നമ്മുടെ ലേഖനങ്ങൾ ആധികാരികമാണ്, ഗവേഷണ ചിന്തകൾക്ക് കഴമ്പും ഉണ്ട്. എന്നാൽ നമ്മുടെ മാർക്കറ്റിങ്ങ് തന്ത്രം പാളിപ്പോകുന്നു. എത്തേണ്ടവരിലേക്ക് എത്തുന്നില്ല. തെങ്ങിനു പറ്റിയ കാലാവസ്ഥ കേരളത്തിലെ പ്രകൃതിയിലുണ്ട്. പ്രകൃതി തെങ്ങിനെ സൃഷ്ടിച്ചിരിക്കുന്നത് തന്നെ പ്രതികൂല അവസ്ഥകളെ അതിജീവിക്കാനുള്ള രീതിയിലാണ്. തെങ്ങിന് വളമിടൽ, തടം തുറക്കൽ മുതലായവയ്ക്ക് വലിയ പരിശീലനം ആവശ്യമില്ല. തേങ്ങക്ക് വില കിട്ടിയാൽ കർഷകൻ വേണ്ടുന്നത് വേണ്ട സമയത്ത് ചെയ്തുകൊള്ളും. ചർമ്മത്തിന്റെ ആരോഗ്യത്തിന് വെളിച്ചെണ്ണ സോപ്പ് എന്ന ഏപ്രിൽ മാസ മാസികയിലെ ലേഖനത്തിലെ റാബിയ എന്ന വെർജ്ജിൻ കോക്കനട്ട് ഓയിൽ മിൽക്ക് സോപ്പിന്റെ ചിത്രം ലേഖനത്തിന്റെ പേജിൽ കാണുമ്പോഴാണ് അങ്ങിനെയൊന്നുണ്ടെന്നറിയുന്നത് തന്നെ.

> **നിത്യോപയോഗ സാധനങ്ങൾക്ക് വില കൂടുന്നത് തടയാൻ സാധിക്കാതെ നമ്മുടെ സർക്കാരുകൾ നിസ്സഹായരായി നോക്കി നിൽക്കുന്നു. ഈ പരിതഃസ്ഥിതിയിൽ തെങ്ങുകയറ്റക്കാരും മറ്റ് തൊഴിലാളികളും അവരുടെ കൂലി സ്വയം വർദ്ധിപ്പിക്കുന്നു. പരിണിത ഫലം നാളികേര കർഷകർ അനുഭവിക്കുകയും ചെയ്യുന്നു. അതിനാൽ എങ്ങനെ ഇതിൽ നിന്ന് മോചനം നേടാം എന്നു നമുക്ക് ചിന്തിക്കാം.**

ഇന്ദുലേഖ സോപ്പിന്റെ ടി വി പരസ്യം വഴി എല്ലാവർക്കും അറിയാം. എന്നാൽ തേജസ് കണ്ട ഒരോർമ്മ മാത്രം. 2016–17 കയറ്റുമതിയിൽ കുതിച്ചുചാട്ടം പ്രതീക്ഷിക്കുന്നു എന്ന ഒരു ലേഖനം കണ്ടു. അതിൽ രണ്ടാമത്തെ ഖണ്ഡികയിൽ പറയുന്ന വാചകം വളരെ പ്രസക്തമാണ്. 'നമ്മുടെ രാജ്യത്തിന്റെ കയറ്റുമതിയിലെ പുരോഗതി, ഉത്പാദനവുമായി തട്ടിച്ചു നോക്കുമ്പോൾ അത്ര അഭിമാനകരമല്ല'. ഇതാണ് ശരിയായ വസ്തുത. 2016 പ്രതീക്ഷാ നിർഭരമായിരുന്നുവെങ്കിൽ ഇപ്പോഴുള്ള ഈ അർദ്ധവാർഷിക കാലത്തിൽ തന്നെ തേങ്ങക്ക് വില കൂടണമായിരുന്നു. അതിൽ പറഞ്ഞിരിക്കുന്ന നമ്മുടെ ഉത്തേജിത കാർബൺ തന്നെ പരിശോധിക്കാം. ചുരുക്കം ചില ഫാക്ടറികളിൽ അത് നിർമ്മിക്കാനുള്ള സംവിധാനമുണ്ടെങ്കിലും എന്നെപ്പോലെയുള്ള കർഷകരിൽനിന്ന് ശേഖരിക്കാൻ ആളില്ലാത്തതിനാൽ ചിരട്ട പാഴായിപ്പോകുന്നു. ചിരട്ട വിൽക്കാനുണ്ടെന്ന് പറഞ്ഞാൽ ഹോട്ടലുകാർക്കു പോലും വേണ്ട എന്നതാണ് വാസ്തവം.

ഉത്തേജിത കാർബൺ, ഔഷധ നിർമ്മാണ രംഗത്ത് വളരെ പ്രാധാന്യമുള്ള പദാർത്ഥമാണ്. ബാക്ടീരിയകൾ ഉത്പ്പാദിപ്പിക്കുന്ന വിഷ വാതകങ്ങൾ ആമാശയത്തിൽ നിന്നും കുടലിൽ നിന്നും വലിച്ചെടുക്കാൻ കഴിവുള്ള ഈ വസ്തു മാത്രം ഉപയോഗിച്ചുള്ള ഗുളികകൾ ഉണ്ടായിരുന്നു. രക്തത്തിലേക്ക് കലരാതെ അതേപടി പുറത്തേക്ക് ഗ്യാസിനെ കളയാനുള്ള അതിന്റെ കഴിവ് കാരണം ആയിരുന്നു മുമ്പൊക്കെ എക്സ്റേ എടുക്കുന്നതിന്ന് മുൻപ് ഡോക്ടർമാർ കാർബൺ അടങ്ങിയ കാർബിൻഡോൺ എന്ന ഗുളിക കുറിച്ചു കൊടുത്തിരുന്നത്. ഇന്ന് രാസവസ്തുക്കൾ ഗുളികകളാക്കി വിൽക്കുന്നതിനെയാണ് ഡോക്ടർമാർ ആശ്രയിക്കുന്നത്. മുൻ കാലങ്ങളിൽ കിണറുകളിലെ വെള്ളം വറ്റിച്ച് വൃത്തിയാക്കുന്ന സമയത്ത് ചിരട്ട കത്തിച്ച് ഇടുമായിരുന്നു. ഇന്ന് ആ സ്ഥാനം ബ്ലീച്ചിങ്ങ് പൊടി ഏറ്റെടുത്തു. എങ്കിലും ചിരട്ട കത്തിച്ച് ചാക്കുകളിലാക്കി വിപണിയിൽ ലഭ്യമാണെങ്കിൽ ആവശ്യക്കാരുണ്ടാവും എന്ന് തീർച്ച. കോൾഗേറ്റ് കമ്പനി കാർബൺ അടങ്ങിയ ടൂത്ത് പെയ്സ്റ്റ് ഇറക്കിയിരിക്കുകയാണ്. നമ്മുടെ നാടൻ കമ്പനികൾ കാർബൺ മാത്രം ഉപയോഗിച്ച് പഴയ ഉമിക്കരിയെ ഓർമ്മിപ്പിക്കുമാറ് ടൂത്ത്പെയ്സ്റ്റ് ഇറക്കിയാൽ ആവശ്യക്കാരുണ്ടാവും. ■



# കല്പവൃക്ഷത്തിന് കരുത്തും കാവലാളുമായി ഈ ശബ്ദവീചികൾ

● മുരളീധരൻ തഴക്കര

ആകാശവാണി, തിരുവനന്തപുരം

നാളികേര വികസന ബോർഡും രാഷ്ട്രത്തിന്റെ പൊതുപ്രക്ഷേപണ മാധ്യമമായ ആകാശവാണിയും തമ്മിൽ പശിമയാർന്നൊരു പാരസ്പര്യമുണ്ട്. നാളികേര കർഷകർക്ക് ഏറെ ഗുണപരമായി മാറിയ ഒരു ആത്മബന്ധമാണത്. കാലാകാലങ്ങളിൽ നാളികേര വികസന ബോർഡ് നടപ്പാക്കുന്ന വിവിധ പദ്ധതികളെയും പദ്ധതി നിർവ്വഹണത്തെയും സംബന്ധിച്ച വിവരങ്ങളെല്ലാം കർഷകരിൽ എത്തിക്കുന്നതിൽ ആകാശവാണി ക്രിയാത്മകമായ വിജ്ഞാന വ്യാപന ദൗത്യമാണ് നിർവ്വഹിച്ചത്. ഏറെ സമഗ്രതയോടെ നടപ്പാക്കിയ കേന്ദ്രാവിഷ്കൃത തെങ്ങു പുനരുദ്ധാരണ പദ്ധതി, ഭക്ഷ്യ എണ്ണ എന്ന നിലയിൽ വെളിച്ചെണ്ണയുടെ പ്രധാന്യം വെളിവാക്കുന്ന ബോധവത്ക്കരണം, തെങ്ങുകയറ്റ തൊഴിലാളികളുടെ ദൗർലഭ്യം പരിഹരിക്കുന്നതിനായി ആവശ്യാധിഷ്ഠിതമായി നടപ്പാക്കിയ തെങ്ങിന്റെ ചങ്ങാതിക്കൂട്ടം, നാളികേര വിലയിടിവിന് സുസ്ഥിര പരിഹാരം എന്ന നിലയിൽ പ്രായോഗികമാക്കിയ നീര ഉല്പാദനവും വിപണനവും സംബന്ധിച്ചുള്ള ബോധന പ്രവർത്തനം, നാളികേരാധിഷ്ഠിത ഉല്പന്ന വൈവിധ്യവൽക്കരണം തുടങ്ങിയവക്കെല്ലാം ഊന്നൽ നൽകികൊണ്ടുള്ള പ്രതിവാര പരമ്പരകൾ തയ്യാറാക്കി ആകാശവാണി പ്രക്ഷേപണം ചെയ്യുകയുണ്ടായി.

**നാളികേരത്തിന്റെ -നാടുണരണം**

നാളികേരത്തിന്റെ നാടിനെ ഉണർത്താൻ പര്യാപ്തമായ നിലയിൽ സംഘബോധത്തിന്റെ ശക്തിയും ചൈതന്യവും ദൃശ്യമായ പ്രവർത്തനങ്ങളാണ് കഴിഞ്ഞ ഒരു വർഷക്കാലമായി നാളികേര വികസന ബോർഡ് പ്രതിബദ്ധതയോടെ നടപ്പാക്കുന്നത്. ഇക്കഴിഞ്ഞ ഒരു വർഷക്കാലം ആകാശവാണി തിരുവനന്തപുരം, ആലപ്പുഴ, തൃശൂർ നിലയങ്ങളിലൂടെ 'നാളികേരത്തിന്റെ നാടുണരണം' എന്ന ശീർഷകത്തിൽ ത്രിതല കേര കർഷക കൂട്ടായ്മയുടെ പ്രാധാന്യത്തേയും അതിന്റെ സത്ഫലങ്ങളെയും ആധാരമാക്കിയുള്ള വാങ്മയ സാക്ഷ്യങ്ങളാണ് പ്രക്ഷേപണം ചെയ്തത്. ഏറ്റവും താഴെത്തട്ടിൽ നാളികേര ഉല്പാദക സംഘവും അതിന് മേലെ ഉല്പാദകസംഘങ്ങളുടെ കൂട്ടായ്മയായ നാളികേര ഉല്പാദക ഫെഡറേഷനും, ഏറ്റവും മേലേത്തട്ടിൽ ഫെഡറേഷനുകളുടെ കൂട്ടായ്മയായ നാളികേര ഉല്പാദക കമ്പനികളും - ഈ ത്രിതല കേരകർഷക കൂട്ടായ്മകളുടെ സംഘാടനത്തിനും പ്രവർത്തന സമീപനത്തിനും ഊന്നൽ നൽകിയ പ്രത്യേക പരിപാടികളാണ് പ്രക്ഷേപണം ചെയ്തത്.

സംസ്ഥാനത്തുടനീളമുള്ള കമ്പനികളിലൂടെയും ഫെഡറേഷനുകളിലൂടെയും കോക്കനട്ട് പോയിന്റുകളിലൂടെയും മൈക്രോഫോണുമായി വയലും വീടും നടത്തിയ തീർത്ഥാടനമായിരുന്നു അക്ഷരാർത്ഥത്തിൽ ഈ പരമ്പര. നീര നൽകും കേരളത്തിന് സമ്പൽസമൃദ്ധി എന്ന പേരിൽ ഒരു കൃഷിപാഠപരമ്പരയും ആകാശവാണി തയ്യാറാക്കി അവതരിപ്പിച്ചു. പ്രകൃതിയുടെ അമൃതായ നീര എന്ന ആരോഗ്യ പോഷക പാനീയത്തെ സംബന്ധിച്ച സമസ്ഥതല സ്പർശിയായ പഠന പരമ്പര ആയിരുന്നു അത്. ഒരു പക്ഷേ കേരളം നീരയെക്കുറിച്ച് ഇത്ര വ്യാപ

കമായി അറിഞ്ഞതും കേട്ടതും ഈ കൃഷിപാഠത്തിലൂടെയാണ്. നീര നൽകുന്ന അനന്തസാധ്യതകളോടൊപ്പം ഈ രംഗത്തെ പ്രയോഗിക പ്രശ്നങ്ങളും ഉല്പാദക കമ്പനികളുടെ ബാലാരിഷ്ടകളും അധികൃത ശ്രദ്ധയിൽ കൊണ്ടു വരുന്നതിനും ഈ പരമ്പര ക്രിയാത്മക ദൗത്യമാണ് നിർവ്വഹിച്ചത്.

**കേരകർഷകർക്കൊരു നല്ലനാളേക്ക് -സ്വാശ്രയത്വത്തിലേക്കൊരു വിജയവീഥി.**

സ്വാശ്രയത്വത്തിന്റെ വിജയമന്ത്രങ്ങളുമായി വീണ്ടും ഒരു പുതിയ പരമ്പര പ്രക്ഷേപണം ആരംഭിച്ചിരിക്കയാണ്. നാളികേര വികസന ബോർഡിന്റെ സഹകരണത്തോടെ ബുധനാഴ്ചകൾ തോറും വയലും വീടും പരിപാടിയിലാണ് ഈ പരമ്പര. പ്രഥമാധ്യായം 2016 മെയ് 18-30 തീയതി നാളികേര വികസന ബോർഡ് ചെയർമാൻ ശ്രീ ടി.കെ ജോസ് ഐ.എ.എസിന്റെ ആമുഖ സന്ദേശത്തോടെ പ്രക്ഷേപണം ചെയ്തു.

തെങ്ങുകൃഷിക്കും കേര മേഖലക്കും അനുഗുണമായി മാറുന്ന ഗവേഷണ പഠനങ്ങൾ, ഉല്പാദന ശേഷിയാർന്ന കുറിയ ഇനം തെങ്ങിൻ തൈകളുടെ ഉല്പാദനം, ടിഷ്യുകൾച്ചർ സാങ്കേതികവിദ്യ ഉപയോഗിച്ചുള്ള തെങ്ങിൻ തൈ ഉല്പാദനം, വിപണന സാധ്യതയും ഉപഭോക്തൃ സ്വീകാര്യതയുമുള്ള കേരോല്പന്നങ്ങളുടെ ഉല്പാദനവും വിപണനവും, സർവ്വോപരി ത്രിതല കർഷക കൂട്ടായ്മകളുടെ ശാക്തീകരണം എന്നിവക്ക് പ്രാമുഖ്യം നൽകികൊണ്ടുള്ള പ്രക്ഷേപണമാണ് ഇക്കുറി ഉദ്ദേശിക്കുന്നത്. സബ്സിഡിയും പരസഹായവുമില്ലാതെ കേരകർഷകരെ സ്വന്തം കാലിൽ നിൽക്കുവാൻ പ്രാപ്തരാക്കുക, പ്രശ്നങ്ങളെ അതിജീവിച്ച് മുന്നേറുവാനുള്ള ആത്മവിശ്വാസം വളർത്തുക ,ഇതാണ് നാളികേര വികസന ബോർഡിന്റെ ആത്യന്തിക ലക്ഷ്യം. ഈ ലക്ഷ്യത്തിനായുള്ള വിജ്ഞാന വ്യാപന യത്നങ്ങളാണ് ആകാശവാണിയുടെ കാർഷിക പരിപാടിയായ വയലും വീടും നിർവ്വഹിക്കുന്നതെന്നാണ് നാളികേര വികസന ബോർഡ് ചെയർമാൻ പുതിയ പ്രക്ഷേപണപരമ്പരയുടെ ആമുഖ സന്ദേശത്തിൽ സൂചിപ്പിച്ചത്.



കേരളത്തിന്റെ എല്ലാ പ്രദേശങ്ങളിൽ നിന്നുള്ള ബഹുശതം ശ്രോതാക്കൾ വിശിഷ്യാ കേരകർഷകർ ഈ പരമ്പര ശ്രദ്ധാപൂർവ്വം കേൾക്കുകയും സംശയങ്ങളും അഭിപ്രായങ്ങളും നിർദേശങ്ങളും എഴുതി അറിയിക്കുകയും ചെയ്യുന്നുണ്ട്. നാളികേര വികസന ബോർഡിൽ നിന്നുള്ള വിദഗ്ദർ തന്നെ കർഷകരുമായി സംവദിക്കുകയും സംശയങ്ങൾക്ക് മറുപടി നൽകുകയും ചെയ്യുന്നു. കേരകർഷകരെയും കല്പ വൃക്ഷത്തെയും സ്നേഹിക്കുന്നവർക്ക് ആശ്രയിക്കാവുന്ന ഒരു വെർചൽ കാർഷിക പാഠശാലയാണ് ബുധനാഴ്ചകളിലെ നാളികേര വികസന ബോർഡ് വയലും വീടും.

കേരളകർഷകർക്കൊരു നല്ല നാളേക്ക് സ്വാശ്രയത്വത്തിലേക്കൊരു വിജയവീഥി എന്ന പേരിൽ 26 അദ്ധ്യായങ്ങളുള്ള ഈ പ്രതിവാര പ്രക്ഷേപണം സമാപിക്കുമ്പോൾ ശ്രോതാക്കൾക്കായി പ്രശ്നോത്തരിയും സംഘടിപ്പിക്കുന്നുണ്ട്. തെരഞ്ഞെടുക്കപ്പെട്ട ശ്രോതാക്കളെ പങ്കെടുപ്പിച്ച് നടത്തുന്ന പ്രശ്നോത്തരിയിൽ വിജയിക്കുന്നവർക്ക് നാളികേര വികസന ബോർഡ് വക റേഡിയോ സമ്മാനമായി നൽകുന്നതാണ്. ■

---

### പരിപാടി കേട്ടശേഷം ഒരു ശ്രോതാവ് അയച്ച കത്ത്



### നാളികേരത്തിന്റെ നാടുണരണം

സ്റ്റേഷൻ ഡയറക്ടർക്ക്

മലയാളത്തിന്റെ മണ്ണിനും മനുഷ്യനും ഏറ്റവും അനുയോജ്യമായ വൃക്ഷമാണ് തെങ്ങ്. മനസ്സിൽ സമൃദ്ധിയുടേയും സന്തോഷത്തിന്റേയും നിറകാഴ്ചകൾ സമ്മാനിക്കുന്ന കേര വൃക്ഷങ്ങൾ നിറഞ്ഞ നമ്മുടെ ഓരോ ഗ്രാമങ്ങളും എത്ര സുന്ദരമാണ്. നമുക്ക് വരമായി കിട്ടിയ ഈ ഫല വൃക്ഷം പലവഴികളിൽ വലിയ ധനം കൂടി പ്രദാനം ചെയ്യുന്നതാണ്. തെങ്ങ് സംരക്ഷിക്കേണ്ടതും, വ്യാപിപ്പിക്കേണ്ടതും ഓരോ മലയാളിയുടേയും കടമയാണ്. തെങ്ങ് കൃഷി വ്യാപിപ്പിക്കുന്നതിനും തെങ്ങ് കർഷകരുടെ ജീവിതം സംരക്ഷിക്കുന്നതിനും സർക്കാർ തലത്തിൽ പുതിയ പദ്ധതികൾ ബന്ധപ്പെട്ട വകുപ്പുകൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കണം. ഉദാഹരണമായി കുഞ്ഞിക്കയ്യാൽ ഒരു തെങ്ങിൻ തൈ എന്നതിലൂടെ കേരളത്തിലെ മുഴുവൻ സ്ക്കൂൾ കുട്ടികൾക്കും സൗജന്യമായോ സബ്സിഡി നിരക്കിലോ തൈകൾ നൽകി തെങ്ങ് കൃഷി എല്ലാ വീടുകളിലേക്കും വ്യാപിപ്പിക്കാൻ കൃഷി ഭവനുകളും, നാളികേര വികസന ബോർഡും മുൻകൈയ്യെടുക്കുമെന്ന് പ്രതീക്ഷിക്കുന്നു.

നാളികേരത്തിന്റെ നാടുണരണം എന്ന ഹൃദയ സ്പർശിയായ പരിപാടി കേട്ടു കൊണ്ടിരുന്നപ്പോൾ മനസ്സിൽ മുളപൊട്ടിയ വരികളും ഇതോടൊപ്പം അയയ്ക്കുന്നു.

സ്നേഹാദരങ്ങളോടെ,<br>ജയരാജ് കുലുക്കല്ലൂർ, പേരയിൽ പുത്തൻവീട്,<br>മുളയങ്കാവ് പി.ഒ., പാലക്കാട്

# തെങ്ങിന്റെ ശത്രുക്കളെ തിരിച്ചറിയുക

● ടി. എസ്. വിശ്വൻ
ചിന്ത, തണ്ണീർമുക്കം

തെങ്ങിന്റെ പ്രധാന ശത്രുക്കൾ ആരെന്ന് ചോദിച്ചാൽ കൊച്ചു കുട്ടികൾ പോലും പറയും ചെല്ലികൾ ആണെന്ന്. അതെ, കൊമ്പൻചെല്ലിയും ചെമ്പൻ ചെല്ലിയും കൂടി നാളികേര കൃഷിയുടെ നട്ടെല്ല് തകർത്തു മുന്നേറുന്ന കാഴ്ചയ്ക്കാണ് കേരകർഷകർ സാക്ഷിയാവുന്നത്. 'മരുന്നും മന്ത്രവും' ഫലിക്കുന്നില്ലെന്നു പറഞ്ഞ് നിഷ്ക്രിയരാവുന്ന കർഷകർ തന്നെയാണ് നിലംപറ്റുന്ന ആരോഗ്യമുള്ള തൈത്തെങ്ങുകളുടെ ദുസ്ഥിതിക്കു കാരണക്കാർ. ചെല്ലികൾ എവിടെ മുട്ടയിടുന്നു, എവിടെ വളരുന്നു, അവയുടെ ഓരോ ഘട്ടവും എവിടെയാണ് കഴിയുന്നത്, അവയുടെ ഭക്ഷണമെന്താണ്,തുടങ്ങിയ അറിവുകൾ വളരെ പ്രധാനപ്പെട്ടതാണ്. ഈ അറിവുകൾ തെങ്ങിന്റെ ശത്രുക്കളെ നേരിടാൻ ഉപകരിക്കുന്ന ആയുധങ്ങളാണ്.

**കൊമ്പൻ ചെല്ലി**

ശരീരഭാരം മൂലം അധികം ഉയരത്തിൽ പറക്കാൻ കഴിയാത്ത കൊമ്പൻചെല്ലി കറുത്ത വണ്ടെന്നും അറിയപ്പെടുന്നു. കാണ്ടാമൃഗത്തിന്റെ ആകൃതിയുള്ളതിനാൽ റൈനോസരസ് ബീറ്റിൽ എന്ന ഇംഗ്ലീഷ് നാമവുമുണ്ട്. ഒരു പെൺചെല്ലി 150 ഓളം മുട്ടകൾ ഇടാറുണ്ട്. മുട്ടയിടുന്ന സ്ഥലം മനസ്സിലാക്കുന്നത് ഇവയുടെ നിയന്ത്രണ കാര്യത്തിൽ വളരെ സഹായകമാണ്. കൂട്ടിയിടുന്ന ചാണകത്തിലും, ജീർണ്ണിക്കുന്ന തെങ്ങ് കവുങ്ങ്, പന എന്നിവയുടെ കഷണങ്ങൾക്കുള്ളിലും, ചീയുന്ന ചപ്പു ചവറുകൾക്കിടയിലുമാണ് കൊമ്പൻചെല്ലി മുട്ടയിടുന്നത്. മുട്ടവിരിഞ്ഞ് പുഴുവാകാൻ 8 മുതൽ 18 ദിവസം വരെ എടുക്കും. മുട്ടയിടുന്ന സങ്കേതത്തിൽ ഈർപ്പം കുറഞ്ഞാലാണ് മുട്ട വിരിയാൻ കൂടുതൽ സമയമെടുക്കുന്നത്. പുഴുക്കളുടെ ഭക്ഷണം ചാണകമുൾപ്പെടെയുള്ള അഴുകിയ ജൈവവസ്തുക്കളാണ്. ഉപരിതലത്തിലേയ്ക്കല്ല ഉള്ളിലേയ്ക്ക് സഞ്ചരിച്ചാണ് ഇവ ഭക്ഷണം തേടുന്നത്. ഈ പുഴുക്കൾ വളരുമ്പോൾ ആകൃതി അർദ്ധവൃത്താകൃതിയിൽ ആയിരിക്കും. പുഴു പൂർണ്ണ വളർച്ചയെത്താൻ 99 മുതൽ 182 ദിവസം വരെ എടുക്കും. അപ്പോഴേക്കും 12.5 സെ. മീറ്റർ നീളവും 3.5 സെ. മീറ്റർ വണ്ണവുമുണ്ടാകും. ചാണകക്കൂനയുടെയോ ജീർണ്ണിച്ച ജൈവവസ്തുക്കളുടെയോ കീഴിൽ മണ്ണിൽ പ്രവേശിച്ച് സമാധി (പ്യൂപ്പ) യാവാനാണ് പുഴുക്കൾ ശ്രമിക്കുന്നത്. സമാധിക്കാലം 10 മുതൽ 25 ദിവസം വരെയാണ്. സമാധിയിൽ നിന്നും കൊമ്പൻചെല്ലിയായി രൂപാന്തരം നടന്നാലും ഈ ചെല്ലി 25 ദിവസത്തോളം ഇവിടെത്തന്നെയുണ്ടാകും. ഇണചേരുന്നത് ഈ കാലയളവിലാണ്. മുട്ട നിക്ഷേപിച്ചശേഷമാണ് കൊമ്പൻചെല്ലി ആഹാരം തേടി തെങ്ങുകളിൽ എത്തുന്നത്. ഇളം തെങ്ങിന്റെ മധുരമുള്ള കൂമ്പോലയും പൂങ്കുലയുമാണ് കൊമ്പൻ ചെല്ലിയുടെ ഭക്ഷണം. മുൻവശത്തെ ബലമുള്ള കൊമ്പുകൾ ഉപയോഗിച്ചാണ് ചെല്ലി ഉള്ളിൽ പ്രവേശിക്കുന്നത്. കൊമ്പൻചെല്ലിയുടെ നാല് അവസ്ഥകളിൽ



അവസാനഘട്ടമാണ് തെങ്ങിന് ഉപദ്രവകാരിയാവുന്നത്. 6 മാസത്തിലധികം കാലമാണ് ചെമ്പൻചെല്ലിയുടെ ജീവിത ചക്രം.

മുകളിൽ പറഞ്ഞ വസ്തുതകളിൽ നിന്നും ചെല്ലിയും അവയുടെ മുട്ടയും പുഴുവും സമാധിയും എവിടെയായിരിക്കും കാണുകയെന്ന കൃത്യമായ വിവരം ലഭിക്കുമല്ലോ. അതുകൊണ്ടുതന്നെ കൊമ്പൻചെല്ലിയെ നിയന്ത്രിക്കുന്നതിലും വിജയം ഉറപ്പാണ്.

**നിയന്ത്രണ വിദ്യകൾ**

ചാണകം സൂക്ഷിക്കിന്നിടവും പരിസരവും വൃത്തിയായി സംരക്ഷിക്കുക.

ബയോഗ്യാസ്, കമ്പോസ്റ്റ് വള നിർമ്മാണം, ചാണകപ്പാൽ എന്നിവ വഴി ചാണകത്തിൽ ചെല്ലി മുട്ടയിടാതെ സൂക്ഷിക്കാം.

ചാണകം കീടനാശിനികൾ തളിച്ചശേഷം നിക്ഷേപിച്ചു തുടങ്ങാം. ഇടയ്ക്കിടെ കീടനാശിനികൾ തളിച്ച് ചാണകം കൂട്ടാം.

പെരുവലത്തിന്റെ ഇലകൾ ശേഖരിച്ച് ചാണകം സൂക്ഷിക്കുന്നതിന് മുന്നോടിയായും ഇടയ്ക്കിടെയും വിരിച്ചു കൊടുക്കാം.

തെങ്ങിൻ തടികളും കവുങ്ങ്-പനക്ഷണങ്ങളും പുരയിടത്തിൽ വെട്ടിയിട്ട് ജീർണ്ണിക്കാൻ അവസരം കൊടുക്കരുത്.

തൈത്തെങ്ങുകളിലും ചെറിയ തൈകളിലും കൊമ്പൻചെല്ലിയുടെ ആക്രമണം കൂടെക്കൂടെ പരിശോധിച്ചു കണ്ടെത്തുക.

തെങ്ങിൻ തൈകൾ നട്ടുവളർത്തുന്നവരുടെ പക്കൽ ചെല്ലിക്കോൽ കരുതുകയും ചെല്ലിയെ കുത്തിയെടുത്തു നശിപ്പിക്കുകയും ചെയ്യുക.

കൂമ്പ് ഒടിഞ്ഞു വീണാൽ ഒട്ടും വൈകാതെ പരിശോധിച്ച് കൊമ്പൻ ചെല്ലിയാണെന്നു ബോദ്ധ്യപ്പെട്ടാൽ നിയന്ത്രണ നടപടികൾ ചെയ്യണം.

കൂമ്പു വൃത്തിയാക്കുകയും ചെല്ലി ഭക്ഷിച്ച അവശിഷ്ടങ്ങൾ പുറത്തെടുക്കുകയും ചെയ്ത ശേഷം കീടനാശിനി ലായിനി രൂപത്തിലാക്കി ഒഴിച്ചു കൊടുക്കാം. കാർബാറിൻ,എക്കാലക്സ്, കോൺഫിഡോർ തുടങ്ങിയ കീടനാശിനികൾ ഉപയോഗിക്കാം.

രാസ കീടനാശിനികൾക്കു പകരം മരോട്ടിപ്പിണ്ണാക്ക് അല്ലെങ്കിൽ വേപ്പിൻ പിണ്ണാക്ക് പൊടിച്ച് തുല്യ അളവു മണലും ചേർത്ത് യോജിപ്പിച്ച് ഉള്ളിലുള്ള ഓലക്കവിളുകളിൽ നിക്ഷേപിക്കാം.

പാറ്റാ ഗുളികകൾ ആണ്ടിൽ രണ്ടോ മൂന്നോ തവണ ഉള്ളിലുള്ള ഓലക്കവിളുകളിൽ നിക്ഷേപിക്കാം.

മെറ്റാറൈസിയം എന്ന കുമിളിനെ ചെല്ലിയുടെ പുഴുക്കൾ വളരുന്ന ചാണകക്കുഴിയിൽ തളിച്ചു കൊടുത്താൽ ഇവയെ നിയന്ത്രിക്കാം.

വളരെ ഫലപ്രദമായും എന്നാൽ അതീവ ശ്രദ്ധയോടും ചെയ്യാവുന്നതാണ് കൊമ്പൻ ചെല്ലി ഫിറമോൺ ട്രാപ്പുകൾ.

ചെല്ലി നിയന്ത്രണത്തിന് കേരകർഷകർ ഉണർന്ന് പ്രവർത്തിക്കണം. വളരെ ആഗ്രഹിച്ച് വളർത്തുന്ന തെങ്ങുകൾ മുറിഞ്ഞ കൂമ്പും ഓലകളുമായി കാണുന്നത് ആരെയാണ് വേദനിപ്പിക്കാത്തത്! തുടർന്ന് ഈ തെങ്ങുകളിൽ ഇതിനേക്കാൾ മാരകമായ കീടങ്ങളും രോഗങ്ങളും കടന്നു വരുമെന്ന സത്യവും കേരകർഷകർ മനസ്സിലാക്കണം. ■


# ചിരട്ടയിൽ ശില്പ വിസ്മയങ്ങളൊരുക്കി നൈപുണ്യ മികവുമായി ഹാഷിർ

**സിഡിബി ന്യൂസ് ബ്യൂറോ,** കൊച്ചി.

സോഷ്യൽ മീഡിയ സൈറ്റുകളിലും, കംപ്യൂട്ടർ ഗെയിമുകളിലും മുഴുകി ഇന്നത്തെ കൗമാരം കാലം കഴിക്കുമ്പോൾ ചിരട്ടയിൽ കരകൗശല ശിൽപ വിസ്മയങ്ങൾ തീർത്തു വ്യത്യസ്തനാവുകയാണ് മുഹമ്മദ് ഹാഷിർ എന്ന പതിമൂന്നുകാരൻ. തൃശൂർ ജില്ലയിൽ പുന്നയൂർക്കുളം പഞ്ചായത്തിലെ ചെറായി ഗവൺമെന്റ് ഹൈസ്ക്കൂൾ എട്ടാം ക്ലാസ്സ് വിദ്യാർത്ഥിയാണ് ഹാഷിർ. ചിരട്ടയിൽ നൈപുണ്യം തെളിയിക്കാൻ ഈ മിടുക്കന് വേണ്ടത് ഏതാനും മണിക്കൂറുകളും, അമ്പത് രൂപയിൽ താഴെ വിലയുള്ള ചുരുക്കം ഉപകരണങ്ങളും മാത്രം. ശിൽപകലയിൽ പ്രാഥമിക പരിശീലനം പോലും നേടിയിട്ടില്ലാത്ത ഹാഷിറിന്റെ നിർമ്മിതികൾ പക്ഷേ ഏതൊരു പ്രൊഫഷണൽ ശിൽപ ചാതുരിയേയും വെല്ലുന്നതാണ്. നാട്ടുകാർക്കും വീട്ടുകാർക്കും സുഹൃത്തുക്കൾക്കും ഹാഷിറിന്റെ ശിൽപങ്ങൾക്കു നല്ല ഡിമാന്റാണ്. ശില്പ നിർമ്മാണത്തിനു പുറമേ പെൻസിൽ ഡ്രോയിംങ്, ഫാബ്രിക് പെയിന്റിംങ് എന്നിവയിലും ഹാഷിർ സമർത്ഥനാണ്. ഇതിനോടകം സ്ക്കൂൾ തലത്തിൽ നിരവധി സമ്മാനങ്ങൾ ഈ ഇനങ്ങളിൽ ഹാഷിർ നേടിയിട്ടുണ്ട്.

മൂന്നാം ക്ലാസ്സ് മുതൽ ശാസ്ത്ര മേളകളിൽ മുടങ്ങാതെ പങ്കെടുക്കുന്ന ഹാഷിറിന് കരകൗശല മേഖലയിൽ പ്രചോദനമായതും ഇത്തരമൊരു മേളയിലെ പങ്കാളിത്തമാണ്. ശാസ്ത്ര മേളയിൽ പ്ലസ് ടുവിലെ ചേട്ടൻമാർ കളിമണ്ണിൽ തീർത്ത ശിൽപ മോഡലുകൾ ചിരട്ടയിൽ അനുകരിച്ചാണ് ഹാഷിർ ഈ രംഗത്തേക്ക് ചുവടു വച്ചത്. അതു വരെ കളിമൺ ശിൽപങ്ങളുമായി മേളകളിൽ പങ്കെടുത്തിരുന്ന ഹാഷിർ കളി മണ്ണിന്റെ ലഭ്യതക്കുറവ് കണക്കാക്കിയും, ഈ വിഭാഗത്തിലെ മത്സരത്തിന്റെ ആധിക്യം മനസ്സിലാക്കിയുമാണ് ചിരട്ടയിലേക്ക് തിരിഞ്ഞത്. വീടിന്റെ പറമ്പിൽ 60 തെങ്ങുകൾ ഉള്ളപ്പോൾ ചിരട്ട കിട്ടാതെ താൻ വിഷമിക്കില്ലെന്ന് ഹാഷിറിന് നല്ല നിശ്ചയം ഉണ്ടായിരുന്നു. തന്റെ വിദ്യാർത്ഥിയുടെ പ്രതിഭ, അധ്യാപകനായ ടി. വി. അബ്ബാസ് മാഷ് ശ്രദ്ധിച്ചിരുന്നു. എല്ലാ ശാസ്ത്ര മേളകളിലും ഹാഷിറിന്റെ പങ്കാളിത്തം സ്ക്കൂൾ ഉറപ്പു വരുത്തി.

പങ്കെടുത്ത മേളകളിൽ നിന്നൊന്നും ഹാഷിറിന് വെറും കയ്യോടെ മടങ്ങേണ്ടി വന്നിട്ടില്ല. ചാവക്കാട് വിദ്യാഭ്യാസ ഉപ ജില്ലാ തലത്തിൽ 2014 ലും 2015 ലും നടന്ന ശാസ്ത്ര മേളകകളിലെ വർക്ക് എക്സ് പീരിയൻസ് വിഭാഗത്തിൽ ഒന്നാം സ്ഥാനക്കാരനായിരുന്നു ഈ മിടുക്കൻ. 2014 ൽ ചിരട്ടയിൽ ഒരു ചെടിയുടെ ശിൽപം തീർത്ത് പ്രദർശിപ്പിച്ച ഹാഷിർ 2015 ൽ പൂവിട്ടു നിൽക്കുന്ന ചെടിയുടെ ശിൽപമാണ് മത്സരത്തിനെത്തിച്ചത്. ജില്ലാ തലത്തിലും ഹാഷിർ തന്റെ സാന്നിദ്ധ്യം അറിയിച്ചു എങ്കിലും മത്സരത്തിന് തയ്യാറാക്കിയ പ്രദർശന വസ്തുക്കളുടെ എണ്ണത്തിൽ വന്ന കുറവ് മൂലംകഴിഞ്ഞ മേളയിൽ മാത്രം അഞ്ചാം സ്ഥാനം കൊണ്ട് തൃപ്തിപ്പെടേണ്ടി വന്നു. എന്നാൽ ഒന്നിനൊന്നു മികച്ച കലാ സൃഷ്ടികളുമായി അടുത്ത ജില്ലാ തല മേളയിൽ ഒന്നാം സ്ഥാനം ഉറപ്പാക്കി കാത്തിരിക്കുകയാണ് ഹാഷിർ.



പഠനത്തിലും പാഠ്യേതര വിഷയങ്ങളിലും ഒരു പോലെ മികവ് പുലർത്തുന്ന ഹാഷിർ അദ്ധ്യാപകരുടെ പ്രിയ ശിഷ്യനാണ്. ചെറായി ഗവൺമെന്റ് സ്ക്കൂളിലെ ഇംഗ്ലീഷ് സോഷ്യൽ സയൻസ് അദ്ധ്യാപകനായി കുട്ടികളുടെ പ്രിയപ്പെട്ട അബ്ബാസ് മാഷ് മാറാഞ്ചേരി കേര സുരക്ഷ പ്രസിഡന്റും, പൊന്നാനി നാളികേര ഉത്പാദക കമ്പനി ചെയർമാനും കൂടിയാണ്. അദ്ദേഹമാണ് ഹാഷിറിനെ നാളികേര വികസന ബോർഡിന് പരിചയപ്പെടുത്തിയത്. ചിരട്ടയിൽ തീർത്ത ഏതാനും കരകൗശല ശില്പങ്ങളുമായാണ് ഹാഷിർ കൊച്ചിയിലെ ബോർഡിന്റെ ആസ്ഥാനത്ത് എത്തിയത്. ഹാഷിറിനെ പരിചയപ്പെട്ട്, അവന്റെ ശിൽപങ്ങൾ കണ്ട ബോർഡ് ചെയർമാൻ ശ്രീ. ടി. കെ. ജോസ് ഐ.എ.എസ്, ഈ പ്രതിഭയെ അകമഴിഞ്ഞ് അഭിനന്ദിച്ചു. സമ്മാനാർഹമായ പൂവിട്ടു നിൽക്കുന്ന ചെടിയുടെ മനോഹരമായ ശിൽപം ചെയർമാന് സമ്മാനിച്ച ശേഷമാണ് ഹാഷിർ മടങ്ങിയത്.

ഉപ്പ യഹിയ, ഉമ്മ റൈഹാനത്ത്, അനുജത്തി മൂന്നാം ക്ലാസ്സുകാരി ഹിബ, കുഞ്ഞപ്പ, കുഞ്ഞമ്മ, അവരുടെ മകൻ വല്ല്യമ്മ എന്നിവർ അടങ്ങുന്ന ഒരു വലിയ കുടുംബമാണ് ഹാഷിറിന്റേത്. ഉപ്പ യഹിയ പെയിന്റിംഗ് തൊഴിലാളിയാണ്. ഈ കുടുംബത്തിന്റെ എല്ലാ പ്രതീക്ഷകളും ഈ കൊച്ചു മിടുക്കനിൽ ആണ്. വൈക്കം മുഹമ്മദ് ബഷീറിനെ വായിക്കാൻ ഇഷ്ടപ്പെടുന്ന, കാൽപ്പന്തുകളിയിൽ നെയ്മറെ ആരാധിക്കുന്ന, ഹാഷിറിന് ഭാവിയിൽ മെക്കാനിക്കൽ എൻജിനീയർ ആകുവാനാണ് ആഗ്രഹം. എല്ലാ വിഷയങ്ങളിലും എ ഗ്രേഡ് നേടി പാസാകുന്ന തന്റെ വിദ്യാർത്ഥി തീർച്ചയായും അവന്റെ ലക്ഷ്യത്തിൽ എത്തിച്ചേരുമെന്ന് അബ്ബാസ് മാഷ് ഉറച്ച് വിശ്വസിക്കുന്നു. അവധിക്കാല ശിൽപശാല ക്ലാസ്സുകളിൽ അയച്ച് ഹാഷിറിന്റെ കഴിവ് കുറച്ചുകൂടി തേച്ചു മിനുക്കി സൂക്ഷിക്കണമെന്ന ആഗ്രഹം മാഷിനുണ്ട്. പഠനത്തോടൊപ്പം, തന്റെ കരകൗശല സൃഷ്ടികളും





മികച്ചതാക്കുവാൻ ഹാഷിറും പരിശ്രമിക്കുന്നു. ഒരു പ്രോത്സാഹനം എന്ന നിലയിൽ അവന്റെ ശിൽപങ്ങൾ വാങ്ങുവാൻ താത്പര്യമുള്ളവർക്ക് 9946334238 എന്ന നമ്പറിൽ ബന്ധപ്പെടാവുന്നതാണ്. അവധിക്കാല ശിൽപശാല ക്ലാസ്സുകളിലോ പരിശീലന കളരികളിലോ ഹാഷിറിനെ പങ്കെടുപ്പിക്കാൻ താത്പര്യമുണ്ടെങ്കിൽ 9142210619 എന്ന നമ്പറിൽ അബ്ബാസ് മാഷുമായും ബന്ധപ്പെടാം.

നാല് ചുവരുകൾക്കുള്ളിൽ കീശ കാലിയാകുന്ന ഹോബികളുമായി ന്യൂജെൻ ചടഞ്ഞു കൂടുമ്പോൾ ഹാഷിർ ഇതുവരെ ഒരു ഫേസ് ബുക്ക് അക്കൗണ്ടു പോലും തുറന്നിട്ടില്ല. ഇന്റർനെറ്റ് ഉപയോഗിക്കുന്നത് സ്കൂളിൽ മാത്രം. അതും തന്റെ ശിൽപങ്ങൾക്കു വേണ്ട മോഡലുകൾ അന്വേഷിക്കാനും കരകൗശല മേഖലയുടെ പുതിയ തലങ്ങളെക്കുറിച്ച് കൂടുതൽ അറിയുവാനും മാത്രം. ഒഴിവു സമയം സർഗ്ഗാത്മകമായി വിനിയോഗിക്കുന്ന ഈ പതിമൂന്നുകാരനെ കുട്ടികൾക്കു മാത്രമല്ല മുതിർന്നവർക്കും മാതൃകയാക്കാവുന്നതാണ്.

ചിരട്ട, ആക്സോ ബ്ലേഡ്, വാർണിഷ്, ഇത്രയും കിട്ടിക്കഴിഞ്ഞാൽ ഹാഷിർ ജോലി തുടങ്ങും. ചിരട്ടയിൽ നിന്നു പൂക്കളും ചെടികളും, മരങ്ങളും ഒക്കെ വിരിയും. മനസ്സിൽ പതിഞ്ഞ മോഡലുകൾ കൂടാതെ ഭാവനയിൽ വിരിയുന്ന ശിൽപങ്ങളും, ഉപഭോക്താക്കളുടെ ഓർഡർ പ്രകാരമുള്ള ശിൽപങ്ങളും നിർമ്മിക്കാനുള്ള തയ്യാറെടുപ്പിലാണ് ഹാഷിർ ഇപ്പോൾ. ■

*കൂടുതൽ വിവരങ്ങൾക്ക് –*
*അബ്ബാസ് മാഷ് 9142210619*
*ഹാഷിർ 9946334238*

# ബോർഡ് ജേണലുകളുടെ പരസ്യനിരക്കുകൾ

*നാളികേര വികസന ബോർഡിന്റെ പ്രസിദ്ധീകരണങ്ങളാണ് ഇന്ത്യൻ കോക്കനട്ട് ജേണൽ (ഇംഗ്ലീഷ്), ഇൻഡ്യൻ നാളികേര ജേണൽ (മലയാളം), ഭാരതീയ നാരിയൽ പത്രിക (ഹിന്ദി), ഭാരതീയ തെങ്ങുപത്രിക (കന്നട), ഇന്ത്യ തെന്നൈ ഇദഴ് (തമിഴ്), ഭാരതീയ കൊബ്ബാരി പത്രിക (തെലുങ്ക്), ഭാരതീയ നാരൾ പത്രിക (മറാഠി) എന്നിവ. ശാസ്ത്രീയ തെങ്ങുകൃഷിയേയും കേരവ്യവസായത്തേയും സംബന്ധിച്ച ലേഖനങ്ങൾ ഈ ജേണലുകളിൽ പതിവായി പ്രസിദ്ധീകരിച്ചുവരുന്നു. ഈ ജേണലുകളുടെ വരിക്കാരിലേറിയപങ്കും കർഷകർ, ഗവേഷകർ, വ്യവസായികൾ, വ്യാപാരികൾ, ലൈബ്രറികൾ തുടങ്ങിയവരാണ്.*

| പരസ്യ വലിപ്പം | ഇന്ത്യൻ കോക്കനട്ട് ജേണൽ (ഇംഗ്ലീഷ് മാസിക) | ഇന്ത്യൻ നാളികേര ജേണൽ (മലയാളം മാസിക) | ഇന്ത്യ തെന്നൈ ഇദഴ് (തമിഴ് ത്രൈമാസികം) | ഭാരതീയ തെങ്ങു പത്രിക (കന്നട ത്രൈമാസികം) | ഭാരതീയ നാരിയൽ പത്രിക (ഹിന്ദി ത്രൈമാസികം) | ഭാരതീയ കൊബ്ബാരി പത്രിക (തെലുങ്ക് അർദ്ധവാർഷികം) | ഭാരതീയ നാരൾ പത്രിക (മറാഠി അർദ്ധവാർഷികം) |
|---|---|---|---|---|---|---|---|
| ഫുൾ പേജ് – ബ്ലാക്ക് & വൈറ്റ് | Nil | Nil | 5000 | 5000 | 3000 | 5000 | 5000 |
| ഫുൾ പേജ് – കളർ | 20000 | 20000 | 10000 | 10000 | 5000 | 10000 | 10000 |
| ഹാഫ് പേജ് – ബ്ലാക്ക് & വൈറ്റ് | Nil | Nil | 3000 | 3000 | 2000 | 3000 | 3000 |
| ക്വാർട്ടർ പേജ് – ബ്ലാക്ക് & വൈറ്റ് | Nil | Nil | 1500 | 1500 | 1000 | 1500 | 1500 |
| പുറംകവർ ഉൾവശം – കളർ | 25000 | 25000 | 10000 | 10000 | 8000 | 10000 | 10000 |
| പുറംകവർ – കളർ | 30000 | 30000 | 15000 | 15000 | 10000 | 15000 | 15000 |

** ഒരു ജേണലിൽ ഒരു തവണ പരസ്യം പ്രസിദ്ധീകരിക്കുന്നതിനുള്ള നിരക്ക്.*

** * ഏതെങ്കിലും 2 പതിപ്പുകളിൽ ഒരേസമയം പരസ്യം നൽകിയാൽ 10 ശതമാനവും മൂന്നോ അതിൽ കൂടുതലോ പതിപ്പുകളിൽ ഒരേ സമയം നൽകിയാൽ 12ശതമാനവും കിഴിവ് നൽകുന്നതാണ്. നിയമാനുസൃത പരസ്യ ഏജൻസികൾക്ക് 15 ശതമാനം കിഴിവ് നൽകുന്നതാണ്.*

# തെങ്ങുകളുടെ വൃക്ഷ പദവി നീക്കി; ഗോവയിൽ കർഷക പ്രക്ഷോഭം

● **ആബെ ജേക്കബ്,** നാളികേര വികസന ബോർഡ്, കൊച്ചി





ഗോവ ഡാമൻ ദിയു വൃക്ഷ സംരക്ഷണ നിയമം 1984 ഭേദഗതി ചെയ്തുകൊണ്ട് 2016 ജനുവരി 14 ന് ഗോവ ഗവൺമെന്റ് തെങ്ങിന്റെ വൃക്ഷപദവി എടുത്തു കളഞ്ഞത് സംസ്ഥാനത്ത് നാളികേര മേഖല വലിയ പ്രതിസന്ധിയിലായിരിക്കുന്നു. ആസ്ഥാന വൃക്ഷപദവി അലങ്കരിച്ചിരുന്ന തെങ്ങിനെ ഇപ്രകാരം തരം താഴ്ത്തിയതിനെ തുടർന്ന് ഗോവയിലെ വൃക്ഷ സ്നേഹികളും നാളികേര കർഷകരും പ്രക്ഷോഭം ആരംഭിച്ചിരിക്കുകയാണ്. വൃക്ഷങ്ങളെ നിർവചിക്കുകയും, തെങ്ങിനെ സംരക്ഷിത വൃക്ഷങ്ങളുടെ പട്ടികയിൽ ഉൾപ്പെടുത്തുന്ന നിയമത്തിലെ വകുപ്പ് 1 – എ എടുത്തുകളയുകയും ചെയ്തുകൊണ്ടാണ് പുതിയ ഭേദഗതി വരുത്തിയിരിക്കുന്നത്. പുതിയ നിർവചനപ്രകാരം മരം എന്നാൽ മണ്ണിൽ നിന്ന് ഒരു മീറ്റർ ഉയരത്തിലെത്തുമ്പോൾ തടിക്ക് കുറഞ്ഞത് 10 സെന്റിമീറ്റർ എങ്കിലും വ്യാസം ഉണ്ടായിരിക്കണം. മുൻ നിർവചന പ്രകാരം മരത്തിന്റെ തടിക്ക് 30 സെന്റി മീറ്റർ ഉയരത്തിൽ 5 സെന്റിമീറ്റർ വ്യാസം ഉണ്ടായാൽ മതി.

ഇപ്പോൾ വരുത്തിയിരിക്കുന്ന നിയമ ഭേദഗതി സംസ്ഥാനത്ത് വലിയ കോലാഹലങ്ങൾക്ക് കാരണമായിട്ടുണ്ട്. ഭേദഗതി പാസായ ഉടൻ പ്രതിപക്ഷം നിയമസഭ ബഹിഷ്കരിച്ചു. സംഗുവം താലൂക്കിൽ പുതിയതായി നിർമ്മിക്കാൻ ഉദ്ദേശിക്കുന്ന ഒരു ഡിസ്റ്റിലറി യൂണിറ്റിനെ സഹായിക്കാൻ മാത്രമാണ് ഈ നിയമഭേദഗതിയെന്ന് മാധ്യമങ്ങൾ റിപ്പോർട്ട് ചെയ്യുന്നു. ബിജെപി അംഗമായ സ്ഥലം എം എൽ എയുടെതാണ് ഡിസ്റ്റിലറി സ്ഥാപിക്കാൻ ഉദ്ദേശിക്കുന്ന സ്ഥലം. ഏകദേശം 500 തെങ്ങുകൾ ഇവിടെ വളരുന്നു. പക്ഷെ സംരക്ഷിത പദവി ഉള്ളതിനാൽ തെങ്ങ് വെട്ടിയാൽ നിയമപ്രശ്നങ്ങൾ ഉണ്ടാവും. ഇതിൽ നിന്ന് കമ്പനിയെ രക്ഷിക്കാനാണ് തെങ്ങുകളുടെ വൃക്ഷ പദവി തന്നെ എടുത്തു കളയുന്നത്. വൃക്ഷങ്ങളുടെ പട്ടികയിൽ നിന്ന് തെങ്ങുകൾ പുറത്തായാൽ പിന്നെ അവ വെട്ടി നീക്കുന്നതിന് വനം വകുപ്പിന്റെ പ്രത്യേക അനുമതി വേണ്ട.

ഈ മേഖലയിലെ താമസക്കാരെല്ലാം മദ്യഡിസ്റ്റിലറി ഇവിടെ വരുന്നതിനെ എതിർക്കുന്നവരാണ്. മേഖലയിലെ ഭൂപ്രകൃതിയെ മാത്രമല്ല, സംസ്കാരത്തെയും ഭക്ഷണക്രമത്തെയും തന്നെ സ്വാധീനിക്കുന്ന വൃക്ഷമാണ് തെങ്ങ് – മദ്യലോബിക്കെതിരെ പ്രവർത്തിക്കുന്ന കർമ്മസമിതി അംഗങ്ങൾ ചൂണ്ടിക്കാട്ടുന്നു. നിയമസഭയിലെ സ്വതന്ത്ര അംഗങ്ങളും സർക്കാരിന്റെ ഈ നടപടിയെ നിശിതമായി എതിർത്തു. വേണ്ടിവന്നാൽ ഇതിന്റെ പേരിൽ പുതിയ രാഷ്ട്രിയ പാർട്ടി തന്നെ രൂപവത്ക്കരിച്ച് അടുത്തു വരാനിരിക്കുന്ന പൊതു തെരഞ്ഞെടുപ്പിൽ ഭരണകക്ഷിയെ തറ പറ്റിക്കുമെന്നു വരെ അവർ ഭീഷണിപ്പെടുത്തുന്നു.

നിയമഭേദഗതി നടപടി സംസ്ഥാനത്തിന്റെ നിലവാരതകർച്ച ത്വരിതപ്പെടുത്തുമെന്ന് സ്വതന്ത്ര എംഎൽഎ വിജയ് സർദേശായി ചൂണ്ടിക്കാട്ടുന്നു. നിയമ ഭേദഗതി നിലവിൽ വന്ന അന്നു മുതൽ ഇദ്ദേഹം തന്റെ മണ്ഡലത്തിലൂടനീളമുള്ള കർഷകർക്ക് പുതിയ തെങ്ങിൻ തൈകൾ വിതരണം ചെയ്തു വരുന്നു. ഈ സംസ്ഥാനത്തിന്റെ പ്രധാനവൃക്ഷമാണ് തെങ്ങ്. ഇത് സംസ്ഥാ



**"ആരും തെങ്ങ് വെട്ടിക്കളയുന്നില്ല. ഒരാൾ പോലും തെങ്ങ് മുറിച്ച് മാറ്റുന്നില്ല. അല്ലെങ്കിൽ അത്ര നിവൃത്തികേട് വരണം. തങ്ങളുടെ നാളികേര വൃക്ഷങ്ങളുടെ സംരക്ഷ ആവശ്യപ്പെട്ട് ആളുകൾ കോടതിയെ സമീപിച്ചു തുടങ്ങിയിരിക്കുന്നു"**

***ക്ലോഡ് അൽവാരിസ്***

നത്തന്റെ വ്യക്തിത്വത്തിന്റെ പ്രശ്നം കൂടിയാണ്. ഇതിന്റെ പേരിൽ ഒരു പ്രാദേശിക പാർട്ടി രൂപീകരണത്തിനു തന്നെ പിന്തുണ നേടാൻ ശ്രമിക്കുന്ന സർദേശായി ചൂണ്ടിക്കാട്ടുന്നു.

2015 ഡിസംബർ 18 ന് സംരക്ഷിത വൃക്ഷ നിയമഭേദഗതിക്ക് മന്ത്രിസഭ അംഗീകാരം നല്കി ബില്ല് അസംബ്ലിയിൽ വച്ചതോടെയാണ് പ്രശ്നങ്ങൾക്കു തുടക്കം. ഭേദഗതി പാസായി. ജനുവരി 11 ന് എഴുപതുകളിലെ ചിപ്കോ മോഡൽ സമരത്തെ അനുസ്മരിപ്പിച്ചുകൊണ്ട് ദേശീയ പാത 17 ൽ 50 സമരക്കാർ നാളികേര വൃക്ഷങ്ങളെ കെട്ടിപ്പിടിക്കുകയും ചെയ്തു. ഗുയിരിം ഗ്രാമത്തിലെ പ്രജൽ ശക്രാനന്ദ സമരത്തിനു നേതൃത്വം നല്കി. അതെ സമയം വിഷയത്തെ പ്രതിപക്ഷം അനാവശ്യമായി രാഷ്ടിയവത്ക്കരിക്കുകയാണ് എന്നത്രെ ഗവൺമെന്റിന്റെ ആരോപണം. ഞങ്ങൾ തെറ്റു തിരുത്തുക മാത്രമെ ചെയ്തിട്ടുള്ളു. സസ്യശാസ്ത്രപരമായി നോക്കിയാലും തെങ്ങ് വൃക്ഷങ്ങളുടെ ഗണത്തിൽ വരുന്നില്ല – മാധ്യമങ്ങളോട് സംസാരിക്കവെ സംസ്ഥാന വനം പരിസ്ഥിതി വകുപ്പ് മന്ത്രി രാജേന്ദ്ര അർലേക്കർ ചൂണ്ടിക്കാട്ടി. കേട് വന്ന് മണ്ടപോയി, മറിഞ്ഞു വീഴാറായി, പൊതുജനത്തിന് ഭീഷണിയായി നില്ക്കുന്ന തെങ്ങുകൾ മുറിച്ചു മാറ്റുന്നതിന് സൗകര്യം നല്കുക മാത്രമാണ് നിയമ ഭേദഗതി മൂലം നടപ്പിലാക്കിയിരിക്കുന്നത് എന്നതാണ് തീരുമാനത്തെ ന്യായീകരിക്കുന്ന മന്ത്രി ഭാഷ്യം. മാത്രവുമല്ല, 1984 ലെ യഥാർത്ഥ ചട്ടത്തിൽ തെങ്ങിനെ വൃക്ഷങ്ങളുടെ പരിധിയിൽ ഉൾപ്പെടുത്തിയിരുന്നില്ല. 2008 ൽ കോൺഗ്രസ് മുഖ്യമന്ത്രിയായിരുന്ന ദിംഗബര കമ്മത്താണ് അന്ന് നിയമഭേദഗതി വഴി ഇതിനെ വൃക്ഷ പരിധിയിൽ കൊണ്ടുവന്നത്. തെറ്റായ ഈ നടപടി പൊതു ജനങ്ങൾക്ക് പല തരത്തിൽ ബുദ്ധിമുട്ട് ഉളവാക്കി. രോഗം ബാധിച്ചതും പ്രായാധിക്യം മൂലം ഉത്പാദനം നിലച്ചവയുമായ വൃക്ഷങ്ങൾ മുറിച്ചു നീക്കുന്നതിന് അനുവാദം ആവശ്യമായി വന്നു. എന്നാൽ ഇപ്പോഴത്തെ ഗവൺമെന്റ് വളരെ യുക്തിരഹിതമായാണ് പ്രവർത്തിച്ചിരിക്കുന്നത്. കമ്മത്ത് ചൂണ്ടിക്കാട്ടി. അനാവശ്യമായി വ്യാപകമായി തെങ്ങുവെട്ടി ഭൂമി കെട്ടിട നിർമ്മാണത്തിന് ഉപയോഗിക്കുന്നത് തടയാനും അതുവഴി നാളികേര ഉത്പാദനം വർധിപ്പിച്ച് അത് അന്യസംസ്ഥാനങ്ങളിൽ നിന്ന് ഇറക്കുമതി ചെയ്യുന്നത് തടയാനുമാണ് 2008 ൽ തെങ്ങുകളെ നിയമ പരിധിയിൽ കൊണ്ടുവന്നത് എന്ന് കമ്മത്ത് 2016 ജനുവരി 14 ന് നിയമ സഭയെ അറിയിച്ചു.

നിയമഭേദഗതി നിലവിൽ വന്നതു മുതൽ സംസ്ഥാനത്തെ നാളികേര മേഖല കടുത്ത ഭീഷണിയും സാമ്പത്തിക ഞെരുക്കവും നേരിടുകയാണ്. ഗോവയിൽ മൊത്തം 25,000 ഹെക്ടർ നാളികേര കൃഷിയുണ്ട്. ഇത് സംസ്ഥാനത്തിന്റെ മൊത്തം ഭൂവിസ്തൃതിയുടെ 1.32 ശതമാനം വരും. വാർഷിക ഉത്പാദനം 124 ദശലക്ഷം നാളികേരമാണ്. എന്നാൽ മണ്ഡരി ബാധയെ തുടർന്നുള്ള ഉത്പാദന കുറവ്, ഗവൺമെന്റ് നിശ്ചയിച്ചിരിക്കുന്ന എട്ടു രൂപ നിരക്കിലുള്ള തുഛമായ താങ്ങുവില, തെങ്ങുകയറ്റക്കാർ, കള്ളുചെത്തുകാർ എന്നിവരുടെ ലഭ്യതക്കുറവ് തുടങ്ങിയ കാരണങ്ങളാൽ നാളികേര കൃഷിക്കാർ വലിയ പ്രതിസന്ധിയിലാണ്. മാത്രവുമല്ല, റിയൽ എസ്റ്റേറ്റ്, ടൂറിസം എന്നി മേഖലകളിൽ നിന്ന് ഭൂമി വില്ക്കാൻ ഇവർക്കുമേൽ വലിയ സമ്മർദ്ദവുമുണ്ടാകുന്നതായി മുൻ കൃഷി ഓഫീസറും ഗോവ ബൊട്ടാണിക്കൽ സൊസൈറ്റി എക്സിക്യുട്ടീവ് അംഗവുമായ മിഖായേൽ ബ്രഗാൻസാ ചൂണ്ടിക്കാട്ടുന്നു.

കഴിഞ്ഞ പത്തു വർഷമായി നാളികേരത്തിന് വില കുറവാണ്. സോപ്പു നിർമ്മാണത്തിന് വെളിച്ചെണ്ണയ്ക്കു ബദലായ മറ്റ് എണ്ണകളുടെ ഉപയോഗം, തൂൾ തേങ്ങ, നാളികേര പാൽ, വെർജിൻ കോക്കനട്ട് ഓയിൽ തുടങ്ങിയവയുടെ ഇറക്കുമതി എന്നിവയും പ്രാദേശിക നാളികേര സമൂഹത്തിന്റെ സമ്പദ്‌വ്യവസ്ഥയെ വളരെ പ്രതികൂലമായി ബാധിക്കുന്നു– അദ്ദേഹം തുടർന്നു.

എന്നിരുന്നാലും ആരും തെങ്ങ് വെട്ടിക്കളയുന്നില്ല. ഒരാൾ പോലും തെങ്ങ് മുറിച്ച് മാറ്റുന്നില്ല. അല്ലെങ്കിൽ അത്ര നിവൃത്തികേട് വരണം. തങ്ങളുടെ നാളികേര വൃക്ഷങ്ങളുടെ സംരക്ഷണം ആവശ്യപ്പെട്ട് ആളുകൾ കോടതിയെ സമീപിച്ചു തുടങ്ങിയിരിക്കുന്നു – പരിസ്ഥിതി പ്രവർത്തകനായ ക്ലോഡ് അൽവാരിസ് പറയുന്നു. അൽവാരിസിന്റെ നേതൃത്വത്തിലുള്ള ഗോവ ഫൗണ്ടേഷൻ എന്ന സംഘടനയുടെ ഇടപെടലിനെ തുടർന്ന് തെങ്ങുകൾ വെട്ടിമാറ്റി റിയൽ എസ്റ്റേറ്റ് മേഖലയിൽ ആരംഭിക്കാനിരുന്ന പല പദ്ധതികളും നിർത്തിവയ്പ്പിച്ചിരിക്കുകയാണ്. 1927 ലെ ഇന്ത്യൻ വന്ന നിയമം,1984 ലെ ഗോവ,ഡാമൻ, ദിയു വൃക്ഷ സംരക്ഷണ നിയമം എന്നിവയുടെ ലംഘനമാണെന്ന് ചൂണ്ടിക്കാട്ടിയാണ് ഈ നടപടി. വേറെയും നിരവധി പൊതു താല്പര്യ പരാതികൾ സംസ്ഥാനത്ത് തെങ്ങ് സംരക്ഷണത്തിനായി കോടതി വഴി സമാനമായ വിജയം നേടിയിട്ടുണ്ട്.

നാളികേരത്തെ മാത്രമല്ല, ഈ നിയമഭേദഗതി പ്രതികൂലമായി ബാധിക്കുന്നത്. അടിക്കാടുകൾ, മലഞ്ചെരിവുകളിൽ വളരുന്ന ചെമ്പരത്തി, കരണ്ട തുടങ്ങിയ കുറ്റിച്ചെടികൾ, കശുമാവ് ഉൾപ്പെടെയുള്ള നാണ്യവിള വൃക്ഷങ്ങൾ എന്നിവയും പുതിയ നിയമ ഭേദഗതിയുടെ മറവിൽ നശിപ്പിക്കപ്പെടുന്നു. ഇവ വെട്ടിമാറ്റുന്നതിന് ഇനി വനം വകുപ്പിന്റെ അനുമതി ആവശ്യമില്ല. സംസ്ഥാനത്തെ സസ്യ സമ്പത്തിലെ വിവിധ ഇനം ചെറു മരങ്ങളാണ് ഇതോടെ നശീകരണ ഭീഷണി നേരിടുക– ബ്രിഗാൻസാ വ്യക്തമാക്കി.

സംസ്ഥാനത്ത് തെങ്ങിനുവേണ്ടി ഇത്രയെല്ലാം കോലാഹലങ്ങൾ ഉണ്ടായിട്ടും ഗവൺമെന്റ് ഇക്കാര്യത്തിൽ അനങ്ങാപ്പാറ നയമാണ് സ്വീകരിച്ചിരിക്കുന്നത്. നിയമഭേഗദതി വിശദമായ ചർച്ചകൾക്കായി സെലക്ട് കമ്മിറ്റിക്കു വിടണമെന്ന പ്രതിപക്ഷത്തിന്റെ ആവശ്യത്തോടു പോലും ഗവൺമെന്റ് പുറം തിരിഞ്ഞ് നില്ക്കുകയാണ്. നാളികേര സംരക്ഷണത്തിനായി വേണമെങ്കിൽ പ്രത്യേക നിയമം കൊണ്ടുവരാം എന്നാണ് വിമർശനങ്ങൾക്കു അർലേക്കർ മറുപടി പറഞ്ഞത്. എന്നാലും തെങ്ങിനെ വൃക്ഷമായി അംഗീകരിക്കാനാവില്ല എന്നാണ് ഗവൺമെന്റിന്റെ നിലപാട്.

കഴിഞ്ഞ കോൺഗ്രസ് മന്ത്രിസഭിയുടെ കാലത്ത് കൊണ്ടുവന്ന എല്ലാ പരിസ്ഥിതി സംരക്ഷണ നിയമങ്ങളെയും ഈ ഗവൺമെന്റ് കാറ്റിൽ പറത്തിയിരിക്കുകയാണ് എന്ന് കോൺഗ്രസ് പാർട്ടി ആരോപിക്കുന്നു. പ്രശസ്തരും പ്രഗത്ഭരുമായ നിരവധി പരിസ്ഥിതി പ്രവർത്തകരുമായി ആലോചിച്ച് , ചർച്ചകൾ നടത്തിയശേഷമാണ് കഴിഞ്ഞ കോൺഗ്രസ് ഭരണകാലത്ത് അന്നത്തെ മുഖ്യമന്ത്രി പ്രതാപസിംങ് റാണെ 1984 ലെ വനസംരക്ഷണ നിയമം പാസാക്കിയത്. എന്തായാലും ഇപ്പോൾ ഒരു കാര്യത്തിൽ മാത്രം ഉറപ്പുണ്ട് – സംസ്ഥാനത്ത് നാളികേര മേഖലയുടെ നിലനില്പ്പ് ഭീഷണിയിൽ തന്നെ. ■




# സ്വാശ്രയത്വത്തിലൂടെ സംഘമൈത്രി സാമ്പത്തിക സമൃദ്ധിയിലേയ്ക്ക്

**മീര ചന്ദ്രൻ**
ചാർജ് ഓഫീസർ, നാളികേര വികസന ബോർഡ്, തിരുവനന്തപുരം

കൂട്ടായ്മയുടെ വിജയ ചരിത്രം ആവർത്തിക്കുകയാണ് തിരുവനന്തപുരം പള്ളിച്ചൽ കേന്ദ്രമാക്കി പ്രവർത്തിക്കുന്ന സംഘമൈത്രി എന്ന കർഷക കമ്പനിയും, അതിന്റെ ജീവനാഡികളായ ഒരു കൂട്ടം കർഷകരും. കേരളത്തിന്റെ തെക്കെ അതിർത്തിയിലുള്ള കോട്ടുകാൽ, ചെങ്കൽ, പെരുങ്കടവിള തുടങ്ങിയ കർഷക ഗ്രാമങ്ങളിൽ ഒന്നാണ് പള്ളിച്ചൽ. മണ്ണിനെ സ്നേഹിക്കുന്ന കഠിനാധ്വാനികളായ കർഷകരുടെ നാട്, നാടിനോടൊപ്പം ഹൃദയം ചേർത്തു വയ്ക്കുന്ന കർഷകർ. ഇവരുടെ സൗഹൃദവും കൂട്ടായ്മയുമാണ് സംഘമൈത്രി. കാർഷിക മേഖലയിലെ വിജയകഥകളാണ് സംഘമൈത്രിയിലെ കർഷകരുടെ അനുഭവസാക്ഷ്യങ്ങൾ.


ഇന്ത്യയ്ക്ക് സ്വാതന്ത്ര്യം കിട്ടി 66 വർഷം പിന്നിട്ടെങ്കിലും കൃഷിക്കാർ ഉത്പാദിപ്പിക്കുന്ന വിഭവങ്ങൾ സംഭരിക്കാനോ, ന്യായമായ വില നൽകാനോ കഴിയാത്തതിനാൽ രാജ്യമെമ്പാടും കർഷകർ ദുരിതങ്ങൾ അനുഭവിച്ചു വന്ന കാലഘട്ടത്തിലാണ്, 2003-ൽ ഒരു കൂട്ടം കർഷകർ നടത്തിയ ചർച്ചകളുടെ തുടർച്ചയായി 20 കർഷകർ അംഗങ്ങളായി സംഘമൈത്രി എന്ന ചെറിയ പ്രസ്ഥാനത്തിന് രൂപം നൽകിയത്. അന്ന് ശേഖരിച്ച 12000 രൂപ മൂലധനം ഉപയോഗിച്ച് വാടക കെട്ടിടത്തിലാണ് സംഘമൈത്രി പ്രവർത്തനം ആരംഭിച്ചത്. 2003 ൽ കൃഷി ഡയറക്ടർ ആയിരുന്ന, (ഇപ്പോൾ പൊതുഭരണ വകുപ്പ് സെക്രട്ടറിയായി സേവനം ചെയ്യുന്ന) ശ്രീ കെ. ആർ. ജ്യോതിലാൽ ഐഎഎസ്, കാർഷിക മേഖലയിൽ മാർക്കറ്റിംഗ് സംവിധാനത്തിനായി സംഘമൈത്രി രൂപ കൽപ്പന ചെയ്തു എന്നും വേണമെങ്കിൽ പറയാം.

സ്വാശ്രയ സംഘങ്ങളിലൂടെ കർഷകരെ ഒന്നിച്ചു നിർത്തി, വ്യക്തമായ ആസൂത്രണ വൈഭവത്തോടെയും, വിവിധ ഏജൻസികളുടെ സഹകരണത്തോടെയും ഒരു കർഷക കൂട്ടായ്മ എങ്ങനെ മുന്നോട്ടു കൊണ്ടുപോകാമെന്നതിന് ഉത്തമ മാതൃകയാണ് സംഘമൈത്രി. ഈ മുന്നേറ്റത്തിന് സംഘമൈത്രിയെ സഹായിച്ചത് സംസ്ഥാന ഹോർട്ടി കൾച്ചർ മിഷൻ ഡയറക്ടർ ഡോ. കെ പ്രതാപൻ ആയിരുന്നു. പഴം - പച്ചക്കറി മേഖലയിൽ കർഷകർ ഉണ്ടാക്കുന്ന ഉൽപ്പന്നങ്ങൾക്ക് എത്രത്തോളം മെച്ചപ്പെട്ട വിപണനം സാധ്യമാകും എന്നതിനെക്കുറിച്ചുള്ള അവ്യക്തതകൾക്കിടയിലാണ് കർഷക പക്ഷത്തു നിന്ന് ആ ദൗത്യമേറ്റെടുക്കാൻ സന്നദ്ധമായി 12 വർഷം മുൻപ് സംഘമൈത്രി രംഗത്തു വന്നത്. ഈ മാറ്റത്തിന് തുടക്കം കുറിച്ചതിന് പിന്നിൽ മണ്ണും മനുഷ്യനും തമ്മിലുള്ള ഊഷ്മള ബന്ധത്തിന്റെ ആൾരൂപമായ സംഘമൈത്രി കർഷക ഉൽപ്പാദക കമ്പനി ലിമിറ്റഡ് ചെയർമാൻ ബാലചന്ദ്രൻ നായർ ആണ്. അക്കാലത്ത് വച്ചു നീട്ടിയ സർക്കാർ ലാവണങ്ങൾ ഉപേക്ഷിച്ച് മുഴുവൻ സമയ കർഷകനാകാനുള്ള ആർജ്ജവം കാണിച്ചു അദ്ദേഹം. ഇപ്പോൾ അതിനുള്ള അംഗീകാരം അവാർഡുകളും പുരസകാരങ്ങളുമായി അദ്ദേഹത്തെ തേടിയെത്തിക്കൊണ്ടിരിക്കുന്നു. സംഘമൈത്രി എന്ന കൂട്ടായ്മ അദ്ദേഹത്തെ പ്രകൃതിയോട് കൂടുതൽ ചേർത്ത് നിർത്തി. പൂർണ്ണമായും ജൈവ വളം നൽകി

പരിസ്ഥിതിക്ക് ദോഷം വരാതെയുള്ള കൃഷി രീതിയാണ് ബാലചന്ദ്രൻ നായരുടെ കാർഷിക വൃത്തിയെ വ്യത്യസ്തമാക്കുന്നത്.

മുഴുവൻ സമയ കൃഷിക്കാർക്കൊപ്പം കൃഷിയോട് ആഭിമുഖ്യമുള്ള അഭിഭാഷകർ, ഭിഷഗ്വരർ, ചലച്ചിത്ര പ്രവർത്തകർ തുടങ്ങിയ സമൂഹത്തിന്റെ വിവിധ ശ്രേണികളിൽ പ്രവർത്തിക്കുന്നവരടങ്ങിയ വലിയ കൂട്ടുകുടുംബമാണ് സംഘമൈത്രി കർഷക ഉൽപ്പാദക കമ്പനി ലിമിറ്റഡ്. 2013- ലെ കണക്കനുസരിച്ച് തിരുവനന്തപുരം ജില്ലയിൽ 3500 എ ക്ലാസ് അംഗങ്ങളും 400 ബി ക്ലാസ് അംഗങ്ങളും ഉണ്ടായിരുന്ന കമ്പനിയിൽ 2015 ആയപ്പോഴേക്കും 6500 എ ക്ലാസ് അംഗങ്ങളും 600 ബി ക്ലാസ് അംഗങ്ങളും ഉണ്ടായിരിക്കുന്നു. ഈ കൂട്ടായ്മയാണ് സംഘമൈത്രിയുടെ ബലം. ദേശീയ പാതയോരത്ത് 25 സെന്റ് സ്ഥലവും 15000 ചതുരശ്ര അടി മന്ദിരവും ഏഴ് വാഹനങ്ങളും സംഘമൈത്രിയ്ക്ക് ഇപ്പോൾ സ്വന്തമായുണ്ട്. സംഘമൈത്രിയുടെ കീഴിൽ തിരുവനന്തപുരം ജില്ലയിൽ 25 സംഭരണ കേന്ദ്രങ്ങളും അഞ്ച് ചില്ലറ വില്പന കേന്ദ്രങ്ങളും പ്രവർത്തിക്കുന്നു. പള്ളിച്ചൽ, നിലമേൽ, കാർഷിക കോളേജ്, മലയിൻകീഴ്, മാറനല്ലൂർ, കാട്ടാക്കട, പെരുമ്പഴുതൂർ, ചെങ്കൽ, അമരവിള., കൊടാങ്ങവിള, മാരായമുട്ടം, ആനാവൂർ, കുറ്റിയാണിക്കാട്, കോട്ടുകാൽ, പടപ്പിത്തോട്ടം, പോത്തൻകോട്, നെടിഞ്ഞൽ, പഴയകട, മുതലായ സ്ഥലങ്ങളിലാണ് സംഘമൈത്രിയുടെ പ്രധാന സംഭരണ ശാലകൾ. എല്ലാ കാർഷിക മേഖലകളിലും സംഘമൈത്രിയുടെ കളക്ഷൻ സെന്ററുകൾ ഉണ്ട്. ഈ സംവിധാനത്തെ നിയന്ത്രിക്കാൻ ഒരു ഉദ്യോഗസ്ഥരും ഇല്ല. എല്ലാം കർഷകരും അവരുടെ കുടുംബങ്ങളും നേരിട്ടാണ് നടത്തിക്കൊണ്ട് പോകുന്നത്. കൃഷിക്കാരുടെ താൽപര്യാർത്ഥം മുന്നോട്ട് വരുന്ന പൊതു പ്രവർത്തകരെ നിഷ്ഠുരമായി അവഹേളിക്കുകയും അവരുടെ പ്രവർത്തനങ്ങളെ തടസപ്പെടുത്തുകയും ചെയ്യുന്ന പ്രവണതയാണ് ഇന്ന് ഗവൺമെന്റ് വകുപ്പുകളിൽ കാണപ്പെടുന്നത് എന്ന് ബാലചന്ദ്രൻ ആരോപിക്കുന്നു. ഒരു കാര്യം എല്ലാവരും ഓർമ്മിക്കുന്നത് നന്ന് - കൃഷിക്കാരനില്ലാതെ ഇവിടെ ഭക്ഷണം ഇല്ല. അതിനാൽ കൃഷിക്കാരന് മാന്യമായ സ്ഥാനവും അംഗീകാരവും നല്കേണ്ടത് പൊതു സമൂഹത്തിന്റെ ഉത്തരവാദിത്വമാണ്.

അംഗങ്ങളായ കൃഷിക്കാരുടെ വിത്തു മുതൽ വിപണി വരെയുള്ള എല്ലാ ആവശ്യങ്ങളിലും സംഘമൈത്രി ജാഗ്രത പുലർത്തി വരുന്നു. കർഷകൻ 100 രൂപയുടെ ഉല്പന്നം വിൽക്കുമ്പോൾ 5 രൂപ സംഘ മൈത്രിക്ക് കമ്മീഷൻ ലഭിക്കുന്നത്. കർഷകർ നേരിട്ടു തന്നെ സംഘമൈത്രി വഴി വിപണനം നടത്തി വരുന്നു. ഈ 5 രൂപയിൽ 2.5 രൂപ സംഘത്തിന്റെ പ്രവർത്തനത്തിനു വേണ്ടി മാറ്റി വയ്ക്കുകയും ബാക്കി വരുന്ന 2.5 രൂപ കർഷകന് ഓണത്തിന് 10 ദിവസം മുൻപായി ബോണസ് തുകയായി നൽകുന്നു. സംഘമൈത്രിയുടെ ഒരു ദിവസ്സത്തെ വിറ്റുവരവ് എന്നു പറയുന്നത് ഏകദേശം 9 ലക്ഷം രൂപയാണ്. വാഴക്കുലകളുടെ ഉൽപാദന വർദ്ധനവിനായി 33 ലക്ഷം രൂപയാണ് സബ്സിഡി ഇനത്തിൽ സംസ്ഥാന ഹോർട്ടികൾച്ചർ മിഷൻ സംഘമൈത്രിയ്ക്ക് അനുവദിച്ചത്. 370 കർഷകർ നട്ട് വളർത്തിയ 3.33 ലക്ഷം വാഴകൾക്കാണ് ഈ തുക ധനസഹായമായി ലഭിച്ചത്. ഹോർട്ടികൾച്ചർ മിഷന്റെ ഈ കൈതാങ്ങ് കാർഷിക മേഖലയിൽ ഉറച്ച് നിൽക്കാൻ കർഷകരിൽ ആത്മവിശ്വാസം ഉണർത്തി. ഇതിനു പുറമെ സംഘമൈത്രിയുടെ അടിസ്ഥാന സൗകര്യം ഒരുക്കാൻ 3.75 ലക്ഷം രൂപ അനുവദിക്കുകയും ഇത് ഉപയോഗിച്ച് ഇലക്ട്രോണിക് ത്രാസ് കാർഷിക ഉൽപന്നങ്ങൾ കേട് കൂടാതെ സൂക്ഷിക്കാനുള്ള ശീതീകരണ മുറി തുടങ്ങി, നിരവധി സംവിധാനങ്ങൾ സ്ഥാപിക്കുകയും ചെയ്തു.



*ആധുനിക രീതിയിൽ നേന്ത്രക്കായ് ചിപ്സ് നിർമ്മിക്കുന്ന യന്ത്രം*

2014 ഏപ്രിൽ മാസത്തിൽ സംഘമൈത്രി വികസനത്തിന്റെ ഒരു ഘട്ടം കൂടി പിന്നിട്ടു. നേന്ത്രക്കായ് ചിപ്സ് നിർമ്മാണം, ശീതീകരിച്ച അറകളിൽ ആരോഗ്യ സൗഹൃദ രീതിയിൽ നേന്ത്രക്കായും മറ്റും പഴുപ്പിക്കാനുള്ള സംവിധാനം, എന്നിവ അടങ്ങുന്ന 2500 ചതുരശ്ര അടി വിസ്തൃതിയിലുള്ള പുതിയ യൂണിറ്റ് പ്രവർത്തന സജ്ജമാക്കി. രാഷ്ട്രീയ കൃഷി വികാസ് യോജന പദ്ധതി പ്രകാരം സംസ്ഥാന ഹോർട്ടി കൾച്ചർ മിഷന്റെ സഹായത്തോടെയാണ് മുക്കാൽ കോടി രൂപയുടെ ഈ പദ്ധതി യാഥാർത്ഥ്യമായത്. ഇതിന് ആവശ്യമായുള്ള മുഴുവൻ തുകയും സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂറിൽ നിന്നും 14% പലിശ നിരക്കിൽ വായ്പ എടുത്തു. രാഷ്ടിയ കൃഷി വിജ്ഞാൻ യോജനയുടെ ധനസഹായമായിട്ടുളള 25% സംഘമൈത്രിക്ക് ലഭിക്കുകയുണ്ടായി. 20 ലക്ഷം രൂപ മുടക്കി ഇൻഡോറിലെ Indore se auditing good solution എന്ന സ്ഥാപനത്തിൽ നിന്ന് ആധുനിക രീതിയിൽ നേന്ത്രക്കായ് ചിപ്സ് നിർമ്മിക്കുന്ന യന്ത്രം വാങ്ങിയത്. മാങ്ങ, നേന്ത്രക്കായ, പപ്പായ തുടങ്ങിയവ പഴുപ്പിക്കാനും കേടുകൂടാതെ സൂക്ഷിക്കാനും പറ്റിയ അഞ്ച് ടൺ സംഭരണ ശേഷിയുളള ശീതികരണ മുറികൾ ഒരുക്കുവാൻ 30 ലക്ഷം രൂപയും, ജനറേറ്റർ, അനുബന്ധ സംവിധാനങ്ങൾ എന്നിവയ്ക്ക് 75 ലക്ഷം രൂപയുമാണ് സംഘമൈത്രിക്ക് ചിലവായത്. വാഴക്കുലകളുടെ ഉൽപാദന വർദ്ധനവിനായി 33 ലക്ഷം രൂപ സബ്സിഡി ഇനത്തിൽ സംസ്ഥാന ഹോർട്ടി കൾച്ചർ മിഷൻ സംഘമൈത്രിക്ക് അനുവദിക്കുകയുണ്ടായി. 500 ൽ പരം നേന്ത്രവാഴ കർഷകരുള്ള സംഘമൈത്രിക്ക് വാഴത്തോട്ടത്തിൽ കേന്ദ്ര കിഴങ്ങുവിള ഗവേഷണ സ്ഥാപനം പുറത്തിറക്കിയ മരിച്ചീനി ഇലയിൽ നിന്നുള്ള

ജൈവ കീടനാശിനികളായ 'നന്മ'യും 'മേന്മ'യും പ്രയോഗിച്ച് രാസകീടനാശിനികൾ മാറ്റിനിർത്തിയാണ് ചിപ്സ് നിർമ്മാണത്തിനുപയോഗിക്കുന്നതിനുള്ള നേന്ത്രവാഴക്കുലകൾ ഉത്പാദിപ്പിക്കുന്നത്. മണിക്കൂറിൽ 50 കിലോ വറുക്കാൻ ശേഷിയുള്ള നേന്ത്രക്കായ് ചിപ്സ് നിർമ്മിക്കുന്ന യന്ത്രത്തിൽ, സാധാരണ വറുക്കാൻ ആവശ്യമായ എണ്ണയുടെ പത്തിലൊരംശം പോലും വേണ്ട. അതുകൊണ്ട് തന്നെ എണ്ണയുടെ അംശമില്ലാത്ത ചിപ്സ് എന്ന പ്രത്യേകതയുമുണ്ടിതിന്. 300 ഗ്രാം ചിപ്സ് വറുക്കാൻ വെറും 3 ഗ്രാം വെളിച്ചെണ്ണ മതി. ഒരിക്കൽ വറുത്ത എണ്ണ വീണ്ടും ഉപയോഗിക്കുന്നില്ല. തൊലി പൊളിച്ച നേന്ത്രക്കായ യന്ത്രത്തിലിട്ടാൽ തുല്യ വലിപ്പത്തിൽ മുറിച്ച് കുറച്ച് മാത്രം എണ്ണ ഉപയോഗിച്ച് മിനിട്ടുകൾക്കകം അത് വറുത്തത് റെഡിയായി വരും. പാകത്തിന് ഉപ്പ്, കുരുമുളക്, മുളക് പൊടി, പുതിന തുടങ്ങിയ കൂട്ടുകളും ചേർത്ത് തികച്ചും സ്വാഭാവികമായി തയ്യാറാക്കുന്ന ചിപ്സ് കരസ്പർശം ഏൽക്കാതെ ഗുണമേന്മയോടെ പൗച്ചുകളിൽ വിപണിയിൽ എത്തിക്കുന്നു.

നേന്ത്രൻ, രസകദളി, കാവേരി, ചുവന്ന കപ്പ തുടങ്ങി എല്ലാവിധ വാഴക്കായ്കളും മാമ്പഴം, പേരയ്ക്ക, പപ്പായ, സപ്പോട്ട, കൈതചക്ക, തക്കാളി തുടങ്ങിയ വിളകളും തണുപ്പിച്ച് പഴുപ്പിക്കുന്ന 5 ടൺ വീതം ശേഷിയുള്ള നാലു മുറികളാണ് സജ്ജമാക്കിയിരിക്കുന്നത്. കഴുകി വൃത്തിയാക്കിയ കായ്കൾ ക്രേറ്റുകളിൽ നിറച്ചാണ് മുറികളിൽ വയ്ക്കുന്നത്. 18 – 19 ഡിഗ്രി ഊഷ്മാവ് നിലനിർത്തി അതിൽ സ്വാഭാവിക എത്തിലിൻ വാതകം ആദ്യത്തെ 18 മണിക്കൂറിൽ അര മണിക്കൂർ വീതം കടത്തിവിടും. ഈ സമയം എത്തിലിൻ വാതകം പഴവുമായി സമ്പർക്കം പുലർത്തി പഴുപ്പിക്കൽ പ്രക്രിയ തുടങ്ങും. ഒപ്പം കാർബൺ വാതകം പുറന്തള്ളാനും സംവിധാനമുണ്ട്. ശുദ്ധ വായു കടത്താനും കഴിയും. ഒരു മണിക്കൂർ ഇടവിട്ട് 10 മിനിട്ട് വീതം ഇങ്ങനെ സ്വയം നിയന്ത്രിത രീതിയിൽ യന്ത്രം പ്രവർത്തിച്ചുകൊണ്ടിരിക്കും. അഞ്ചു ദിവസം കഴിയുമ്പോൾ പഴങ്ങൾ സ്വാഭാവിക നിറം കൈവന്ന് പഴുക്കും. ഓരോ ഫലത്തിനും വ്യത്യസ്ത അളവിലാണ് എത്തിലിൻ പ്രയോഗിക്കുക.

ഇങ്ങനെ പഴുപ്പിക്കുന്ന പഴങ്ങൾ സാധാരണ അന്തരീക്ഷത്തിൽ 10 ദിവസം വരെയും, 10 ഡിഗ്രി സെൽഷ്യസിൽ ൽ ഒരു മാസം വരെയും കേടുകൂടാതെ ഇരിക്കുമെന്ന് ചെയർമാൻ ശ്രീ. ബാലചന്ദ്രൻ അവകാശപ്പെടുന്നു. 10 കർഷകരെ ത്രിശ്ശിനാപ്പിള്ളി ദേശീയ വാഴ ഗവേഷണ കേന്ദ്രത്തിൽ പരിശീലനത്തിനയച്ച് അവരുടെ നേതൃത്വത്തിലാണ് കായ് പഴുപ്പിക്കലും ചിപ്സ് നിർമ്മാണവും നടത്തി വരുന്നത്. കേരളത്തിൽ ആദ്യമായാണ് ഇത്തരം ഒരു സംരംഭം. കേരളത്തിൽ എത്തുന്ന പഴങ്ങളിൽ നല്ലൊരു പങ്കും കാർബൈഡ് ഉപയോഗിച്ച് പഴുപ്പിച്ച് ആരോഗ്യ പ്രശ്നങ്ങൾ ഉണ്ടാക്കുന്നവയാണ്. അതുകൊണ്ട് തന്നെ ഈ സംരംഭം ഭക്ഷ്യ സുരക്ഷയ്ക്ക് മുതൽക്കൂട്ടാകുന്നു. കേരളത്തിനു മാതൃകയായി തീരുന്ന ഈ പദ്ധതി ഹോർട്ടികൾച്ചർ മിഷന്റെ ശ്രമഫലമായാണ് യാഥാർത്ഥ്യമായത് എന്ന് ചെയർമാൻ കൃതജ്ഞതയോടെ പറയുന്നു. 5 സെന്റ് സ്വന്തമായുള്ള സംഘമൈത്രി കർഷകർക്ക് കൃഷിയുടെ അടിസ്ഥാനത്തിൽ 10 ലക്ഷം വരെ Indian Bank ൽ നിന്നും, Canara Bank ൽ നിന്നും നൽകി വരുന്നു. കൂടാതെ കൃത്യമായി വായ്പ തിരിച്ചടയ്ക്കുന്നവർക്ക് 4 ശതമാനം പലിശ മാത്രമേ അടയ്ക്കേണ്ടതുള്ളു. 60 കഴിഞ്ഞ് അവശരായി കഴിയുന്ന കർഷകർക്ക് 2000 രൂപ ചികിത്സാ ചിലവിനായും സംഘമൈത്രി നൽകുന്നു. കർഷകരിൽ ഭൂരിഭാഗവും പാട്ട കർഷകരായതിനാൽ ഇവർക്ക് ഭൂമി കിട്ടുന്നതിന് സംഘമൈത്രി ജാമ്യം നിൽക്കുന്നു.

പഴം – പച്ചക്കറി മേഖലകളിലെ ആധുനിക പ്രവണതകളും ശാസ്ത്രീയമായ കൃഷി രീതികളും സംഘാംഗങ്ങൾക്ക് പരിചയപ്പെടുത്തുന്നതിനായി. നിരന്തരമായ പരിശീലന പരിപാടികളും സംഘമൈത്രി വേദി ഒരുക്കുന്നു. നാഷണൽ ഹോർട്ടികൾച്ചർ മിഷന്റെ ആഭിമുഖ്യത്തിൽ കർഷകർക്ക് എൻ. ആർ. സി. ബി. ൽ വച്ചും ഇന്ത്യൻ വെജിറ്റബിൾ റിസർച്ചും സെന്ററർ വാരണാസ്സിയിൽ വച്ചും 25 പേർ അടങ്ങുന്ന കർഷക ഗ്രൂപ്പിന് ട്രെയിനിംഗ് നൽകുന്നുണ്ട്. സംഘമൈത്രി കർഷകർക്ക് പകർന്ന് നൽകുവാൻ മടിക്കുന്നില്ല.

ദേശീയ വാഴ ഗവേഷണ കേന്ദ്രത്തിന്റെ സഹായത്തോടെ വാഴയിൽ നിന്നുള്ള മൂല്യ വർദ്ധിത ഉൽപന്നങ്ങളുണ്ടാക്കനുള്ള പരിശീലനം സംഘടിപ്പിക്കുകയും കർഷകരുണ്ടാക്കുന്ന വൈൻ, ജാം, അച്ചാർ, ഉപ്പേരി തുടങ്ങിയവ സംഭരിച്ച് ലാഭകരമായി വിപണനം ചെയ്യാനുള്ള സംവിധാനമൊരുക്കുകയും ചെയ്യുന്നുണ്ട്. വാഴകൃഷിയിലെ പ്രായോഗിക കൂട്ടായ്മയുടെ സാധ്യതകൾ മനസ്സിലാക്കാൻ സംസ്ഥാനത്തിന് അകത്തു നിന്നും പുറത്തുനിന്നുമായി നിരവധി കർഷകരും സംഘങ്ങളും ഇവിടം സന്ദർശിക്കുന്നുണ്ട്. വിപണനത്തിന് കിടയറ്റ സൗകര്യമൊരുക്കുന്നതോടൊപ്പം തന്നെ കർഷകർക്ക് മികച്ച വിളക്കൊരുക്കുന്നതിനു വേണ്ട സഹായങ്ങൾ പകർന്നു നൽകുന്നതിലും ബദ്ധശ്രദ്ധമാണ്. ഗുണമേന്മയുളള നടീൽ വസ്തുക്കൾ ലഭ്യമാക്കുകയെന്ന പ്രാഥമിക കാര്യം മുതൽ സംഘമൈത്രിയുടെ ഇടപെടൽ കാണാം. കൃഷിചെയ്യുന്നവർ മാത്രമാണ് സംഘമൈത്രിയുടെ നിർവാഹക സമിതി അംഗങ്ങൾ. ഇവർ മാത്രം കുറഞ്ഞത് ഒന്നേ മുക്കാൽ ലക്ഷം വാഴ സ്ഥിരമായി കൃഷി ചെയ്തു വരുന്നുവെന്നത്. ഇത്തരം ഒരു സംഘത്തിന്റെ വേറിട്ട പ്രത്യേകതയാണ്.

പൊതുയോഗത്തിലൂടെ തെരഞ്ഞെടുക്കുന്ന ഭാരവാഹികളാണ് സംഘമൈത്രിയുടെ ഭരണം നിയന്ത്രിക്കുന്നത്. ചെയർമാൻ സെക്രട്ടറി, ട്രഷറർ, എക്സിക്യൂട്ടീവ്, കമ്മിറ്റിയംഗങ്ങൾ എന്നിവരാണ് ഭാരവാഹികൾ. ആർ. ബാലചന്ദ്രൻ നായർ (ചെയർമാൻ), എം. ജയിംസ് (എം.ഡി), ബി. വിൽസൺ (ഡയറക്ടർ), റ്റി. വാമദേവൻ (ഡയറക്ടർ), ആർ. സതീശൻ (ഡയറക്ടർ), റ്റി. സുകുമാരൻ നായർ (ഡയറക്ടർ), എം. ജോൺസൺ (ഡയറക്ടർ), എം. ശിവൻ (ഡയറക്ടർ), ഡി. ഷിബു (ഡയറക്ടർ), ഈ പറയുന്ന വ്യക്തികൾ ആകുന്നു സംഘമൈത്രിയുടെ നെടുംതൂണ് എന്നത് പറയേണ്ട കാര്യം തന്നെയാണ്.

കൂടുതൽ ചില്ലറ വില്പനശാലകൾ തുറന്ന്, കർഷകർക്ക് അവരുടെ ഉൽപ്പന്നങ്ങൾ അവിടെയെത്തിക്കാനുള്ള സൗകര്യവുമുണ്ടാക്കുക എന്നതാണ് നിലവിൽ സംഘമൈത്രി ഏറ്റെടുത്തിരിക്കുന്ന പ്രധാന പ്രവർത്തനം. തങ്ങളുടെ മേഖലയിൽ ചുറ്റും നടക്കുന്ന മാറ്റങ്ങൾ തുറന്ന മനസ്സോടെ നോക്കിക്കാണാനും, അതിനനുസരണമായി സ്വയം സജ്ജരാവാനും സംഘമൈത്രിയും അതിന്റെ പ്രധാന അമരക്കാരനായ ബാലചന്ദ്രൻ നായരും നടത്തുന്ന പ്രവർത്തനങ്ങൾ ശ്ലാഘനീയമാണ്. ഒത്തൊരുമയുടെ പുതിയ അധ്യായങ്ങളുമായി സ്വാശ്രയത്വത്തിന്റെ സഹകരണത്തിന്റെയും, പാതയിലൂടെ സമൃദ്ധിയിലേക്ക് നീങ്ങുന്ന ഈ കൂട്ടായ്മ നമ്മുടെ മുന്നിൽ തുറന്നിടുന്നത് അനുകരണീയവും കാലികപ്രസക്തവുമായ ഒരു മാതൃകയാണ്. വരു നാളുകളിൽ കയറ്റുമതി ചെയ്യുന്നതിന് പദ്ധതി ആരംഭിച്ചു കഴിഞ്ഞു. ആറായിരത്തോളം 'എ' ക്ലാസ് കർഷകരും പ്രതിവർഷം 30 കോടിയിലേറെ വിറ്റുവരവുള്ള സംഘമൈത്രിയുടെ പ്രവർത്തനത്തിൽ ഒരു പുതിയ അധ്യായത്തിനു കൂടെ വഴി തുറക്കുകയാണ് ഈ നൂതന സംരംഭം. ■

# തെങ്ങും നീരയും
## ഗോപാലേട്ടന്റെ സ്വപ്നങ്ങളും

ഗോപാലേട്ടൻ നടക്കുകയാണ്... 34 വർഷത്തെ പോലീസ് സി.ബി.ഐ സേവനത്തിന് ശേഷം നീരയുടേയും തെങ്ങിന്റേയും സാദ്ധ്യതകളുമായി; വീടുകളിലും സി.പി.എസ്, സി.പി.എഫ് ഭാരവാഹികളേയും സി.പി.സി ചെയർമാൻമാരെയും ഡയറക്ടേഴ്സിനേയും കണ്ട് ബോധവൽകരിക്കുന്നു. മന്ത്രിമാർക്കും, എം.പി - എം.എൽ.എമാർക്കും നിവേദനങ്ങൾ കൊടുക്കുന്നു. 15 വർഷമായി ഈ നടത്തം തുടങ്ങിയിട്ട്..

അങ്ങിനെയിരിക്കെ 4 വർഷം മുമ്പ് ചെയർമാൻ ടി.കെ ജോസിന്റെ നേതൃത്വത്തിൽ സി.ഡി.ബി-യുടെ പുത്തൻ പദ്ധതികളുമായി രംഗത്ത് വന്നപ്പോൾ ഗോപാലേട്ടന്റെ ആഗ്രഹങ്ങൾക്ക് ചിറക് മുളക്കാൻ തുടങ്ങി.

നാളികേര വികസന ബോർഡ് എന്ന ഒരു സ്ഥാപനം നാട്ടിലുണ്ടെന്ന് ജനങ്ങൾ അറിഞ്ഞു. തെങ്ങിൽ നിന്ന് 100-ൽ പരം ഉത്പന്നങ്ങൾ ഉണ്ടാക്കാം എന്നും; അതുകൊണ്ട് തന്നെ തെങ്ങിന് അനന്തസാദ്ധ്യതകൾ ആണെന്നും ജനങ്ങൾ മനസ്സിലാക്കി. നീര എന്ന അമൃത പാനീയത്തിൽ ആൽക്കഹോൾ ഒട്ടും ഇല്ലെന്നും; കുട്ടിക്ക് അമ്മിഞ്ഞപാൽപോലെ പ്രധാനമാണിതെന്നും ജനങ്ങൾ അറിഞ്ഞു. കേരളത്തിലെ തൊഴിലില്ലായ്മക്കും (തൊഴിൽ എടുക്കായ്കക്കും) സാമ്പത്തിക മുരടിപ്പിനും ഇതൊരു പരിഹാരമാണെന്നുമുള്ള പ്രതീക്ഷ ജനങ്ങളിൽ ഉണർത്തും.

സി.ഡി.ബി ബൃഹത്തായ ഒരു ത്രിതല പദ്ധതി ജനങ്ങളുടെ മുന്നിൽ അവതരിപ്പിച്ചു. ആ ത്രിതല സംവിധാനം ചെയ്യേണ്ടുന്ന പണികളും ഏറ്റെടുക്കേണ്ടുന്ന ഉത്തരവാദിത്വങ്ങളും അവരെ ബോദ്ധ്യപ്പെടുത്തി. താഴെത്തട്ടിൽ കേരകർഷകരുടെ കൂട്ടായ്മ (സി.പി.എസ്) അതിനുമുകളിൽ കേരകർഷക സംഘങ്ങളുടെ ഫെഡറേഷൻ. ഇതെല്ലാം സൊസൈറ്റീസ് ആക്ട് അനുസരിച്ച് റജിസ്റ്റർ ചെയ്യുന്നു. ഫെഡറേഷനുകൾ അംഗങ്ങളായുള്ള കമ്പനി (സി.പി.സി); അതിനുമുകളിൽ കമ്പനികളുടെ മേൽനോട്ടം നിർവഹിക്കാൻ സി.ഡി.ബിയുടെ നേതൃത്വത്തിൽ 'കമ്പനീസ് കൺസോർഷ്യം'.

സി.ഡി.ബി-യുടെ ഈ പദ്ധതികൾ മലബാറിൽ വ്യാപകമായതിൽ ഗോപാലേട്ടനെ പോലുള്ളവരുടെ സേവനം സ്തുത്യർഹമാണ്. കോഴിക്കോടും പരിസര ജില്ലകളിലും ഇജട, ഇജഎ, ഇജഇ എന്നിവ കെട്ടിപടുക്കുന്നതിൽ അദ്ദേഹം നിർണ്ണായക പങ്കുവഹിച്ചു. ഒരു തുണി സഞ്ചിയും തൂക്കി നാടുനീളെ നടക്കുമ്പോൾ തന്റെ സഞ്ചിയിൽ കർഷകരെ സംഘടിപ്പിക്കാനും ബോധവത്കരിക്കാനും ആവശ്യമായ 'ടൂളുകൾ' ഉണ്ടാകും. ഒരു ഫെഡറേഷന്റേയും പ്രസിഡണ്ടാകാതെ; ഒരു കമ്പനിയുടേയും ചെയർമാനാകാതെ!!

കോഴിക്കോട് ജില്ലയിലെ 'കുട്ടമ്പൂരിൽ' ഒരു കർഷക കുടുബത്തിൽ ജനിച്ച്, തെങ്ങിന്റെ 'പരിരക്ഷ' കൊണ്ട് ജീവിച്ച് 1965-ൽ ലക്ഷദ്വീപ് പോലീസിൽ ചേർന്നു. 22 വർഷത്തെ ദ്വീപ് വാസമാണ് തെങ്ങ് എന്ന അത്ഭുത വൃക്ഷത്തിന്റെ മാഹത്മ്യം ഗോപാലേട്ടനെ ബോധ്യപ്പെടുത്തിയത്. അക്കാലത്തെ കേരളത്തിലെ ജീവിതമാർഗം തെങ്ങുമാത്രമാണ്. പിന്നെ നെൽവയലുകളും. മൂന്നോ-നാലോ ഏക്കർ തെങ്ങുള്ളവർ സമൂഹത്തിൽ സമ്പന്നരായിരുന്ന അന്ന് സ്റ്റേറ്റിന്റെ പ്രധാന സാമ്പത്തിക ചാലകം തെങ്ങാണ്.

ഹരിത സമൃദ്ധവും ശാന്ത ഗംഭീരവുമായ ഇവിടുന്ന് പ്രക്ഷുബ്ദമായി ആടിയുലയുന്ന കടലും കടന്ന് ദ്വീപിൽ ഇറങ്ങിയപ്പോൾ ആകെ ഒരു അങ്കലാപ്പായിരുന്നു. തന്നെയുമല്ല ദ്വീപിലെ ആദ്യത്തെ പോലീസ് സ്റ്റേഷൻ തുടങ്ങുന്നതേയുള്ളൂ. അതുകൊണ്ട് അടിസ്ഥാന സൗകര്യങ്ങൾ വളരെക്കുറവാണ്. പിന്നീട് നീണ്ട 22 വർഷം; കല്യാണം പോലും കഴിക്കേണ്ടെന്ന് തോന്നിച്ചകാലം. മണൽകൂടി കിടക്കുന്ന പവിഴപ്പുറ്റ് തുരുത്തുകൾ, വിചിത്ര വിശ്വാസികളും പ്രാകൃതരുമായ മനുഷ്യർ. കുഷ്ഠവും മന്തും വ്യാപിച്ചതുകൊണ്ട് 'ഐസൊലേഷൻ ഏരിയകൾ'തന്നെ അന്നത്തെ ദ്വീപിലുണ്ടായിരുന്നു. കുറേ ഇരുകാലി മൃഗങ്ങളും തെങ്ങുകളും മാത്രം. എപ്പോഴും അടങ്ങാത്ത കാറ്റ്. അടിസ്ഥാന സൗകര്യങ്ങൾ ഒന്നുമില്ല. രണ്ടുമാസം കൂടുമ്പോൾ വരുന്ന കപ്പലാണ് പുറംലോകവുമായി ബന്ധപ്പെടുത്തുന്ന ഏക മാർഗം. എല്ലാ സാധനങ്ങളും കപ്പലിൽ എത്തുമെങ്കിലും കിട്ടാൻ ക്യൂ നിൽക്കണം.

കുറഞ്ഞ ശമ്പളംകൊണ്ട് ജീവിതം മുന്നോട്ട്കൊണ്ടുപോകാൻ കഴിയാതെ വിരസമായ സാഹചര്യത്തിൽ ജീവിതം തള്ളിനീക്കിയവരിൽ ചിലർ; നിരാശരായി കാലിന്റെ പെരുവിരൽകൊണ്ട് 'റൈഫിൾ കാഞ്ചി' അമർത്തി നെഞ്ച് പിളർന്ന് യൂണിഫോമിൽ മരിച്ചവരും വിരലിൽ എണ്ണാവുന്നതിലേറെയാണ്.

അന്നത്തെ ദ്വീപ് നിവാസികൾക്ക് പുറമെ നിന്ന് വരുന്നവർ 'കാഫിറങ്ങൾ' ആണ്. അവരുടെ ആചാരങ്ങളും വിശ്വാസങ്ങളും നശിപ്പിക്കുവാൻ വരുന്നവർ. അതുകൊണ്ട് സർക്കാർ സാധാരണ ജനങ്ങളുമായുള്ള ബന്ധത്തിന് നിയന്ത്രണം ഏർപ്പെടുത്തിയിരുന്നു.

ഈയൊരു പശ്ചാത്തലത്തിലാണ് തെങ്ങ് ഏക രക്ഷകനാകുന്നത്. അതിന്റെ അത്ഭുത സാന്നിദ്ധ്യം മനുഷ്യന് എത്ര ആശ്വാസകരമാണ് എന്ന് അറിയുന്നത്. ദ്വീപിലെ ജനങ്ങൾക്ക് ജീവിക്കാൻ ആകെ രണ്ട് മാർഗങ്ങളാണുള്ളത്. ഒന്നാമതായി തെങ്ങ് കൃഷി, രണ്ടാമതായി മത്സ്യ ബന്ധനം. അതിൽ തന്നെ മെയ് മാസം മുതൽ ഒക്ടോബർ വരെ കടൽ പ്രക്ഷുബ്ദമായിരിക്കും. ആയതിനാൽ മത്സ്യബന്ധനം ഏറെക്കുറെ അസാധ്യമാണ്. അപ്പോൾ ആശ്രയം തെങ്ങ് മാത്രം. മനുഷ്യന്റെ ജീവസന്ധാരണത്തിന് തെങ്ങിന്റെ വിവിധ സാധ്യതകൾ പരമാവധി അവർ ഉപയോഗിച്ചു. തെങ്ങിൽ നിന്ന് ഉൽപന്നങ്ങളുണ്ടാക്കി കയറ്റുമതി ചെയ്യാനുള്ള സാങ്കേതിക വിദ്യകൾ അന്നുണ്ടായിരുന്നില്ല എന്നാലും തെങ്ങുമായി ഒരു 'പൊക്കിൾക്കൊടി ബന്ധം' അവർ

കാത്തു സൂക്ഷിച്ചു പോന്നു.

അങ്ങനെയിരിക്കെ 1965 ഡിസംബർ മാസത്തിൽ ദ്വീപിൽ ഭീകരമായ കൊടുങ്കാറ്റും വെള്ളപൊക്കവുമുണ്ടായി. കാറ്റിന്റെ താണ്ഡവത്തിൽ തെങ്ങുകൾ നടുവൊടിഞ്ഞ് പാറിപോകുന്നത് കൺമുന്നിൽ ഗോപാലേട്ടൻ കണ്ടു. ആ ദുരന്തത്തിൽ 98000 തെങ്ങുകൾ കടപുഴകി വീണു. ചിലത് കടലിലേക്ക് ഒഴുകി. പിറ്റേന്നും അതിന്റെ പിറ്റേന്നും അവ ശവം കണക്കെ കരക്കടിഞ്ഞു. 25000 കുടുബങ്ങൾക്ക് വീടില്ലാതായി. അതിശയകരമായ കാര്യം ഈ ദുരന്തത്തിൽ കാര്യമായ ആൾനാശം ഉണ്ടായില്ല എന്നതാണ്. അവിടുത്തെ പ്രകൃതിയോട് മല്ലടിച്ച് ദുരന്തത്തെ നേരിടാൻ അവർ പ്രതിരോധം നേടിയതുകൊണ്ടാകാം അങ്ങിനെ സംഭവിച്ചത്.

വെള്ളം കയറി മുങ്ങിപോയ പോലീസ് സ്റ്റേഷനിൽ നിന്ന് റൈഫിളും, 'ആംസ് ബോക്സും' മുങ്ങിയെടുത്ത് ഉയരംകൂടിയ പ്രദേശത്ത് ആരെയും രക്ഷപ്പെടുത്താനാവാതെ; സ്വയം രക്ഷപ്പെടാനാവാതെ കഴിഞ്ഞ ഭീകര ദിനങ്ങൾ. നിശ്ശേഷം നശിച്ചെന്ന് കരുതിയിടത്തുനിന്ന് ഒരു 'ഫീനിക്സ് പക്ഷി'പോലെ തെങ്ങ് അവരെ പുനഃസൃഷ്ടിച്ചു. കൊടുങ്കാറ്റിനു ശേഷം നാമാവശേഷമായ അവിടെ പുനർജ്ജനിയുടെ വിത്തുകൾ പാകിയത് തെങ്ങാണ്. വീണതും ചരിഞ്ഞതും നിൽക്കുന്നതുമായ തെങ്ങുകളെ അവർ അതിനുപയോഗിച്ചു.

ഓലയിൽ മടഞ്ഞ കുട്ടകളുണ്ടാക്കി അതിൽ ഉണക്കമീൻ നിറച്ച് പേക്ക്ചെയ്യാൻ കേരളത്തിലേക്ക് കയറ്റി അയച്ചും, തടിമുറിച്ച് ഈർന്ന് കയറ്റി അയച്ചും, മണ്ണ് ഒഴുകി പോകുന്നിടത്ത് കുറ്റി നാട്ടി മടഞ്ഞ ഓലകൊണ്ട് തടസ്സങ്ങളുണ്ടാക്കിയും അങ്ങിനെ തടിയും, മടലും, കുലയും, കുലച്ചിലും, കൊതുമ്പും, നാളികേരവും, ഇളനീരും, നീരയും, ചിരട്ടയും, ചകിരിയും, ചൂട്ടും, കൊപ്രയും, ബോൾ കൊപ്രയും ഒക്കെയായി എല്ലാം അവർ ഉപയോഗിച്ചു. അവിടെ മനുഷ്യന് ഉപയോഗിക്കാവുന്നതായിട്ട് തെങ്ങ് മാത്രമേ ഉണ്ടായിരുന്നുള്ളൂ.

ഫ്രെഷ് ആയ ഭക്ഷണം കിട്ടണമെങ്കിൽ ദ്വീപ് നിവാസികൾക്ക് തെങ്ങിനെയോ കടലിനേയോ ആശ്രയിക്കണം. ഭക്ഷണ ലഭ്യതകുറവ് രോഗങ്ങൾക്ക് കാരണമാകുമെന്നവർ ഭയപ്പെട്ടു. അപ്പോഴാണ് നീര ഇതിനൊരു പരിഹാരമാവുമെന്ന് മനസ്സിലായത്. അങ്ങിനെയാണ് ഗോപാലേട്ടന് നീര ഒരു ശീലമാകുന്നത്. രോഗം വന്ന് നാട്ടിലെത്തി ചികിത്സിച്ചപ്പോൾ ഡോക്ടർമാർ നീരയുടെ പ്രാധാന്യം എടുത്തു പറഞ്ഞു.

1980-90 കാലഘട്ടത്തിൽ വെളിച്ചെണ്ണ കൊളസ്ട്രോളിന് കാരണമാണെന്ന ആഗോള എണ്ണ കമ്പനികളുടെ പ്രചാരണം ശക്തമായി. വെളിച്ചെണ്ണ മാത്രം ഉപയോഗിച്ചിരുന്ന; മാധ്യമ സ്വാധീനം ഏറെയുള്ള കേരള ജനതയിൽ ഇത് പെട്ടെന്ന് ഏശി. തെങ്ങിനേയും, വെളിച്ചെണ്ണയേയും ധാരാളം ഉപയോഗിച്ച് ജീവിക്കുന്ന ദ്വീപിലെ ജനങ്ങൾക്ക് ഹൃദ്രോഗങ്ങൾ വളരെക്കുറവാണെന്നും വെളിച്ചെണ്ണ സുലഭമായി ഉപയോഗിക്കുന്ന ഇടങ്ങളിൽ രോഗപ്രതിരോധശേഷിയടക്കം ആരോഗ്യപരമായ പല ഗുണങ്ങളും ഉണ്ടെന്ന് മറിച്ച് പ്രചരിപ്പിക്കാൻ നമുക്ക് കഴിഞ്ഞില്ല.

ദ്വീപിലെ അനുഭവം ഗോപാലേട്ടന് 'കേര-അള' ത്തിന്റെ നാട്ടിലെ തെങ്ങിൻ തോപ്പുകളിൽ സ്വപ്നാടനങ്ങൾക്ക് വഴികളായി. ഒരു വിളിപാടകലെയുള്ള ദ്വീപിൽ നീര 'ഹലാൽ' ആണെങ്കിൽ കേരളത്തിലെ കർഷകരെ രക്ഷിക്കാൻ നീരക്ക് കഴിയില്ലേ? അങ്ങനെയായി ഗോപാലേട്ടന്റെ ചിന്തകൾ.

എ.പി.ജെ അബ്ദുൾകലാം, വാജ്പേയ്, എം.എസ്. സ്വാമിനാഥൻ, ആർ. ഹേലി തുടങ്ങിയവർ പലപ്പോഴായി നീരയുടേയും, തെങ്ങിന്റെയും മൂല്യവർദ്ധിത സാദ്ധ്യതകൾ എടുത്തു പറഞ്ഞതും ഗോപാലേട്ടന് ആവേശമായി.

ഈ അവസരത്തിലാണ് CBI ഇൻസ്പെക്ടറായി ഗോപാലേട്ടൻ റിക്രൂട്ട് ചെയ്യപ്പെടുന്നത്. അധികം വൈകാതെ മികച്ച സേവനത്തിനുള്ള രാഷ്ട്രപതിയുടെ അംഗീകാരവും കിട്ടി. 12 വർഷം ഇന്ത്യയിലെ വിവിധ ഭാഗങ്ങളിലെ സേവനത്തിന് ശേഷം ഇആക എന്ന 'കൂട്ടിലടച്ച തത്ത'യിൽ നിന്നും ഗുജറാത്തിൽ വെച്ച് സ്വയം വിരമിച്ച് നാട്ടിലേക്ക് തിരിക്കുമ്പോൾ തെങ്ങും നീരയുമായിരുന്നു മനസ്സിൽ.

അതിനിടക്ക് വയനാട്ടിൽ എ.സി വർക്കിയുടെ നേതൃത്വത്തിൽ ഫാമേഴ്സ് റിലീഫ് ഫോറം നീര സമരം ശക്തമാക്കി. നിയമം ലംഘിച്ച് നീര ചെത്തി. അതറിഞ്ഞ് സമരത്തിന് ഐക്യദാർഢ്യം പ്രകടിപ്പിച്ച് ഇവിടന്ന് *ഈയാച്ചേരി കുഞ്ഞികൃഷ്ണനേയും, **സിവിക് ചന്ദ്രനേയും കൂട്ടി സി.ബി.ഐ ഗോപാലേട്ടൻ വയനാട്ടിലെത്തി. പക്ഷേ സമരമുഖത്താണെങ്കിലും നിയമം ലംഘിക്കുന്നതിനോട് ഗോപാലേട്ടന് താൽപര്യമില്ല. എന്നാൽ നീര യാഥാർത്ഥ്യമാകുകയും വേണം. നീര സമരത്തിന് പിന്തുണകൊടുക്കുന്നതോടൊപ്പം ഗോപാലേട്ടൻ നിവേദനങ്ങളും പരിവേദനങ്ങളുമായി ഭരണാധികാരികളെ സമീപിച്ചുകൊണ്ടേയിരുന്നു. ഏതു ചടങ്ങിലും ക്ഷണിക്കാതെ കയറിച്ചെന്ന് ഭരണാധികാരികളോട് തെങ്ങിൽ നിന്ന് നീരയടക്കം ധാരാളം ഉത്പന്നങ്ങൾ ഉണ്ടാക്കാമെന്നും അതിന് നിയമാനുമതി വേണമെന്നും, ട്രെയിനിങ് ഇൻസ്റ്റിറ്റ്യൂട്ട് തുടങ്ങണമെന്നും ആവശ്യപ്പെടും.

അങ്ങിനെയിരിക്കുമ്പോഴാണ് സി.ഡി.ബി പുതിയ പദ്ധതികളുമായി രംഗത്തു വരുന്നത്. അതോടുകൂടി ആവേശപൂർവ്വം അതിന്റെ പ്രചാരകനായി മാറി ഗോപാലേട്ടൻ. തന്റേതായ രീതിയിൽ നാളികേര വെള്ളം സംസ്കരിക്കാനുള്ള പുതിയമാർഗ്ഗങ്ങളും അദ്ദേഹം വികസിപ്പിച്ചു.

സബ്സിഡി മേടിച്ചെടുക്കുന്നതിനപ്പുറം മൂല്യവർദ്ധിത ഉത്പന്നങ്ങളെപ്പറ്റി ആരും ചിന്തിക്കുന്നതേയില്ല. കമ്മറ്റികളിൽ ഭാരവാഹികളായി, കർഷക കൂട്ടായ്മകളിലും പൊതുവേദികളിലും രാഷ്ട്രീയകക്ഷികളുടെ പ്രതിനിധികളായി മുൻ നിരയിൽ സാന്നിദ്ധ്യം ഉറപ്പിക്കാനും, ദീർഘ നേരം ആശംസാപ്രസംഗം നടത്താനും പിറ്റേദിവസം മാധ്യമങ്ങളിൽ ഫോട്ടോ വരുത്തി കർഷകനേതാക്കളായി സർക്കാരിൽ നിന്നും വല്ലതും സ്വന്തമാക്കാനും ശീലിച്ച നേതാക്കളാണ് കർഷകരായി വേഷം കെട്ടുന്നവർ. അത്തരക്കാർക്ക് അദ്ധ്വാനത്തിന്റെയും വിയർപ്പിന്റെയും വില അറിയില്ല. ഇവർ ദ്വീപ് നിവാസികളെ കണ്ട് പഠിക്കട്ടെ.

സി.ഡി.ബി പദ്ധതി പ്രകാരം ഏഴായിരത്തി ഇരുനൂറോളം സി.പി.എസുകളും നാനൂറ്റമ്പിലേറെ സി.പി.എഫുകളും ഇരുപതിലേറെ കമ്പനികളുമായി പദ്ധതി പടർന്നു പന്തലിച്ചു. പക്ഷേ അതിൽ പൂത്തതും കായ്ച്ചതും വളരെക്കുറച്ചുമാത്രം. അതിന് സി.ഡി.ബിക്കും ചെയർമാനും ഇനിയും അവസരങ്ങൾ ഉണ്ടാകുമെന്ന് പ്രതീക്ഷിച്ചുകൊണ്ട്; അതുകൂടെ കാണാനുള്ള നടത്തത്തിലാണ് ഗോപാലേട്ടൻ.

ആ നടത്തം ഇന്നും അങ്ങിനെ തുടർന്നുകൊണ്ടേയിരിക്കുന്നു.

* സംസ്ഥാന മദ്യ വിരുദ്ധ സമിതിയുടെ പ്രസിഡണ്ട്, ഗാന്ധിയൻ സാംസ്കാരിക പ്രവർത്തകൻ

** സാംസ്കാരിക പ്രവർത്തകൻ, എഴുത്തുകാരൻ, പ്രഭാഷകൻ

രഘുപ്രസാദ് പി.സി, പ്രസിഡണ്ട്, ഇരുവഞ്ഞി നാളികേര ഉത്പാദക സൊസൈറ്റീസ് ഫെഡറേഷൻ മുക്കം. ■

# ചെമ്മീൻ ഇളവൻ തേങ്ങ

ഇന്ത്യൻ നാളികേര ജേണലിന്റെ വായനക്കാരായ വീട്ടമ്മമാർക്കു വേണ്ടിയുള്ള പംക്തി - കേര പാചകം. നാളികേരവും കരിക്കും തേങ്ങാപ്പാലും മറ്റും മുഖ്യ ചേരുവയായി ഉപയോഗിച്ച തയാറാക്കുന്ന വിഭവങ്ങളാണ് ഈ പംക്തിയിലൂടെ പരിചയപ്പെടുത്തുന്നത്. പാചക വിദഗ്ധനും നെടുമ്പാശേരി ഫ്ളോറ എയർപോർട്ട് ഹോട്ടലിലെ എക്സിക്കുട്ടിവ് ഷെഫുമായ റോയ് ജോസഫ് പോത്തനാണ് വായനക്കാർക്കുവേണ്ടി ഈ പാചകക്കുറിപ്പുകൾ തയാറാക്കുന്നത്. ബൊൺസൈഡെ ഹൗസ് എഡിൻബർഗ്, കൊച്ചിയിലെ വൈറ്റ് ഫോർട്ട്, അവന്യൂ റിജന്റ്, താജ് മലബാർ തുടങ്ങിയ ഹോട്ടലുകളിൽ സേവനമനുഷ്ഠിച്ചിട്ടുള്ള റോയിക്ക് ഈ മേഖലയിൽ 25 വർഷത്തെ പരിചയമുണ്ട്. ഏഷ്യനെറ്റ്,ജീവൻ,അമൃത തുടങ്ങിയ ചാനലുകളിൽ പാചക പരിപാടികൾ അവതരിപ്പിക്കുന്നുണ്ട്. കോട്ടയം ജില്ലയിലെ വെളിയന്നൂർ സ്വദേശിയാണ്.

*ഫോൺ - 9495325526 ,8157994173*





## ആവശ്യമുള്ള ചേരുവകൾ

കരിക്ക് - 2 എണ്ണം
ചെമ്മീൻ - 120 ഗ്രാം
സവാള - 80 ഗ്രാം
ഇഞ്ചി - 05 ഗ്രാം
വെളുത്തുള്ളി - 05 ഗ്രാം
പച്ചമുളക് - 2 എണ്ണം
കറിവേപ്പില- 05 ഗ്രാം
മല്ലിയില - 05 ഗ്രാം
വെളിച്ചെണ്ണ - 3 ടേബിൾ സ്പൂൺ
ഉപ്പ് - ആവശ്യത്തിന്
കാഷ്മീരി മുളകുപൊടി - 2 ടേബിൾ സ്പൂൺ
മഞ്ഞൾ പൊടി - 1 ടീ സ്പൂൺ
മല്ലി പൊടി - 1 ടേബിൾ സ്പൂൺ



## തയാറാക്കുന്ന വിധം

എണ്ണ ചൂടാക്കുക, അതിലേയ്ക്ക് ഇഞ്ചി, പച്ചമുളക്, കറിവേപ്പില എന്നിവ ഇട്ട് വഴറ്റുക. ഇത് നന്നായി വഴന്നു കഴിയുമ്പോൾ സവാള കൂടി ചേർത്ത് വീണ്ടും വഴറ്റുക. തുടർന്ന് ഇതിലേയ്ക്ക് മസാല പൊടികൾ ചേർക്കുക. അത് ചൂടായ ശേഷം ചെമ്മീൻ ചേർത്ത് പാകത്തിന് വെള്ളം ചേർത്ത് വേവിക്കുക. ഈ കറിക്കൂട്ട് വെന്തു പാകമാകുമ്പോൾ കഷണങ്ങളാക്കി വച്ചിരിക്കുന്ന കരിക്ക് ചേർത്ത് അടുപ്പിൽ നിന്ന് മാറ്റുക.



# നാളികേര ഉത്പന്ന കയറ്റുമതി ഉയർന്നു തന്നെ

കെ.എസ്. സെബാസ്റ്റ്യൻ
അസിസ്റ്റന്റ് ഡയറക്ടർ (എക്സ്പോർട്ട് പ്രൊമോഷൻ), നാളികേര വികസനബോർഡ്, കൊച്ചി-11

2016 ഏപ്രിൽ മാസത്തെ നാളികേര ഉത്പന്ന കയറ്റുമതി 133.64 കോടി രൂപയിലെത്തി. മുൻ വർഷം ഏപ്രിലിലെ കയറ്റുമതി മൂല്യം 123.35 കോടി മാത്രം ആയിരുന്നു. 2015 ഏപ്രിലിനെ അപേക്ഷിച്ച് വെളിച്ചെണ്ണ, കൊപ്ര, ഡെസിക്കേറ്റഡ് കോക്കനട്ട് എന്നീ ഉത്പന്നങ്ങളുടെ കയറ്റുമതിയിൽ ശ്രദ്ധേയമായ വർദ്ധനവുണ്ടായതായി കാണുന്നു. 2016 ഏപ്രിലിൽ ഇന്ത്യയിൽ നിന്നും കയറ്റുമതി ചെയ്യുന്ന പ്രധാനപ്പെട്ട നാളികേര ഉത്പന്നങ്ങളുടെ വിവരങ്ങൾ പട്ടിക-1 ൽ നൽകിയിരിക്കുന്നു.

പട്ടിക 1 : 2016 ഏപ്രിൽ മാസത്തിലെ നാളികേര ഉത്പന്ന കയറ്റുമതി

| ക്രമ നമ്പർ | ഉത്പന്നം | ഏപ്രിൽ 2015 | | ഏപ്രിൽ 2016 | |
|---|---|---|---|---|---|
| | | അളവ് (മെട്രിക് ടൺ) | മൂല്യം (ലക്ഷം രൂപയിൽ) | അളവ് (മെട്രിക് ടൺ) | മൂല്യം (ലക്ഷം രൂപയിൽ) |
| 1 | ഉത്തേജിത കരി | 5352.88 | 5456.01 | 5238.11 | 5367.60 |
| 2 | കോക്കനട്ട് ഫാറ്റി ആസിഡ് സോപ്പുകൾ | | 253.72 | | 198.60 |
| 3 | കോക്കനട്ട് ഹെയർ ക്രീം | | 27.95 | | 30.05 |
| 4 | വെളിച്ചെണ്ണ | 529.90 | 1116.28 | 889.93 | 1399.08 |
| 5 | കോക്കനട്ട് ഹെയർ ഓയിൽ | | 132.95 | | 190.07 |
| 6 | കരിക്കിൻ/ തേങ്ങവെള്ളം | | 46.51 | | 99.74 |
| 7 | കൊപ്ര | 151.46 | 151.92 | 1222.63 | 850.58 |
| 8 | തൂൾ തേങ്ങ | 318.26 | 477.04 | 1208.35 | 1225.73 |
| 9 | കൊട്ട തേങ്ങ | 1993.13 | 2266.53 | 1756.69 | 1673.66 |
| 10 | പച്ച തേങ്ങ | 2443.21 | 909.52 | 3163.08 | 979.45 |
| 11 | ചിരകിയ തേങ്ങയുടെ കാമ്പ് | 140.48 | 302.45 | 215.85 | 370.25 |
| 12 | ബേർഡ് ഫീഡർ, ഐസ്ക്രീം കപ്പ് | 123.20 | 71.28 | 213.53 | 148.15 |
| 13 | ചിരട്ടക്കരി | 639.60 | 207.26 | 404.12 | 155.65 |
| 14 | വെർജിൻ വെളിച്ചെണ്ണ | 143.79 | 458.00 | 14.71 | 41.60 |
| 15 | മറ്റു നാളികേര ഉത്പന്നങ്ങൾ | | 457.43 | | 634.16 |
| | **ആകെ** | | **12334.86** | | **13364.36** |




## ഉത്തേജിത കാർബൺ

2016 ഏപ്രിലിൽ ഇന്ത്യയിൽ നിന്നും 5238.11 മെട്രിക് ടൺ ഉത്തേജിത കാർബൺ കയറ്റുമതി ചെയ്യുകയുണ്ടായി. ഇന്ത്യയിൽ നിന്നും ഈ കാലയളവിൽ കൂടുതൽ ഉത്തേജിത കാർബൺ ഇറക്കുമതി ചെയ്തിരിക്കുന്നത് അമേരിക്കയാണ്. രണ്ടാം സ്ഥാനത്ത്, നിൽക്കുന്നത് ബ്രിട്ടൺ ആണ്. ഇന്ത്യയിൽ നിന്നും ഉത്തേജിത കാർബൺ ഇറക്കുമതി ചെയ്തിരിക്കുന്ന പ്രധാന രാജ്യങ്ങൾ താഴെ പട്ടിക -2 ൽ കൊടുത്തിരിക്കുന്നു.


**പട്ടിക 2 – ഇന്ത്യയിൽ നിന്നും വിവിധ രാജ്യങ്ങളിലേക്കായി 2016 ഏപ്രിൽ മാസത്തിൽ നടത്തിയ ഉത്തേജിത കാർബൺ കയറ്റുമതി**

| ക്രമ നമ്പർ | രാജ്യം | അളവ് (മെ. ടണ്ണിൽ) | മൂല്യം (ലക്ഷം രൂപയിൽ) |
|---|---|---|---|
| 1. | അമേരിക്ക | 902.63 | 963.36 |
| 2. | ബ്രിട്ടൺ | 525.46 | 531.48 |
| 3. | സൗത്ത് കൊറിയ | 468.66 | 474.71 |
| 4. | കാനഡ | 342.20 | 342.34 |
| 5. | ജർമ്മനി | 326.80 | 365.17 |
| 6. | ശ്രീലങ്ക | 286.10 | 261.56 |
| 7. | ഫിലിപ്പീൻസ് | 248.48 | 261.23 |
| 8. | തുർക്കി | 230.03 | 188.80 |
| 9. | ഇറ്റലി | 187.20 | 152.79 |
| 10. | സൗത്ത് ആഫ്രിക്ക | 182.65 | 193.55 |
| 11. | നെതർലാൻസ് | 175.50 | 168.21 |
| 12. | റഷ്യ | 152.00 | 159.24 |
| 13. | ടാൻസാനിയ | 119.00 | 134.08 |
| 14. | ചൈന | 105.23 | 148.06 |
| 15. | ഫ്രാൻസ് | 101.40 | 112.09 |
| 16. | പപ്പുവ ന്യൂ ഗിനിയ | 88.00 | 86.856 |
| 17. | തായ്‌ലാന്റ് | 85.85 | 85.26 |
| 18. | ജപ്പാൻ | 84.70 | 114.45 |
| 19. | ബെൽജിയം | 79.60 | 71.07 |
| 20. | എസ്റ്റോണിയ | 62.00 | 72.21 |
| 21. | അർജന്റീന | 60.00 | 58.08 |
| 22. | ഇറാൻ | 57.20 | 58.16 |
| 23. | മറ്റു രാജ്യങ്ങൾ | 367.42 | 364.83 |
| | ആകെ | **5238.11** | **5367.60** |




## ഡെസിക്കേറ്റഡ് കോക്കനട്ട് (തൂൾ തേങ്ങ)

2016 ഏപ്രിൽ മാസത്തിൽ ഇന്ത്യയിൽ നിന്നും 1208.35 മെട്രിക് ടൺ ഡെസിക്കേറ്റഡ് കോക്കനട്ട് കയറ്റുമതി ചെയ്യുകയുണ്ടായി. 2015 ഏപ്രിൽ മാസത്തിലെ ഡെസിക്കേറ്റഡ് കോക്കനട്ട് കയറ്റുമതി 318.26 മെട്രിക് ടൺ മാത്രമായിരുന്നു. ഇന്ത്യയിൽ നിന്നും ഡെസിക്കേറ്റഡ് കോക്കനട്ട് കയറ്റുമതി ചെയ്ത പ്രധാന രാജ്യങ്ങളുടെ വിവരങ്ങൾ പട്ടിക 3 ൽ കൊടുത്തിരിക്കുന്നു.




**പട്ടിക 3 : ഇന്ത്യയിൽ നിന്നും വിവിധ രാജ്യങ്ങളിലേക്ക് 2016 ഏപ്രിൽ മാസത്തിൽ നടത്തിയ ഡെസിക്കേറ്റഡ് കോക്കനട്ട് കയറ്റുമതി**


| ക്രമ നമ്പർ | രാജ്യം | അളവ് (മെ. ടണ്ണിൽ) | മൂല്യം (ലക്ഷം രൂപയിൽ) |
|---|---|---|---|
| 1. | യു. എ. ഇ | 436.86 | 429.86 |
| 2. | സൗദി അറേബ്യ | 245.40 | 257.00 |
| 3. | ഈജിപ്ത് | 204.00 | 207.62 |
| 4. | അമേരിക്ക | 77.52 | 74.83 |
| 5. | ബ്രസീൽ | 50.00 | 55.31 |
| 6. | പോളണ്ട് | 50.00 | 49.39 |
| 7. | യെമെൻ | 27.00 | 25.08 |
| 8. | ഫ്രാൻസ് | 26.00 | 29.08 |
| 9.. | അൾജീരിയ | 25.00 | 23.42 |
| 10. | ഖത്തർ | 25.00 | 28.13 |
| 11. | ഇസ്രായേൽ | 13.00 | 13.01 |
| 12. | ബഹ്റിൻ | 12.50 | 18.12 |
| 13. | നേപ്പാൾ | 11.08 | 10.27 |
| 14. | മറ്റു രാജ്യങ്ങൾ | 5.00 | 4.59 |
| | **ആകെ** | **1208.35** | **1225.73** |

## കൊട്ടത്തേങ്ങ

2016 ഏപ്രിൽ മാസത്തിൽ 1756.69 മെട്രിക് ടൺ കൊട്ടത്തേങ്ങ ഇന്ത്യയിൽ നിന്നും കയറ്റുമതി ചെയ്യുകയുണ്ടായി. ഇതിൽ 1221.03 മെട്രിക് ടൺ ഇറാനിലേക്കായിരുന്നു. വിവിധ രാജ്യങ്ങളിലേക്ക് ഈ കാലയളവിൽ ഉണ്ടായ കൊട്ടത്തേങ്ങയുടെ കയറ്റുമതി വിവരങ്ങൾ പട്ടിക-4 ൽ കൊടുത്തിരിക്കുന്നു.

പട്ടിക - 4 : ഇന്ത്യയിൽ നിന്നും വിവിധ രാജ്യങ്ങളിലേക്ക്
2016 ഏപ്രിൽ മാസത്തിൽ നടത്തിയ കൊട്ടത്തേങ്ങ കയറ്റുമതി

| ക്രമ നമ്പർ | രാജ്യം | അളവ് (മെ. ടണ്ണിൽ) | മൂല്യം (ലക്ഷം രൂപയിൽ) |
|---|---|---|---|
| 1. | ഇറാൻ | 1221.03 | 1172.73 |
| 2. | യു. എ. ഇ | 455.54 | 363.37 |
| 3. | പാക്കിസ്ഥാൻ | 48.00 | 47.47 |
| 4. | മറ്റു രാജ്യങ്ങൾ | 32.13 | 90.09 |
| 5. | **ആകെ** | **1756.69** | **1673.66** |




## വെളിച്ചെണ്ണ

2016 ഏപ്രിൽ മാസത്തിൽ ഇന്ത്യയിൽ നിന്നുള്ള വെളിച്ചെണ്ണ കയറ്റുമതി 889.93 മെട്രിക് ടണ്ണിലെത്തി. 2015 ഏപ്രിൽ മാസത്തിലെ കയറ്റുമതി 529.90 മെട്രിക് ടൺ മാത്രമായിരുന്നു.


യുഎഇ, മ്യാൻമർ, ശ്രീലങ്ക, സൗദി അറേബ്യ, ഒമാൻ, അമേരിക്ക, ഖത്തർ, കുവൈറ്റ്, പാക്കിസ്ഥാൻ, ബ്രിട്ടൺ, ബഹ്റിൻ, നെതർലാൻസ്, മുതലായ രാജ്യങ്ങളിലേക്കാണ് വെളിച്ചെണ്ണ പ്രധാനമായും കയറ്റുമതി ചെയ്യുന്നത്.





പട്ടിക 5 : ഇന്ത്യയിൽ നിന്നും വിവിധ രാജ്യങ്ങളിലേക്ക്
2016 ഏപ്രിൽ മാസത്തിൽ നടത്തിയ വെളിച്ചെണ്ണ കയറ്റുമതി

| ക്രമ നമ്പർ | രാജ്യം | അളവ് (മെ. ടണ്ണിൽ) | മൂല്യം (ലക്ഷം രൂപയിൽ) |
|---|---|---|---|
| 1. | യു. എ. ഇ | 204.67 | 307.00 |
| 2. | മ്യാൻമാർ | 130.28 | 203.04 |
| 3. | ശ്രീലങ്ക | 124.34 | 123.12 |
| 4. | സൗദി അറേബ്യ | 85.65 | 131.90 |
| 5. | ഒമാൻ | 66.22 | 75.33 |
| 6. | അമേരിക്ക | 43.58 | 122.03 |
| 7. | ഖത്തർ | 33.26 | 53.22 |
| 8. | കുവൈറ്റ് | 20.91 | 29.84 |
| 9. | പാക്കിസ്ഥാൻ | 20.75 | 39.90 |
| 10. | ബ്രിട്ടൺ | 16.45 | 42.77 |
| 11. | ബഹ്റിൻ | 11.21 | 24.79 |
| 12. | നെതർലാൻസ് | 7.38 | 23.97 |
| 13. | മറ്റു രാജ്യങ്ങൾ | 125.23 | 222.17 |
| | **ആകെ** | **889.93** | **1399.08** |




## പച്ചത്തേങ്ങ

2016 ഏപ്രിൽ മാസത്തിൽ പച്ചത്തേങ്ങ (തൊണ്ട് ഉരിഞ്ഞത്) കയറ്റുമതി 3163.08 മെട്രിക് ടണ്ണായി രേഖപ്പെടുത്തി. നിലവിൽ പച്ചത്തേങ്ങ ഏറ്റവും അധികം കയറ്റുമതി ചെയ്യുന്നത് യു. എ. ഇ ലേക്കാണ്. യു.എ.ഇ ലേയ്ക്ക് മാത്രമായി ഈ കാലയളവിൽ 1794.11 മെട്രിക് ടൺ പച്ചത്തേങ്ങ കയറ്റുമതി ചെയ്യുകയുണ്ടായി.വിവിധ രാജ്യങ്ങളിലേക്ക് ഈ കാലയളിൽ കയറ്റുമതി ചെയ്ത പച്ചത്തേങ്ങയുടെ വിവരങ്ങൾ പട്ടിക 6ൽ കൊടുത്തിരിക്കുന്നു.



പട്ടിക 6: ഇന്ത്യയിൽ നിന്നും വിവിധ രാജ്യങ്ങളിലേക്ക് 2016 ഏപ്രിൽ മാസത്തിൽ നടത്തിയ പച്ചത്തേങ്ങ കയറ്റുമതി

| ക്രമ നമ്പർ | രാജ്യം | അളവ് (മെ. ടണ്ണിൽ) | മൂല്യം (ലക്ഷം രൂപയിൽ) |
|---|---|---|---|
| 1. | യു. എ. ഇ | 1794.11 | 538.23 |
| 2. | ബ്രിട്ടൺ | 348.36 | 139.34 |
| 3. | ബഹറിൻ | 146.25 | 46.80 |
| 4. | ഒമാൻ | 107.68 | 43.07 |
| 5. | സൗദി അറേബ്യ | 80.15 | 32.06 |
| 6. | ഖത്തർ | 62.07 | 24.83 |
| 7. | കുവൈറ്റ് | 43.73 | 21.87 |
| 8. | മറ്റു രാജ്യങ്ങൾ | 580.73 | 133.25 |
| | **ആകെ** | **3163.08** | **979.45** |




## നാളികേര ഉൽപ്പന്ന ഇറക്കുമതി

2016 ഏപ്രിൽ മാസത്തിൽ 37.69 കോടി രൂപയുടെ നാളികേര ഉൽപ്പന്നങ്ങൾ ഇന്ത്യയിലേക്ക് ഇറക്കുമതി ചെയ്യുകയുണ്ടായി. പിണ്ണാക്ക്, കോക്കനട്ട്ഫാറ്റി ആസിഡ്, നാളികേര ക്രീം, ചിരട്ടക്കരി എന്നീ ഉത്പന്നങ്ങളാണ് പ്രധാനമായും ഇന്ത്യ ഇറക്കുമതി ചെയ്യുന്ന നാളികേര ഉത്പന്നങ്ങൾ. 2016 ഏപ്രിൽ മാസത്തിൽ ഇന്ത്യയിലേക്ക് ഇറക്കുമതി ചെയ്ത നാളികേര ഉത്പന്നങ്ങളെ സംബന്ധിച്ച വിവരങ്ങൾ പട്ടിക 7 ൽ കൊടുത്തിരിക്കുന്നു.

പട്ടിക 7: 2016 ഏപ്രിൽ മാസത്തിലെ നാളികേര ഉത്പന്ന ഇറക്കുമതി


| ക്രമ നമ്പർ | ഉത്പന്നങ്ങൾ | ഏപ്രിൽ 2015 | | ഏപ്രിൽ 2016 | |
|---|---|---|---|---|---|
| | | അളവ് (മെട്രിക് ടൺ) | മൂല്യം (ലക്ഷം രൂപയിൽ) | അളവ് (മെട്രിക് ടൺ) | മൂല്യം (ലക്ഷം രൂപയിൽ) |
| 1 | പിണ്ണാക്ക് | 8231.06 | 1271.29 | 19684.67 | 2836.81 |
| 2 | കോക്കനട്ട് ഫാറ്റി ആസിഡ് | 378.24 | 328.45 | 689.70 | 555.05 |
| 3 | ചിരട്ടക്കരി | 1870.17 | 608.52 | 324.62 | 96.34 |
| 4 | നാളികേര ക്രീം/ പാൽ | | 98.75 | | |
| 5 | കൊപ്ര | 24.42 | 17.47 | 0.00 | 0.00 197.23 |
| 6 | വെളിച്ചെണ്ണ | 551.39 | 634.10 | 0.00 | 0.00 |
| 7 | മറ്റു നാളികേര ഉത്പന്നങ്ങൾ | | 40.62 | | 83.84 |
| | **ആകെ** | | **2999.21** | | **3769.27** |

## കോക്കനട്ട് ഫാറ്റി ആസിഡ്

2016 ഏപ്രിൽ മാസം 689.70 മെട്രിക് ടൺ കോക്കനട്ട് ഫാറ്റി ആസിഡ് ഇന്ത്യ ഇറക്കുമതി ചെയ്തു. ഇതിൽ 595.30 മെട്രിക് ടണ്ണും, മലേഷ്യയിൽ നിന്നാണ്. വിവിധ രാജ്യങ്ങളിൽ നിന്നുമുള്ള കോക്കനട്ട് ഫാറ്റി ആസിഡ് ഇറക്കുമതി വിവരങ്ങൾ പട്ടിക 8ൽ കൊടുത്തിരിക്കുന്നു. 2016 ഏപ്രിൽ മാസം ഇന്ത്യയുടെ കോക്കനട്ട് ഫാറ്റി ആസിഡ് ഇറക്കുമതി 378.24 മെട്രിക് ടണ്ണായിരുന്നു.

പട്ടിക 8: 2016 ഏപ്രിൽ മാസം ഉണ്ടായ കോക്കനട്ട് ഫാറ്റി ആസിഡ് ഇറക്കുമതി

| ക്രമ നമ്പർ | രാജ്യം | അളവ് (മെ. ടണ്ണിൽ) | മൂല്യം (ലക്ഷം രൂപയിൽ) |
|---|---|---|---|
| 1 | മലേഷ്യ | 595.30 | 477.85 |
| 2 | ഇന്തോനേഷ്യ | 94.40 | 77.21 |
| 3 | മറ്റു രാജ്യങ്ങൾ | 0.00 | 0.00 |
| | **ആകെ** | **689.70** | **555.05** |





## തേങ്ങാപ്പിണ്ണാക്ക്



ഇന്ത്യയിലേക്ക് ഇറക്കുമതി ചെയ്യുന്ന നാളികേര ഉൽപ്പന്നങ്ങളിൽ അളവിലും മൂല്യത്തിലും ഒന്നാം സ്ഥാനത്തുള്ളത് തേങ്ങാപ്പിണ്ണാക്കാണ്. 2016 ഏപ്രിൽ മാസത്തെ ഇറക്കുമതി 19684.67 മെട്രിക് ടണ്ണായിരുന്നു. ഇന്ത്യയിലേക്ക് തേങ്ങാപ്പിണ്ണാക്ക് ഇറക്കുമതി ചെയ്യുന്ന പ്രധാന രാജ്യങ്ങളുടെ വിവരങ്ങൾ പട്ടിക 9ൽ കൊടുത്തിരിക്കുന്നു.

പട്ടിക 9: 2016 ഏപ്രിൽ മാസം ഇന്ത്യയിലേക്ക് ഇറക്കുമതി ചെയ്ത തേങ്ങാപ്പിണ്ണാക്കിന്റെ വിവരങ്ങൾ

| ക്രമ നമ്പർ | രാജ്യം | അളവ് (മെ. ടണ്ണിൽ) | മൂല്യം (ലക്ഷം രൂപയിൽ) |
|---|---|---|---|
| 1 | ഇന്തോനേഷ്യ | 18900.00 | 2706.49 |
| 2 | പപ്പുവ ന്യൂ ഗിനിയ | 562.57 | 93.51 |
| 3 | ശ്രീലങ്ക | 109.35 | 20.87 |
| 4 | മറ്റു രാജ്യങ്ങൾ | 112.75 | 15.94 |
| | **ആകെ** | **19684.67** | **2836.81** |





## ചിരട്ടക്കരി

2016 ഏപ്രിൽ മാസം ഇന്ത്യയിലേക്കുള്ള ചിരട്ടക്കരി ഇറക്കുമതി 324.62 മെട്രിക് ടണ്ണാണ്. ഫിലിപ്പീൻസിൽ നിന്നുമാണ് ചിരട്ടക്കരി ഈ കാലയളവിൽ ഇറക്കുമതി ചെയ്തിരിക്കുന്നത്. വിവിധ രാജ്യങ്ങളിൽ നിന്നുള്ള ചിരട്ടക്കരിയുടെ ഇറക്കുമതി വിവരങ്ങൾ പട്ടിക 10ൽ കൊടുത്തിരിക്കുന്നു.



പട്ടിക 12: 2016 ഏപ്രിൽ മാസത്തിൽ ഇന്ത്യയിലേക്ക് ഇറക്കുമതി ചെയ്തിരിക്കുന്ന ചിരട്ടക്കരിയുടെ വിവരങ്ങൾ

| ക്രമ നമ്പർ | രാജ്യം | അളവ് (മെ. ടണ്ണിൽ) | മൂല്യം (ലക്ഷം രൂപയിൽ) |
|---|---|---|---|
| 1 | ഫിലിപ്പീൻസ് | 324.62 | 96.34 |
| 2 | മറ്റു രാജ്യങ്ങൾ | 0.00 | 0.00 |
| 3 | **ആകെ** | **324.62** | **96.34** |





# ജൂൺ മാസത്തെ കൃഷിപ്പണികൾ

● ആർ ജ്ഞാനദേവൻ
ഡെപ്യൂട്ടി ഡയറക്ടർ, നാളികേര വികസന ബോർഡ്, കൊച്ചി - 11

## കേരളം /ലക്ഷദ്വീപ്

**ഇടവപ്പാതി തുടങ്ങുന്നതോടെ വിത്തു തോങ്ങകൾ പാകാം**

വെള്ളം കെട്ടി നിൽക്കാത്ത വിധത്തിൽ തറനിരപ്പിൽനിന്നുയർന്ന തവാരണകളുണ്ടാക്കി വിത്തുതേങ്ങകൾ പാകുക. വെള്ളക്കെട്ട് ഉണ്ടാകാൻ സാധ്യതയുള്ളയിടങ്ങളിൽ ചാലുകൾ കീറി നീർവാർച്ചയ്ക്ക് സൗകര്യമുണ്ടാക്കണം.

**മണ്ണിന്റെ പുളിരസം കുറയ്ക്കാൻ കുമ്മായം**

കേരളത്തിലെ മിക്കവാറും ജില്ലകളിലെ മണ്ണിലും അമ്ലത്വം കൂടുതലായി കാണുന്നുണ്ട്. മണ്ണിന്റെ പി.എച്ച് 6.5-7.5 ആയിരിക്കുമ്പോഴാണ് മിക്ക മൂലകങ്ങളും തെങ്ങ് വലിച്ചെടുക്കുന്നത്. അതുകൊണ്ട് തെങ്ങുകൾക്ക് കുമ്മായം ചേർക്കേണ്ടത് അത്യാവശ്യമാണ്. രണ്ടു, മൂന്നു കനത്ത മഴ ലഭിച്ചുകഴിഞ്ഞാൽ തടം തുറന്ന് ഒരു തെങ്ങിന് 1 കി.ഗ്രാം വീതം കുമ്മായം തടത്തിൽ വിതറുക. കുമ്മായത്തിനു പകരം ഡോളോമൈറ്റായാലും മതി.

**തടം തുറന്ന് തെങ്ങുകൾക്ക് വളം ചേർക്കാം**

തെങ്ങിന് ചുറ്റും 2 മീറ്റർ വ്യാസത്തിൽ തടംതുറന്ന് തടത്തിൽ വേണം വളം ഇടാൻ. കുമ്മായം ചേർത്ത് രണ്ടാഴ്ച കഴിഞ്ഞ് ജൈവവളങ്ങളും രാസവളങ്ങളും തെങ്ങിന് ചേർക്കാൻ പറ്റിയ സമയമാണ്. വിവിധതരം ജൈവവളങ്ങളായ ചാണകം, എല്ലുപൊടി, ചാരം, മീൻവളം, ബയോഗ്യാസ് സ്ലറി, മണ്ണിരകമ്പോസ്റ്റ്, വേപ്പിൻപിണ്ണാക്ക് തുടങ്ങിയ ജൈവവളങ്ങൾ ചേർത്ത് കൊടുക്കാം. കായ്ക്കുന്ന ഒരു തെങ്ങിന് ഒരു വർഷം 25.50 കി. ഗ്രാം ജൈവവളം ലഭ്യത അനുസരിച്ച് ചേർത്ത് കൊടുക്കാം. വേണ്ടത്ര ജൈവവളം ചേർത്തതിനു ശേഷം രാസവളം ചേർക്കുന്നതാണ് നല്ലത്. തെങ്ങൊന്നിന് 1 കി. ഗ്രാം യൂറിയ, 2 കി.ഗ്രാം റോക്ക് ഫോസ്ഫേറ്റ്, 2 കി. ഗ്രാം പൊട്ടാഷ് ഇവയാണ് ഒരു വർഷം ചേർത്തു കൊടുക്കേണ്ട രാസവളം. ഇത് രണ്ടു ഗഡുക്കളായി കൊടുക്കുന്നതാണ് നല്ലത്. അതായത് മൊത്ത വളത്തിന്റെ മൂന്നിൽ ഒരു ഭാഗം ഈ മഴക്കാലത്തും മൂന്നിൽ രണ്ടുഭാഗം സെപ്തംബർ - ഒക്ടോബർ മാസത്തിലും ചേർത്തു കൊടുക്കണം. കൂടാതെ മഞ്ഞളിപ്പുള്ള തെങ്ങുകൾക്ക് തെങ്ങൊന്നിന് 1/2 കി. ഗ്രാം എന്ന തോതിൽ മെഗ്നീഷ്യം സൾഫേറ്റ് എന്ന വളം ചേർത്തു കൊടുക്കണം. കര പ്രദേശങ്ങളിൽ നിൽക്കുന്ന കായ്ക്കുന്ന തെങ്ങിന് കൂടുതൽ വെള്ളയ്ക്ക വീഴാൻ മഴക്കാലത്ത് 1 കി. ഗ്രാം എന്ന തോതിൽ കറിയുപ്പ് ഇട്ടു കൊടുക്കുന്നതും നല്ലതാണ്. മണ്ണിൽ നല്ല ഈർപ്പമുള്ളപ്പോൾ അതായത്, മഴക്കാലത്ത് മാത്രമേ ഉപ്പ് ചേർക്കാവൂ.

ചെമ്പൻചെല്ലിയുടെ ഉപദ്രവമുള്ള തെങ്ങുകളിൽ തടിയിൽ നിന്നും ചുവന്ന ദ്രാവകം ഒലിയ്ക്കുന്നതായും തടിയിലുള്ള സുഷിരങ്ങളിലൂടെ ചണ്ടി പുറത്തേയ്ക്ക് വരുന്നതായും കാണാം, ഏറ്റവും മുകളിൽ കാണപ്പെടുന്ന സുഷിരമൊഴികെ മറ്റെല്ലാം കളിമണ്ണോ സിമന്റോ കൊണ്ടടച്ചതിനുശേഷം അതിലൂടെ ഒരു ശതമാനം വീര്യമുള്ള കാർബാറിൽ (20 ഗ്രാം കാർബാറിൽ ഒരു ലിറ്റർ വെള്ളത്തിൽ ചേർത്ത്) ഒഴിച്ചുകൊടുക്കുക. അതിനുശേഷം ആ സുഷിരവും അടയ്ക്കുക. ചെമ്പൻചെല്ലിയെ നിയന്ത്രിക്കുവാൻ ഫിറമോൺ കെണികളും ഫലപ്രദമാണ്. പക്ഷേ, ഒരു പ്രദേശത്തെ കർഷകർ ഒരുമിച്ച് ചേർന്ന് കെണികൾ വയ്ക്കണമെന്നു മാത്രം.

തെങ്ങിന് ചെന്നീരൊലിപ്പു രോഗം ബാധിച്ചിട്ടുണ്ടോയെന്നു പരിശോധിക്കുക. ചെന്നീരൊലിപ്പുള്ള തെങ്ങിന്റെ തടിയിലുണ്ടാകുന്ന വിള്ളലുകളിലൂടെ ചുവപ്പു കലർന്ന തവിട്ടു നിറത്തിലുള്ള കറ ഒലിച്ചിറങ്ങുന്നതു കാണാം. ഇത് ഉണങ്ങി കറുപ്പുനിറത്തിലുള്ള പാടുകളാകുന്നു. ചെന്നീരൊലിക്കുന്ന ഭാഗത്തെ തൊലി ചെത്തി മാറ്റി നോക്കിയാൽ ഉൾഭാഗം ചീഞ്ഞിരിക്കുന്നതായി കാണാം. തെങ്ങിൻതടിയിൽ രോഗബാധ കാണുന്ന ഭാഗത്തെ പുറംതൊലി മൂർച്ചയുള്ള ഉളി കൊണ്ട് ചെത്തി മാറ്റിയ ശേഷം മുറിപ്പാടുകളിൽ 5 മി.ലി. കാലിക്സിൻ 100 മി.ലി. വെള്ളത്തിൽ എന്ന തോതിൽ കലക്കി പുരട്ടുക. ഒന്നു രണ്ടു ദിവസത്തിനുശേഷം ചൂടുള്ള കോൾടാർ പുരട്ടുക. ചെത്തി മാറ്റിയ ഭാഗങ്ങൾ തീയിട്ട് നശിപ്പിക്കുക. മറ്റ് വളങ്ങൾക്കൊപ്പം തെങ്ങൊന്നിന് 5 കി.ഗ്രാം വേപ്പിൻ പിണ്ണാക്ക് ചേർത്തു കൊടുക്കുക.

വേനൽക്കാലത്ത് ജലസേചനം നൽകുകയും വർഷക്കാലത്ത് തോട്ടത്തിൽ നീർവാർച്ച സൗകര്യം ഏർപ്പെടുത്തുകയും ചെയ്യുക. രോഗനിയന്ത്രണത്തിനായി 5 ശതമാനം വീര്യമുള്ള കാലിക്സിൻ വർഷത്തിൽ മൂന്നുതവണ, അതായത് ഏപ്രിൽ -മെയ്, സെപ്തംബർ-ഒക്ടോബർ, ജനുവരി-ഫെബ്രുവരി മാസങ്ങളിലായി വേരിൽകൂടി നൽകുക.

## കൂമ്പുചീയൽ / മണ്ടചീയൽ രോഗത്തിനെതിരെ ജാഗ്രത



മഴക്കാലത്ത് തെങ്ങിനെ ബാധിക്കുന്ന ഒരു മാരക രോഗമാണിത്. ഈ രോഗം ആദ്യം ബാധിക്കുന്നത് കൂമ്പോലയുടെ ഏറ്റവും അടിഭാഗത്താണ്. തുടർന്ന് കൂമ്പോലകൾ ചേരുന്ന മണ്ടയുടെ മുകൾഭാഗത്തുള്ള മാർദ്ദവമേറിയ ഭാഗങ്ങളും കുമിൾബാധയേറ്റ് അഴുകുന്നു. അതോടെ മണ്ട മറിഞ്ഞും തെങ്ങ് നശിക്കുന്നു.

രോഗം കാണുന്ന ആദ്യഘട്ടത്തിൽ അഴുകിയ കൂമ്പ് മുറിച്ചുമാറ്റി അഴുകിയ ഭാഗം മുഴുവനും ചെത്തിമാറ്റി കളയണം. അതിനുശേഷം ആ ഭാഗത്ത് ബോർഡോ കുഴമ്പ് പുരട്ടി ഒരു പോളിത്തീൻ ഷീറ്റുകൊണ്ട് പൊതിഞ്ഞു വയ്ക്കുക. കൂടാതെ രോഗം വരാതിരിക്കുവാനായി മഴക്കാല ആരംഭത്തോടെ ഏറ്റവും മുകളിലത്തെ കൂമ്പോലയിൽ ഇൻഡോഫിൻ എം 45 എന്ന കുമിൾ നാശിനി രണ്ടു ഗ്രാം എടുത്ത് ചെറിയ സുഷിരങ്ങളുള്ള പ്ലാസ്റ്റിക് കവറിൽ നിറച്ച് കെട്ടിയിടുക. മഴ വരുമ്പോൾ ഇത് മണ്ടയിൽ ലയിച്ച് കൂമ്പോലകളുടെ ചുവട്ടിൽ എത്തുകയും കുമിൾ മൂലം അഴുകൽ ഉണ്ടാകുന്നത് തടയുകയും ചെയ്യും.

കൂമ്പുചീയൽ രോഗം മാരകമാണ്. മുൻകൂട്ടി നിയന്ത്രണോപാധികൾ സ്വീകരിച്ചില്ലെങ്കിൽ ഇത് തെങ്ങിനെ നശിപ്പിയ്ക്കും. കൂമ്പോലയ്ക്ക് ചുറ്റുമുള്ള ഒന്നോ രണ്ടോ ഓലകൾ മഞ്ഞയ്ക്കുന്നതാണ് രോഗത്തിന്റെ ആദ്യലക്ഷണം. കൂമ്പോല വാടി ഉണങ്ങുകയും ഒടിഞ്ഞു തൂങ്ങുകയും ചെയ്യുന്നു. കൂമ്പോലയുടെ മാർദ്ദവമേറിയ അടിവശം ചീഞ്ഞ് ദുർഗന്ധം വമിക്കുന്നു. സമീപമുള്ള തെങ്ങുകളിൽ രോഗം പടരാതിരിക്കുന്നതിനായി ഒരു ശതമാനം വീര്യമുള്ള ബോർഡോ മിശ്രിതം തളിക്കേണ്ടതാണ്.



കാറ്റുവീഴ്ച ബാധിച്ച തെങ്ങുകളിൽ ഓലചീയൽ രോഗവും കണ്ടുവരുന്നു. തുറക്കാത്ത കൂമ്പോലകളെ കുമിൾ ആക്രമിച്ച് അഴുകൽ ഉണ്ടാക്കുന്നു. കൂമ്പോല വിരിയുമ്പോൾ അഴുകിയ ഭാഗം ഉണങ്ങി കാറ്റത്ത് പറന്നുപോകും. ബാക്കിയുള്ള ഓലയുടെ ഭാഗം കുറ്റിയായി നിൽക്കും. കൂമ്പോലയുടേയും അതിനോട് ചേർന്നുള്ള രണ്ട് ഓലകളുടേയും മാത്രം ചീഞ്ഞ ഭാഗങ്ങൾ മുറിച്ചു മാറ്റുക. കോൺടാഫ് 2 മി.ലി. അല്ലെങ്കിൽ ഡൈത്തേൻ എം. 45 അഥവാ ഇൻഡോഫിൽ എം.45 എന്നിവയിലൊന്ന് മൂന്നുഗ്രാം 300 മി.ലി. വെള്ളത്തിൽ കലക്കി നാമ്പോലയുടെ ചുവട്ടിലൊഴിക്കുക.

### തമിഴ്നാട് / പോണ്ടിച്ചേരി

മഴയെമാത്രം ആശ്രയിച്ചു വളരുന്ന തെങ്ങിൻ തോട്ടങ്ങളിൽ (തെക്കു പടിഞ്ഞാറൻ കാലവർഷം ലഭ്യമായിട്ടുള്ള സ്ഥലങ്ങളിൽ) പ്രായപൂർത്തിയെത്തിയ ഒരു തെങ്ങിന് ശിപാർശ ചെയ്ത വളത്തിന്റെ മൂന്നിൽ ഒരു ഭാഗം (360 ഗ്രാം യൂറിയ, 665 ഗ്രാം സിങ്കിൾ സൂപ്പർഫോസ്ഫേറ്റ്, 665 ഗ്രാം മ്യൂറിയേറ്റ് ഓഫ് പൊട്ടാഷ്) എന്നിവ ചേർത്തു കൊടുക്കുക.

മഴക്കാലാരംഭത്തോടെ കുളച്ചേറ് തോട്ടത്തിൽ കൊണ്ടുവന്നിറക്കി തെങ്ങുകൾക്ക് ചേർത്തുകൊടുക്കുക. ഓരോ തെങ്ങിനും 40–50 കി.ഗ്രാം കാലിവളമോ, കൂട്ടുവളമോ ഇട്ടുകൊടുക്കുക. കാട്ടുചണമ്പ്, കൊഴിഞ്ഞി എന്നിവയിലേതെങ്കിലും ഒന്നിന്റെ വിത്തു വിതയ്ക്കുക. മഴക്കാലാരംഭത്തോടെ വിത്തുതേങ്ങകൾ പാകുക.

### കർണ്ണാടകം

ചിറകൾ ഉറപ്പിക്കുകയും തോടുകൾ വെട്ടി വെടിപ്പാക്കുകയും ചെയ്യുക. കാലവർഷം ആരംഭിച്ചിട്ടില്ലായെങ്കിൽ നന തുടരുക. കുമിൾരോഗ തടയുവാനായി ഒരു ശതമാനം വീര്യമുള്ള ബോർഡോ മിശ്രിതമോ, മറ്റേതെങ്കിലും കുമിൾ നാശിനിയോ ഒരു മുൻകരുതൽ എന്ന നിലയിൽ തളിക്കുക. ചാരം, കാലിവളം എന്നിവ നിറച്ച കുഴികളിൽ തൈകൾ നടുക. വരൾച്ച ഉണ്ടെങ്കിൽ തൈകൾ നനയ്ക്കുക. മഴയെ ആശ്രയിച്ചുള്ള കൃഷിയാണെങ്കിൽ ആദ്യ ഗഡു രാസവളം ചേർക്കുക.

### ആൻഡമാൻ / നിക്കോബാർ ദ്വീപുകൾ

തെങ്ങിൻ നിരകൾക്കിടയ്ക്ക് ചാലുകൾ കീറി ശക്തമായ വേലിയേറ്റ സമയത്ത് കയറുന്ന കടൽവെള്ളം ഒഴുകിപ്പോകാനനുവദിക്കുക. തെങ്ങിൻ ചുവട്ടിൽനിന്നും 1.5 മീറ്റർ ദൂരത്തിൽ തടം തുറന്ന് തെങ്ങൊന്നിന് 2 കി.ഗ്രാം എന്ന തോതിൽ കല്ലുപ്പ് ഇട്ടുകൊടുക്കുക. ഇതോടൊപ്പം ധാരാളം ഉണങ്ങിയ ജൈവവളവും ചേർക്കാവുന്നതാണ്.

തൈകൾ നടുന്നതിന് കുഴികൾ തയ്യാറാക്കുക. കുഴിക്ക് ഒരു മീറ്റർ വീതം നീളം, വീതി, ആഴം എന്നിവയുണ്ടാകണം. കുഴികുത്തി കിട്ടിയ മണ്ണ് കുഴിക്ക് ചുറ്റുമിട്ട് വരമ്പാക്കി ചവിട്ടി ഉറപ്പിയ്ക്കണം. മഴ പെയ്ത ഒഴുക്കുവെള്ളം കുഴിയിൽ ഇറങ്ങരുത്. പെയ്ത്തുവെള്ളം മാത്രമേ കുഴിയിലിറങ്ങാവൂ. കുഴിയുടെ അടിയിൽ നിന്ന് 60 സെ.മീ. ഉയരത്തിൽ വരെ മേൽമണ്ണും ഉണങ്ങിപ്പൊടിഞ്ഞ ചാണകവും ചാരവും ചേർത്ത് നിറയ്ക്കുക. ഇതിന് നടുക്ക് ഒരു കുഴിയെടുത്ത് തൈ നടുക. തേങ്ങയുടെ മുകൾ ഭാഗം മൂടാത്ത രീതിയിലായിരിക്കണം മണ്ണിടേണ്ടത്. തൈയ്ക്ക് ചുറ്റും മണ്ണ് ചവിട്ടി ഉറപ്പിയ്ക്കുക. ■




## മുഖമൊഴി



പരീക്ഷകളുടെ പരീക്ഷണകാലവും അവധിയില്ലാത്ത വായനയുടെ വേനലവധിക്കാലവും കഴിഞ്ഞ് വീണ്ടുമൊരു വിദ്യാലയ വർഷത്തിന്റെ പൂമുഖത്താണല്ലോ നിങ്ങൾ. അറിവിന്റെ പുതിയ മേഖലകളിലേക്കെന്നപോലെ പ്രകൃതിയുടേയും സർഗ്ഗാത്മകതയുടേയും പുതിയ ചങ്ങാത്തങ്ങളും അനുഗ്രഹങ്ങളും ആശംസിക്കുന്നു.

പായിപ്ര രാധാകൃഷ്ണൻ

## കാർഷിക കൗശലങ്ങൾ

ഉത്സവങ്ങൾക്കും, ആഘോഷ വേളകളിലും തനി കേരളീയമായ ചില അലങ്കാര രീതികൾ ഉണ്ടായിരുന്നു. മാവില, ആലില, നെല്ലിയില തുടങ്ങിയ ഇലകളും കുരുത്തോലയും പൂക്കുലയും കുലവാഴയും തേങ്ങാക്കുലയും മംഗളവേളകളിൽ അലങ്കരണത്തിന് ഉപയോഗിച്ചിരുന്നു. ഉത്തര കേരളത്തിലെ കളിയാട്ട മഹോത്സവങ്ങളിൽ അലങ്കരണത്തിന് നാളികേരം ഉപയോഗിക്കാറുണ്ട്. ചിരട്ടയിൽ നിന്നും ഇളക്കിയ തേങ്ങ, ചിരട്ട മാത്രം പൊട്ടിച്ച് പൂളിയെടുക്കാതെ പ്രത്യേക രീതിയിൽ മുറിച്ചിളക്കി മാല പോലെ തൂക്കിയിടുന്നതു കാണാം. കളമെഴുത്തും പാട്ടിന്റെ കളത്തിന് ചുറ്റും എട്ടു സ്ഥാനങ്ങളിൽ നാക്കിലയിൽ അരി, നാളികേരം എന്നിവ വയ്ക്കാറുണ്ട്. സർപ്പ പാട്ട്, കുറുപ്പൻ പാട്ട്, തീയാട്ട് എന്നിവകളിലും ഈ രീതി കാണാം.

ഓണം, വിഷു, നിറ തുടങ്ങിയ വിശേഷാവസരങ്ങളിൽ ചേടി (വെളുത്ത കളിമണ്ണ്) കലക്കി ഗൃഹങ്ങളിൽ കളമെഴുതി നിലം അലങ്കരിക്കുന്ന പതിവ് ഉത്തര കേരളത്തിലുണ്ട്. ചേടിക്കളങ്ങളിൽ തേങ്ങകളുടെ ആകൃതിയിലുള്ള തേങ്ങാച്ചേടി മംഗളകരമായി കരുതുന്നു.

പ്ലാസ്റ്റിക്കും മറ്റും പ്രകൃതിയ്ക്ക് അനുയോജ്യമല്ലെന്ന അവസ്ഥയിൽ പരിസ്ഥിതി സൗഹൃദമായ കുരുത്തോലയുടെ അലങ്കരണ സാധ്യതകൾ വിദ്യാലയങ്ങളിലേക്ക് പ്രത്യാനയിക്കുവാൻ നിങ്ങളും ശ്രദ്ധിക്കുമല്ലോ?

പായിപ്ര രാധാകൃഷ്ണൻ

# കേര പുരാണം

● ഗിരീഷ് എം നായർ
മാനാവെള്ളിവെളി, സനാതനപുരം, ആലപ്പുഴ

ലേഖനം

നമ്മുടെ സംസ്ഥാനം അറിയപ്പെടുന്നതു തന്നെ കൽപവൃക്ഷമായ തെങ്ങിന്റെ പേരിലാണ്. കേരം തിങ്ങും കേരള നാടിന്റെ ഈ മഹിമ ലോകത്ത് മറ്റൊരു സ്ഥലത്തിനും ഉണ്ടാവില്ല.

നോഹയുടെ പേടകത്തിൽ നിന്നും കടലിൽ വീണ നാളികേരം സമുദ്രത്തിലൂടെ ഒഴുകി തീരത്ത് എത്തി വളർന്നുവെന്നാണ് ബൈബിൾ വ്യാഖ്യാനമെങ്കിലും, ഹിന്ദു പുരാണത്തിൽ ദേവൻമാരും അസുരൻമാരും പാലാഴി കടഞ്ഞപ്പോൾ കേരവൃക്ഷവും ഉയർന്നു വന്നു എന്ന് പറയുന്നു.

പാലാഴിയിൽ നിന്നും ധാരാളം വിശിഷ്ട വസ്തുക്കൾ പൊന്തി വരുന്നത് ഓരോ ദേവൻമാരും മുറയ്ക്ക് സ്വന്തമാക്കിക്കൊണ്ടിരുന്നു. ഇടയ്ക്ക് കൽപവൃക്ഷവും ഉയർന്നു വന്നു. എന്നാൽ അമൃത കുംഭവും കൊണ്ട് അസുരൻമാർ കടന്നു കളയുമ്പോൾ അത് വീണ്ടെടുക്കുവാനുള്ള ദേവൻമാരുടെ കലഹത്തിനിടയിൽ മനുഷ്യോപകാരിയായ കൽപവൃക്ഷം ഭൂമിയിൽ കടലിൽ വന്നു പതിച്ചു. തേങ്ങ വെള്ളത്തിലൊഴുകി കര തട്ടി മണ്ണിൽ മുളച്ചു വന്നു. അങ്ങനെയാണത്രേ കടൽക്കരയിൽ കേരവൃക്ഷം തഴച്ചു വളരുന്നതിന് കാരണമായത്.

പൂജാദ്രവ്യങ്ങളിലും മംഗളകർമ്മങ്ങൾക്കും തേങ്ങയുടെ സാന്നിദ്ധ്യമുണ്ടായത് അതുകൊണ്ടു കൂടിയാണ്. വിഘ്നങ്ങൾ മാറാൻ വിനായകന് നാളികേരമുടയ്ക്കുന്നതും വിവാഹ പന്തലിൽ നിറപറയിൽ നിറകതിരിനൊപ്പം സാക്ഷ്യം വഹിക്കുന്നതും, ക്ഷേത്രങ്ങളിൽ ഗുരുതി ധാരയ്ക്ക് ഇളനീർ ഉപയോഗിക്കുന്നതും, പന്തലിടാൻ കുരുത്തോലയെടുക്കുന്നതും ശബരിമല കെട്ടു നിറയ്ക്ക് നെയ് തേങ്ങ ആവശ്യമാകുന്നതും തെങ്ങിന്റെ പ്രാധാന്യം വർദ്ധിപ്പിക്കുന്നു.

കണ്ണുകൾ കൊണ്ട് കാണുന്ന മനുഷ്യർ നാളികേരത്തിന്റെ നേത്രങ്ങൾക്ക് കണ്ണെഴുതി പൊട്ടുതൊടീച്ച് വിഷുക്കണി കാണുവാൻ ഫലവർഗ്ഗങ്ങളോടും പച്ചക്കറികളോടുമൊപ്പം വയ്ക്കുന്നു.

ഇത്രയൊക്കെ മഹിമകളുള്ള കേര വൃക്ഷം എന്തുകൊണ്ടാണ് ഒറ്റത്തടിയായിരിക്കുന്നത്. ഒരു കൊക്ക് ഒറ്റക്കാലിൽ നിന്ന് ഭക്ഷണം സമ്പാദിക്കുന്നു .കാരണം രണ്ടുകാലുകൾ ഉപയോഗിച്ച് വെള്ളത്തിൽ നിൽക്കുമ്പോൾ ശരീരഭാരം ബാലൻസ് ചെയ്യവേ ചെറു ചലനങ്ങൾ കാലുകൾക്കുണ്ടാവും. ഭയന്നു പോകുന്ന മീനുകൾ കൊക്കിനു സമീപത്തേക്കു വരുന്നത് ഒഴിവാകും. ഒരേ കാലിൽ അനങ്ങാതെ നിൽക്കുന്നതാണ് കൊക്കിന് ഇര തേടാനുള്ള ഉപായം.

എന്നാൽ തെങ്ങ് ഒറ്റത്തടിയായി നിൽക്കുന്നത് തന്നെ ആശ്രയിക്കുന്നവർക്ക് ആപത്തുണ്ടാവാതിരിക്കുന്നതിനാണ്. മനുഷ്യർക്കിടയിൽ ഒരു വാമൊഴി പകർന്നു വരുന്നുണ്ട്. സ്വന്തം നിഴലിനെപ്പോലും ഇന്നത്തെക്കാലത്ത് വിശ്വസിക്കുവാൻ പാടില്ല എന്ന്. അതുപോലെ കാലാ കാലങ്ങളായി കേട്ടു വരുന്ന പഴമൊഴിയാണ് തെങ്ങ് ചതിക്കില്ല എന്നതും.

ചക്ക വീണ് മുയൽ പോലും ചത്തിട്ടുണ്ട് എന്ന് കഥകളിൽ കേൾക്കാറുണ്ടെങ്കിലും ഒരു തേങ്ങ തലയിൽ വീണ് അല്ലെങ്കിൽ തെങ്ങ് മറിഞ്ഞു വീണ് ആൾ മരിച്ചു എന്ന് കേട്ടു കേൾവി പോലുമുണ്ടായിട്ടില്ല. തെങ്ങിൽ നിന്നു വീണു മരിച്ചിട്ടുണ്ടാകാം. അതായത് മാനുഷിക പിഴവ് മൂലമുള്ള അപകടമോ മരണമോ മാത്രമേ തെങ്ങിൽ നിന്നുമുണ്ടായിട്ടുള്ളൂ.

കേര വൃക്ഷം പടർന്നു പന്തലിച്ചു നിൽക്കുന്ന വൃക്ഷമായിരുന്നുവെങ്കിൽ വെയിൽ സമയത്ത് നമുക്ക് ആശ്വാസമാകുമായിരുന്നു. ആ സമയം തേങ്ങയോ മറ്റോ പൊഴിഞ്ഞു വീണാൽ അത് അപകടം വരുത്തി വയ്ക്കും. തന്റെ നിഴൽ പോലും മനുഷ്യർക്ക് ആപത്തായി മാറുവാൻ പാടില്ല എന്നാണ് കൽപവൃക്ഷം ആഗ്രഹിക്കുന്നത്.

അതുകൊണ്ടാണ് വലിയ വൃക്ഷമായ ആൽമരത്തിനും മറ്റും ചെറിയ കായ്കനികൾ നൽകിയ ദൈവം തെങ്ങിന് വലിപ്പവും ഉറപ്പുമുള്ള നാളികേരം കനിഞ്ഞു നൽകിയിരിക്കുന്നത്.

ഇടിമിന്നൽ സമയത്ത് വൃക്ഷത്തിനു ചുവട്ടിൽ നിൽക്കുന്നത് സുരക്ഷിതമല്ല. പ്രത്യേകിച്ച് ഉയരമുള്ള മരത്തിനു കീഴിൽ നിൽക്കുന്നത് ഒട്ടും ഭദ്രമല്ല. അതുകൊണ്ട് മഴ നനയാതിരിക്കുന്നതിനു കൂടി നമ്മൾ തെങ്ങിനു കീഴിൽ ചെന്നു നിൽക്കാറില്ല. ഒറ്റത്തടിയായി, ഒരു ബ്രഹ്മചാരിയെപ്പോലെ നിന്ന് തെങ്ങ് നമ്മളെ സംരക്ഷിക്കുന്നു. മാത്രമല്ല കാലപ്പഴക്കത്താലോ രോഗം മൂലമോ മണ്ടപോയ തെങ്ങിൽ മരംകൊത്തി ഉണ്ടാക്കുന്ന പൊത്തുകളിൽ മൈനകളോ, തത്തകളോ മറ്റ് പക്ഷികളോ നിർഭയം താമസിച്ച് മുട്ടയിട്ട് സുഖമായി കഴിയുന്നു. ദ്രവിച്ചു നിൽക്കുന്ന മരമായതിനാൽ മനുഷ്യരിൽ നിന്നും ജന്തുക്കളിൽ നിന്നും ഭീഷണിയുണ്ടാവില്ലല്ലോ?

ഒരു തമിഴ് പഴഞ്ചൊല്ല് മലയാളത്തിൽ തർജ്ജമ ചെയ്താൽ....

*പിള്ളയെ പെറ്റാൽ കണ്ണീർ....*
*തേങ്ങാ നട്ടാൽ ഇളനീർ...* എന്നാണ്.

നാളികേരത്തിന്റെ നാട്ടിൽ നാഴിയിടങ്ങഴി മണ്ണിലെ നാലുകാൽ ഓലപ്പുരയും, പുലർച്ചെ പാചകത്തിന് ആദ്യം ഉടയ്ക്കുന്ന നാളികേരത്തിന്റെ മുറിവലിപ്പം നോക്കി ദിവസഫലം ഗ്രഹിക്കുന്ന പഴമക്കാരെല്ലാം ഇന്നത്തെ തലമുറയ്ക്ക് അപരിചിതമായി. അരിക്കും തേങ്ങയ്ക്കും പച്ചക്കറിക്കുമെല്ലാം ഇപ്പോൾ അന്യ സംസ്ഥാനങ്ങളെ ആശ്രയിക്കുന്ന ഈ കാലഘട്ടത്തിൽ നാം ഓർക്കേണ്ട ഒന്നാണ്.

**കേരം വളഞ്ഞാൽ കേരളം തളരും**
**കേരം വിളഞ്ഞാൽ കേരളം വളരും**



# ചാഞ്ഞ് നിൽക്കുന്ന തെങ്ങ്

○ കെ. എസ്. പുരുഷോത്തമൻ
ആലപ്പുഴ

നിങ്ങളും അതു ചെയ്യില്ല, അല്ലേ?
ചോദ്യത്തിലെ ധാർഷ്ട്യം കേട്ടപ്പോൾ ആളെ കാണണമെന്നു തോന്നി. നോക്കിയിരുന്ന ഫയലിൽ നിന്നും മുഖമുയർത്തി. ശബ്ദം വന്ന മുഖം കണ്ടു. ചെറു ചിരിയോടെ പറഞ്ഞു.
ഇരിക്കൂ
ഓഫീസിൽ രാവിലെ വിവിധ ആവശ്യങ്ങൾക്കു വന്ന ആൾക്കാരുടെ തിരക്കുണ്ട്. അവർ പെട്ടെന്ന് ഓഫീസറുടെ മുറിയിലേക്കും ചോദ്യം ചോദിച്ചു നിൽക്കുന്ന ആളിലേക്കും ശ്രദ്ധിച്ചു.
ചോദിച്ചയാൾക്കു സാമാന്യം നല്ല രൂപമുണ്ട്. മാന്യമായ വസ്ത്രധാരണം, മുഖത്തു ഗൗരവം നിറയെയുണ്ട്.
ആൾ ഇരിക്കാൻ വിമ്മിട്ടപ്പെടുന്നതു കണ്ടപ്പോൾ നിർബന്ധിച്ചു: ഇരിക്കൂ.
അയാൾ ഇരുന്നു. മുഖത്തെ ഗൗരവം മയപ്പെട്ടു.
ഓഫീസർ നോക്കിയിരുന്ന ഫയലിൽ കുറിക്കാനുള്ളതുകുറിച്ചു. ഒപ്പുവച്ചു. മടക്കി ട്രേയിൽ വച്ചു. പിന്നെ മുമ്പിൽ ഇരിക്കുന്ന ആളെ പൂർണ്ണമായി ശ്രദ്ധിച്ചു:
എന്താണു വിഷയം ?
ഏഴാം വാർഡിൽ എന്റെ വീട്ടിനു മുകളിലേയ്ക്കു ചാഞ്ഞു നിൽക്കുന്ന തെങ്ങു വെട്ടി മാറ്റുന്ന കാര്യം ? ആഗതൻ പറഞ്ഞും ആരും അക്കാര്യം ഇതേ വരെ നിങ്ങളോട് പറഞ്ഞില്ലേ?
അറിയാമല്ലോ? ഓഫീസർ സൗമ്യമായി മുമ്പിലിരിക്കുന്ന ആളുടെ മുഖത്തേക്കു നോക്കി: ഓഫീസിലെ കാര്യങ്ങളെല്ലാം ഞാൻ അറിഞ്ഞു തുടങ്ങിയിട്ടില്ല.
അതെങ്ങനാ ? ആഗതൻ ഗൗരവം വിട്ടില്ല. നിങ്ങൾ പലപ്പോഴും ഓഫീസിലല്ലോ? ഞാനിവിടെ ഒരു വട്ടം വന്നിരുന്നു. ഓഫീസറോടു തനിക്കു തോന്നിയ അവമതിപ്പു വിടാതെ തന്നെ പറഞ്ഞു. ഇന്നിപ്പോൾ നിങ്ങളിവിടെ ഉണ്ടെന്നു ചോദിച്ചറിഞ്ഞാണു ഞാൻ വന്നത്.
സന്തോഷം ! ഓഫീസർ സൗമ്യമായി.
ഓഫീസിൽ എത്തിയിട്ടു രണ്ടാഴ്ച ആയെങ്കിലും മുഴുവൻ സമയവും ഇവിടെ ഇരുന്ന ദിവസങ്ങൾ കുറവാണ്.
ഞാനൊരപേക്ഷ നൽകിയിരുന്നു. അതിൽ എന്തെങ്കിലും നടപടി ഉണ്ടായോയെന്നറിയണം.
ഓ
ഓഫീസർ കോളിംഗ് ബെല്ലിൽ വിരലമർത്തി ശിപായിയായി വരുന്നതിനു പകരം ഏഴാം വാർഡിന്റെ ചുമതലയുള്ള ക്ലർക്ക് തന്നെ ഫയലുമായെത്തി.
അയൽപക്കത്തെ പുരയിടത്തിൽ നിൽക്കുന്ന തെങ്ങു അപേക്ഷകന്റെ മതിലിനകത്തേക്കു ചാഞ്ഞു നിൽക്കുന്നു. തെങ്ങിൽ നിന്ന് ഓലയും, തേങ്ങയും, മടലും ചപ്പും, ചവറും ഒക്കെ വീട്ടുമുറ്റത്തേക്കു വീഴുന്നു. തേങ്ങ വീണു നിലത്തു പാകിയ രണ്ടോടുകൾ ഇളകി. ഇനിയും ഇതുപോലെ സംഭവിക്കാം. അതിനു മുമ്പു അപകടകരമായി നിൽക്കുന്ന തെങ്ങു വെട്ടി മാറ്റണം. അപകടം ഉടനടി ഒഴിവാക്കി തരണം!
അപേക്ഷ ഓഫീസിൽ കിട്ടിയിട്ടു രണ്ടു മാസത്തോളമാകുന്നു. അപേക്ഷ നോക്കി റിപ്പോർട്ട് തരാൻ നിർദ്ദേശിച്ചതനുസരിച്ച് റിപ്പോർട്ട് എഴുതിയിട്ടുണ്ട്. അപേക്ഷയിൽ പറഞ്ഞിട്ടുള്ള കാര്യങ്ങളൊക്കെ ശരിയാണ്. അയൽക്കാരന്റെ മുറ്റത്തു നിൽക്കുന്ന തെങ്ങ് അപേക്ഷകന്റെ മതിൽക്കകത്തേക്ക് ചാഞ്ഞു നിൽക്കുന്നു.
തെങ്ങിന്റെ ഉടമ ഒരു സാധു സ്ത്രീയാണ്. വിധവയായ അവരും മകളും താമസിക്കുന്ന വീട്ടു മുറ്റത്തു നിൽക്കുന്ന തെങ്ങാണിത്. വലിയ ചുവടും വണ്ണിച്ച കടഭാഗവും ഉള്ള ഒരു തൈത്തെങ്ങ്. മണ്ണിൽ ഉറപ്പായി നിൽക്കുന്നു. ധാരാളം തേങ്ങയും മച്ചിങ്ങയും. നിറയെ കരുത്തുള്ള ഓലകൾ. പെട്ടെന്നു വീഴുന്ന തരത്തിലല്ല തെങ്ങു നിൽക്കുന്നത്.
തെങ്ങു വെട്ടി മാറ്റണമെന്നാണ് അപേക്ഷ. വിധവയായ അമ്മയ്ക്കും മകൾക്കും ഉള്ള പത്തു സെന്റിൽ ഇപ്പോഴുള്ളതു ഈ ഒരു തെങ്ങു മാത്രമാണ്. അതു വെട്ടി മാറ്റണമെന്നു പറയുന്നതു സങ്കടമാണ്.
സ്ഥലത്തു പോയി നോക്കി വിശദമായി റിപ്പോർട്ട് എഴുതിയിട്ടുണ്ട്.
അപകടകരമായ നിൽക്കുന്ന മരം മുറിച്ചു മാറ്റുകയല്ലേ ചെയ്യുക? അപേക്ഷകൻ ഓഫീസറോടു ചോദിച്ചു.
ഓഫീസർ അപേക്ഷയും റിപ്പോർട്ടും നന്നായി വായിക്കുകയായിരുന്നു.
ഞാൻ പ്രസിഡന്റിനോട് പറഞ്ഞിട്ടുണ്ട്. അവൻ എന്റെ സ്വന്തം പയ്യനാണ്. അപേക്ഷകൻ ഓഫീസിൽ തനിക്കുള്ള സ്വാധീനം വിശദീകരിച്ചു. നിങ്ങൾ തയ്യാറായാൽ മതി.
കാര്യങ്ങൾ ശരിയായി അറിഞ്ഞു ലക്ഷ്യം നേടാൻ ഒരുങ്ങി ഇറങ്ങിയിട്ടുള്ള അപേക്ഷേകനെ ഓഫീസർ നന്നായി കാണുകയായിരുന്നു. അന്വേഷിച്ചു റിപ്പോർട്ട് എഴുതിയ ജീവനക്കാരനെയും നോക്കി. മതിലിനരികത്തേക്കു ചാഞ്ഞു നിൽക്കുന്ന തെങ്ങു വെട്ടി മാറ്റുന്നതിനുള്ള വഴി തെളിഞ്ഞിട്ടുണ്ട്. ഓഫീസർ തീരുമാനം എഴുതിയാൽ മതി.
കടലാസ്സ് റെഡി. തെങ്ങു വെട്ടി മാറ്റണം. തടസ്സം ഒന്നും ഇല്ലല്ലോ? തടസ്സം ഉണ്ടാകരുത്. ഉണ്ടായാൽ ബുദ്ധിമുട്ടാകും. അപേക്ഷകൻ സ്വാധീനവും കഴിവും പണവും ഉള്ള ആളാണ്. ഈ തെങ്ങു വെട്ടി മാറ്റാൻ മടി പറഞ്ഞതിനാലാണു പഴയ ഓഫീസർ സ്ഥലം മാറേണ്ടി വന്നത്. അതും പുതിയ ആൾ അറിയണം. അപേക്ഷയിൽ തീരുമാനം എടുക്കേണ്ട നിർണ്ണായക ഘട്ടത്തിൽ മൗനം പാലിക്കരുത്. അപകടം ക്ഷണിച്ചു വരുത്തരുത്.
റിപ്പോർട്ട് എഴുതിയ ജീവനക്കാരന്റെ മുഖത്തേയ്ക്കു നോക്കി. തെങ്ങു വെട്ടിയാലും കൊള്ളാം വെട്ടിയില്ലേലും കൊള്ളാം. ഞാൻ കണ്ടതെഴുതി. നിർണ്ണയിക്കേണ്ടതു സാറാണ്.
അപകടകരമായി നിൽക്കുന്ന മരം മുറിച്ചു മാറ്റാനുള്ള അധികാരം കമ്മിറ്റിക്കാണ്. ജീവനും സ്വത്തിനും അപകടകരമായാണു മരം നിൽക്കുന്നതെങ്കിൽ മുറിച്ചു മാറ്റാം... കമ്മിറ്റി തീരുമാനിച്ചാൽ മതി.
അപേക്ഷയ്ക്കു അനുകൂലമായ വാക്കുകൾ ഓഫീസറിൽ നിന്നും കേൾക്കുന്നതു സംഗീതം പോലെ ആസ്വദിക്കാൻ കാത്തിരിക്കുന്ന അപേക്ഷൻ. തിന്നുന്ന ചോറല്ലാത്തതെല്ലാം തെങ്ങിനു കൊടുത്തു അതിൽ നിന്നുണ്ടാകുന്ന ഓരോ പൂവും കായായി കിട്ടണമെന്ന പ്രാർത്ഥനയുമായി നിൽക്കുന്ന നിരാലംബരായ ഒരമ്മയേയും മകളെയും കാണാതിരുന്നുകൂടാ.
നിങ്ങൾ കുറിപ്പെഴുതി അടുത്ത കമ്മിറ്റിയിൽ വയ്ക്കൂ. പ്രസിഡന്റിനോടും മെമ്പറോടും ഞാൻ പറഞ്ഞോളാം.
ആകട്ടെ... എന്ന വാക്കു വീണു കിട്ടാൻ അപേക്ഷകൻ താത്പര്യത്തോടെ നോക്കുമ്പോൾ ഓഫീസർ കുറച്ചു സാവകാശം തേടുകയായിരുന്നു.
ഞാനിതേപ്പറ്റി ആരോടും പറഞ്ഞിട്ടില്ല. ഓഫീസർ അപേക്ഷകന്റെ നേരെ നോക്കി. വാർഡ് മെമ്പറോടും പ്രസിഡന്റിനോടും ഞാനൊന്നു സംസാരിച്ചോട്ടെ...
ഹോ!

ഓഫീസറുടെ രസം കൊല്ലി വർത്തമാനം ആഗതനൊട്ടും പിടിച്ചില്ല. ഒന്നും പറഞ്ഞില്ല. തനിക്കനുകൂലമായി നിൽക്കുന്നയാളിനോടു ഇടയേണ്ട എന്ന നയത്തിൽ കണ്ണുകൾ കണ്ണടയ്ക്കുള്ളിൽ മെല്ലെ ചിറുമ്മി.

ഓഫീസർ ആലോചിച്ചു. ഇതു വെറുമൊരു മരമല്ല. നല്ല കായ്ഫലമുള്ള തൈത്തെങ്ങാണ്. വളർന്നപ്പോൾ ചെറുതായൊന്നു ചരിഞ്ഞു പോയി. അതിന്റെ പേരിൽ അതിൽ നിന്നും ഇനി എത്രയോ വർഷങ്ങളോളം കിട്ടാവുന്ന ആദായം ഇല്ലായ്മ ചെയ്യണോ? അതിന്റെ തലയ്ക്കലേക്കു കണ്ണുമായി നിൽക്കുന്ന അമ്മയേയും മകളേയും വിഷമിപ്പിക്കണോ? തെങ്ങു മുറിച്ചു മാറ്റണോ? സർവ്വീസിനിടയിൽ ചെയ്യാൻ ഇടവരരുതേ എന്നു പ്രാർത്ഥിച്ച ഒരു പ്രവൃത്തി ..... അല്പം സാവകാശം വേണം.

ഒരു കാര്യം ചെയ്യൂ.... കേൾക്കാൻ ഇഷ്ടമില്ലെങ്കിലും അപേക്ഷകൻ ഓഫീസറുടെ മുമ്പിലിരുന്നു. ഒരു മൂന്നു ദിവസം താങ്കൾ ക്ഷമിക്കുക. ഞാൻ ആ തെങ്ങൊന്നു കാണട്ടെ!

ഹും .... അപേക്ഷകൻ അംഗീകരിക്കാൻ നിർബന്ധിതനാകുകയായിരുന്നു.

മതി സർ! വാർഡിൽപ്പോയി റിപ്പോർട്ട് എഴുതിയ ജീവനക്കാരൻ ഉത്സാഹത്തോടെ പറഞ്ഞു. അയാൾ അനുഭവിച്ചിരുന്ന തിക്കുമുട്ടലിൽ എന്തോ ആശ്വാസം കണ്ടെത്തുകയായിരുന്നു എന്നു ഓഫീസർക്കു തോന്നി.

കാര്യങ്ങൾ പിന്നെയും താമസിക്കുകയാണ്. അപേക്ഷകന്റെ അസംതൃപ്തി ഓഫീസറോടും ജീവനക്കാരനോടും നേർക്ക് നിറയുകയായിരുന്നു.. അയാൾ എഴുന്നേറ്റു. ഗൗരവം വിടാതെ സ്ഥലം വിട്ടു.

ഓഫീസർ താമസിച്ചില്ല. അന്നുതന്നെ ജീവനക്കാരനുമൊന്നിച്ചു തെങ്ങുനിൽക്കുന്ന സ്ഥലത്തെത്തി. നിറകുലകൾ താങ്ങി, വിടർന്നു വിലസി, സായാഹ്ന വെയിലിൽ തിളങ്ങുന്ന ഓലക്കൈകൾ വീശി, നീണ്ടു നിവർന്നു നിൽക്കുന്ന ആരോഗ്യമുള്ള തൈത്തെങ്ങ്. തലഭാഗം അല്പം അപേക്ഷകന്റെ മതിൽക്കകത്തുണ്ട്. അതിനാൽ തെങ്ങിൽ നിന്നു വീഴുന്നതിൽ ചിലത് മതിൽക്കകത്തു പതിക്കും. അതിനുള്ള ശിക്ഷ.....

കടയോടെ വെട്ടി മാറ്റൽ

തെങ്ങിനു മറ്റു കുഴപ്പമൊന്നുമില്ല. അതവിടെനിന്നു വളരും. സ്വന്തം പയ്യൻ പ്രസിഡന്റായിരിക്കുമ്പോൾ ഇഷ്ടമില്ലാത്തവ അപകടകരമായി നിൽക്കുന്നു എന്നു പറഞ്ഞു തീരുമാനമെടുത്തു വെട്ടിമാറ്റാൻ കഴിഞ്ഞാൽ വലിയ കാര്യം തന്നെ. തന്റെ ബംഗ്ലാവിനു ആ തെങ്ങു കൊണ്ടുള്ള മറ നീങ്ങിക്കിട്ടും. എന്നാൽ ആ തെങ്ങു മതിലിനകത്തായിരുന്നെങ്കിൽ അതുവെട്ടി മാറ്റാൻ അയൽക്കാരി അപേക്ഷ നല്കിയാൽ, സ്വന്തം പയ്യൻ പ്രസിഡന്റിനോട് താങ്കൾ എന്താവും പറയുക?

മരങ്ങളേയും മനുഷ്യരേയും ഇഷ്ടമില്ലാത്ത താങ്കളോട് അല്പം കാരുണ്യം തേടിയാൽ....

തെങ്ങിൽ നിന്നും ഓലയും തേങ്ങയും മടലും ചപ്പും ചവറും മതിലനകത്തേക്കു വീഴാത്ത വിധം തെങ്ങു കയറി വൃത്തിയാക്കി നിർത്താൻ ശ്രദ്ധിക്കാൻ തെങ്ങിന്റെ ഉടമയോടു പറയാം....

തേങ്ങ വീണു തറയോടിളകിയെന്നു പറഞ്ഞ ദിവസം സമയത്തു തെങ്ങു കയറാതെ തേങ്ങാ ഉണങ്ങി ഒരെണ്ണം അടർന്നു വീണു അബദ്ധം പറ്റിയതാ. മുറ്റത്തു പുതിയ തറയോടു വിരിച്ച സമയം. ഓടിളകി സ്ഥാനം തെറ്റി. ആ ഓട് ശരിയാക്കി കൊടുക്കാമെന്നു പറഞ്ഞു. അതവർക്കു സമ്മതമായില്ല. അതേൽ നിങ്ങളു പണിഞ്ഞാൽ അതിന്റെ മോടി പോകും.

തെങ്ങവിടെനിന്നാൽ ഇനീം അബദ്ധം പറ്റും....

തെങ്ങു വെട്ടിക്കളഞ്ഞാൽ അതുപോലൊന്നു വളർന്നു കിട്ടാൻ എത്രയോ വർഷങ്ങൾ കഴിയണം? ഒരു തൈ വച്ചാൽ അത് വേരോടിക്കിട്ടാൻ തന്നെ എന്തു പാടാ? - ആ അമ്മയ്ക്കും മകൾക്കും ഇതല്ലാതെ മറ്റൊരു തെങ്ങില്ല. പറമ്പിന്റെ മൂലയിലും അരികിലുമായി എട്ടുപത്തു തെങ്ങു നിന്നിരുന്നതാണ്. എല്ലാം പോയി ശേഷിക്കുന്നതിതൊരെണ്ണം മാത്രം. അതുവെട്ടിക്കളഞ്ഞാൽ ഒരു ചമ്മന്തി അരയ്ക്കാൻ കൂടി അരമുറി തേങ്ങ വില കൊടുത്തു വാങ്ങേണ്ടി വരും ആ പാവങ്ങൾ...

അപകടകരമായി നിൽക്കുന്നതെന്നു നിങ്ങളെല്ലാം വിളിക്കുന്ന ഈ തെങ്ങ് അപകടകാരിയാണോ സാർ? കേടൊന്നുമില്ലാതെ നിൽക്കുന്ന ഈ തെങ്ങു വെട്ടി മാറ്റിയാൽ അതുണ്ടാക്കുന്ന നഷ്ടം നമ്മുടെ ആരുടേയും ആയിരം ജന്മം കൊണ്ടും വീട്ടാനാകില്ല. അതുകൊണ്ടു ഒന്നാലോചിക്കൂ സാർ... ദയാപൂർവ്വം .... വാശിയെന്നാൽ നാശം. മനുഷ്യരിൽ നിന്നും ഈശ്വരൻ ആഗ്രഹിക്കുന്നതു നാശമല്ലല്ലോ? നന്മയല്ലേ?

കണ്ണിനും കരളിനും കുളിർമ്മ നിറച്ചു ചുറ്റുപാടും നിഴൽ പരത്തി ആ കൽപവൃക്ഷം അവിടെ നിൽക്കട്ടെ സർ....

ഇതിപ്പോൾ... അപേക്ഷകൻ ഓഫീസറുടെ മുഖത്തേക്കു നോക്കി. ആ തെങ്ങെവിടെ നിർത്തണമെന്നു നിങ്ങൾ നിങ്ങൾക്കാണല്ലോ കൂടുതൽ താത്പര്യം

അതേ, സാർ- ഓഫീസർ അപേക്ഷകന്റെ വീടിനുമ്മറത്തു നിന്നു കെഞ്ചുന്ന പോലെ പറഞ്ഞു.

അപേക്ഷകൻ ഒന്നും പറഞ്ഞില്ല.

തെങ്ങു വെട്ടി മാറ്റണമെന്ന അപേക്ഷയിൽ പുതിയതായി വന്ന ഓഫീസറും നടപടി ഒന്നും എടുത്തില്ല. കമ്മിറ്റി പലതും കൂടി. പിന്നെയും കുറെ ദിവസങ്ങൾ കഴിഞ്ഞു. ഓഫീസിൽ വലിയ തിരക്കില്ലാത്ത ദിവസം. പഴയ ചില ഫയലുകളുമായി ഓഫീസർ കുശലം ചെയ്യുമ്പോഴാണ്

മെ ഐ കമിൻ സർ? ആ പഴയ ശബ്ദം.

ഓ, വരൂ... ഇരിക്കൂ - ഓഫീസർ സന്തോഷത്തോടെ ആദരവോടെ സ്വാഗതം ചെയ്തു. അദ്ദേഹം മുറിയിലേക്കു കടന്നു. ഓഫീസറുടെ മുമ്പിൽ ഇരുന്നു. ഓഫീസർ അദ്ദേഹത്തെ തന്നെ ശ്രദ്ധിച്ചു.

ഈശ്വരൻ എന്നിൽ നിന്നും ആഗ്രഹിക്കുന്നതെപ്പറ്റി ഞാൻ ചിന്തിച്ചിരുന്നില്ല.... ആഗതൻ പറഞ്ഞു.

എനിക്കു വാശിയായിരുന്നു. തെങ്ങു അപകടമുണ്ടാക്കുകയോ ഉണ്ടാക്കാതിരിക്കുകയോ ചെയ്യട്ടെ, അതവിടെ നിന്നും മുറിച്ചു കളയണമെന്നേ ഉണ്ടായിരുന്നുള്ളൂ. അതിനു വേണ്ടി ഞാൻ നന്നായി ഉത്സാഹിച്ചു. ഞാൻ നേടുമായിരുന്നു. പക്ഷേ, നിങ്ങൾ എന്നെ പിന്തിരിപ്പിച്ചു. എന്റെ വീട്ടുകാരിയും അതു പറഞ്ഞു.

ഞാൻ ജയിക്കുമ്പോൾ തോൽക്കുന്നതു ദൈവമാണെന്നറിയാൻ ഒത്തിരി വൈകി.

നിങ്ങൾ അതെത്രയോ വശ്യമായി എന്നോടു പറഞ്ഞു. നിങ്ങൾക്കു മുമ്പിരുന്ന ഓഫീസർക്ക് ഇതെന്നോടു പറയാൻ കഴിഞ്ഞില്ല.

ഞാൻ ആ അപേക്ഷ എന്തു ചെയ്യണം സാർ ?

അപേക്ഷ താങ്കൾ നിർബന്ധിക്കുന്നില്ലല്ലോ? ഓഫീസർ പറഞ്ഞു. വിവരം ഫയലിൽ രേഖപ്പെടുത്തി നടപടി അവസാനിപ്പിക്കാം.

നന്നായി ! മുമ്പിലിരിക്കുന്ന ചെറുപ്പക്കാരനായ ഓഫീസറെ കണ്ണു നിറയെ കണ്ടു. മനസ്സു നിറഞ്ഞു. തോൽക്കുന്നതിന്റെ സുഖം അറിയുകയാണ്. ആ നിർവൃതിയിൽ ഒരു കുഞ്ഞിനെപ്പോലെ ആഹ്ളാദിച്ചു. നല്ലൊരു തൈത്തെങ്ങു രക്ഷപ്പെട്ടു സർ. അതു താങ്കൾക്കു മാത്രം ചെയ്യാവുന്ന ദാനമാണ്. നാട്ടിലുള്ള തെങ്ങുകളെല്ലാം ഒന്നിനൊന്നു നശിച്ചുകൊണ്ടിരിക്കുന്ന സമയത്ത് നമ്മൾ ഒരു തെങ്ങു രക്ഷപ്പെടുത്തി. അതിലുണ്ടാകുന്ന ഇളനീരിനു ഇനി ഇരട്ടി മധുരമാകും സാറേ. താങ്കളുടെ നന്മയുടെ മധുരം കൂടി അതിൽ ജനിക്കും. വളരെ നന്ദിയുണ്ടു സർ. നിങ്ങളെപ്പോലുള്ളവർ നാട്ടിലെ ഓഫീസുകളിൽ ഉണ്ടെന്നറിയുന്നതു തന്നെ എത്രയോ ആനന്ദ ദായകം!

അദ്ദേഹത്തിന്റെ മുഖം നിഷ്കളങ്കമായി. സന്തോഷത്തിൽ വിടർന്നു. ■

# കാഴ്ചകൾ

ചെറുകഥ

● റോസമ്മ തോമസ്,
കിഴക്കയിൽ, കൂമൻതോട്

കണാരേട്ടന്റെ ദിവസം ആരംഭിക്കുന്നത് വെളുപ്പിന് 4 മണി മുതലാണ്. നാമജപം ചൊല്ലി കുളിച്ച് ശുദ്ധി വരുത്തി, ഒരു ഗ്ലാസ്സ് ചുക്കു കാപ്പി കുടിച്ച് ഡയറി തുറന്ന് തന്റെ പതിവ് കണക്കുകളും കാര്യങ്ങളും കൃത്യനിഷ്ഠയോടെ രേഖപ്പെടുത്തും. 15 ഏക്കർ പുരയിടത്തിൽ കൃഷി ചെയ്തു വരുന്ന വാഴ പച്ചക്കറി, കൊള്ളി (കപ്പ കൃഷി) എന്നിങ്ങനെ നീണ്ടു നിവർന്നു കിടക്കുന്ന ഇടവിളകളെപ്പറ്റി പലപ്പോഴും അഭിമാനം തോന്നിയിട്ടുണ്ട്. തെങ്ങു കൃഷിയിൽ പേരുകേട്ട കണാരേട്ടന്റെ തെങ്ങിൻ തോപ്പു കാണാൻ ദൂരെ ദേശത്തു നിന്നു പോലും ആളുകൾ എത്തിയിട്ടുണ്ട്. വെളുപ്പിന് അഞ്ചരയ്ക്ക് പെൺ മക്കളെയും കൂട്ടി കൃഷിയിടത്തിലേയ്ക്ക് പോകും. എല്ലാവർക്കും അവരാൽ കഴിയുന്ന ജോലി 6 മണി മുതൽ 7 മണി വരെ പങ്കിട്ടു കൊടുക്കും. അത് കണാരേട്ടന് നിർബന്ധമാണ്. വെളുപ്പാൻ കാലത്ത് ജോലി ചെയ്താൽ നല്ല ആരോഗ്യവും പഠിക്കാൻ ഉന്മേഷവും കിട്ടുമത്രെ.

കണാരേട്ടനും ചിരുതയ്ക്കും കൂടി മക്കൾ ഏഴ്. എല്ലാം പെൺമക്കൾ. കൃഷിയിൽ യാതൊരു രാസവള പ്രയോഗവും നടത്താറില്ല. ഏഴു പശുക്കളും രണ്ടു കാളകളും ഉണ്ട്. ഇവറ്റകളുടെ ചാണകവും മൂത്രവും പച്ചില വളവും ഉപയോഗിക്കും. കണാരേട്ടന്റേയും, ചിരുതയുടേയും വിചാരം രാസവളം ചെന്നാൽ കൃഷിയിടത്തിലെ മണ്ണിലെ സൂക്ഷ്മജീവികൾ നശിച്ചു കഴിഞ്ഞാൽ, മണ്ണ് പിന്നെ ഫലം തരില്ല എന്നാണ്. കൃഷികൾക്ക് കേടുവന്നാൽ ആ ഫലങ്ങൾ മനുഷ്യൻ തിന്നാൽ അവർക്കും ദീനം വരും. അറിഞ്ഞോണ്ടെന്തിനാ മനുഷ്യനെ ചതിക്കുന്നത്. നിഷ്കളങ്കമായ ചിരിയോടെ കണാരേട്ടൻ മറ്റുള്ളവരെ ഉപദേശിക്കും. തെങ്ങിൻ തടമെടുക്കുന്നതും തെങ്ങിന്റെ മണ്ടയൊരുക്കുന്നതൊക്കെ കണാരേട്ടൻ തന്നെയാണ്. തെങ്ങിൻ തോപ്പുകളിലൂടെ ചീര വിത്തുകൾ, വെള്ളരി, മത്തൻ, ചീനിക്കിഴങ്ങുകൾ എന്നിവ നട്ടു കൊടുക്കും. വെള്ളത്തിനായി നീർച്ചാലുകൾ ഒരു നിശ്ചിത അകലത്തിൽ നനവിനായിയൊരുക്കി കൊടുക്കും. കണാരേട്ടന്റെയും മക്കളുടേയും കൃഷിയിലുള്ള കഴിവ് കണ്ട് നാട്ടുകാരും പഞ്ചായത്തുകാർ പോലും നല്ല അഭിപ്രായമാണ് പ്രകടിപ്പിക്കാറുള്ളത്. വിളവെടുപ്പു കാലമായാൽ ആ നാട്ടിലെ പാവപ്പെട്ടവർക്ക് കണാരേട്ടൻ ഒരോഹരി നൽകും.

വീട്ടുമുറ്റത്തെ ചാണകത്തറയിൽ നെല്ലുകളും മറ്റു വിളകളും ഓരോ വിഭാഗമായി നിരത്തിയിടും. വിഷുവിന് കണിവെള്ളരിയും പുത്തരിയും പുത്തൻ വസ്ത്രവുമൊക്കെ കണാരേട്ടന്റെ വക. പിന്നെയവിടെ ഒരുത്സവമാണ്. എല്ലാവരും കുട്ടകളും ചാക്കുമായി പടിവാതിൽക്കൽ കാത്തു നിൽക്കും. വരുന്നോർക്ക് ചിരുതമ്മയുടെ വക ചൂടു കുത്തരി കഞ്ഞിയും ചുട്ടരച്ച തേങ്ങാ ചമ്മന്തിയും. അവരുടെ വയറു നിറയുന്നതു കാണുമ്പോൾ ചിരുതമ്മയുടെ മനസ്സും നിറയും. തന്റെ മക്കളെ പോലെ തന്നെ കൃഷിയിടത്തെയും കണാരേട്ടനും ചിരുതയും സ്നേഹിച്ചിരുന്നു. കാലങ്ങൾ കഴിഞ്ഞു മക്കളെല്ലാവരും കൃഷി തന്നെ പഠിച്ച് കൃഷി ഓഫീസർമ്മാരും, കൃഷി വകുപ്പ് മേധാവികളും ആയിത്തീർന്നു. എല്ലാവരെയും തന്നെ നല്ല രീതിയിൽ പറഞ്ഞു വിട്ട കണാരേട്ടനും, ചിരുതമ്മയും ഓരോരുത്തർക്കായി പുരയിടം ഭാഗങ്ങളായി തിരിച്ചു നൽകി കൊണ്ടു പറഞ്ഞു: മക്കളേ, കൃഷിയാണ് നമ്മുടെ ജീവൻ. ശുദ്ധമായതു കിട്ടിയാലേ വിശുദ്ധമായ ഒരു ജീവിതം നയിക്കാൻ പറ്റുകയുള്ളൂ. എല്ലാവർക്കും എല്ലാം കണ്ടും അറിഞ്ഞും കൊടുക്കുക.

ഈ കുംഭത്തിൽ കണാരേട്ടനും ചിരുതയ്ക്കും 90 വയസ്സു തികയുകയാണ്. രണ്ടു പേരും സമപ്രായക്കാർ എങ്കിലും അവർക്ക് യാതൊരു ക്ഷീണവും ഇല്ല. കണാരേട്ടന്റെ കീർത്തി വർദ്ധിച്ചു. പഞ്ചായത്തംഗങ്ങളും നാട്ടു പ്രമാണിമാരും അവർക്ക് നല്ലൊരു സ്വീകരണം നൽകാൻ തീരുമാനിച്ചു. അവരെല്ലാരും കൂടി നാട്ടുകൂട്ടം കൂടി. കണാരേട്ടന്റെ കൃഷിയെപ്പറ്റിയും കൃഷിയിടങ്ങളെപ്പറ്റിയും പഞ്ചായത്തു പ്രസിഡന്റായ റോജി പുസ്തകം എഴുതി തയ്യാറാക്കാമെന്ന് എല്ലാവരുടേയും സമ്മതത്തോടെ തീരുമാനിച്ചു. അതിന്റെ പ്രകാശനത്തിനായി മുഖ്യമന്ത്രിയേയും ക്ഷണിച്ചു. കണാരേട്ടൻ ആദ്യമായിട്ടാണ് മുഖ്യമന്ത്രിയെ നേരിൽ കാണുന്നത്. ചിരുതയും മക്കളും നേരത്തെയെത്തി. കണാരേട്ടനെ പൊന്നാടയണിയിച്ച് മുഖ്യമന്ത്രി സ്വീകരിച്ചിരുത്തി. നമ്മൾ എല്ലാവരും ഈ ധന്യ പിതാവിനെപ്പോലെ മാതൃക കാണിക്കണം. ഇവർ നല്ല ഒരു കൃഷിക്കാർ മാത്രമല്ല പാവങ്ങൾക്ക് ഒരത്താണി കൂടിയാണ്. ജന സമുദ്രം ഒന്നാകെ എണീറ്റ് കൈയ്യടിച്ചു. ഇതു കേട്ടപ്പോൾ നിറഞ്ഞ കണ്ണുമായി കൂപ്പു കൈയ്യോടെ എഴുന്നേറ്റു നിന്നു കൊണ്ടു കണാരേട്ടൻ പറഞ്ഞു- എല്ലാം ഉടയോന്റെ ഇഷ്ടമല്ലേ. മണ്ണിനെ നാം പൊന്നു പോലെ സൂക്ഷിച്ചാൽ മണ്ണ് നമ്മെ ചതിക്കില്ല. പിന്നെ എനിക്കും ചിരുതയ്ക്കും താമസിക്കാൻ 15 സെന്റ് ഭൂമിയും ചെറിയ ഒരു വീടും മതി. ബാക്കി സ്ഥലം ഞാൻ എന്റെ ഗ്രാമത്തിലെ പാവങ്ങൾക്കായി വിട്ടു നൽകുന്നു. ഇതുകേട്ടപ്പോൾ മുഖ്യമന്ത്രിയും മറ്റംഗങ്ങളും കൂടി പറഞ്ഞു നമുക്കത് ടൂറിസമാക്കി മാറ്റാം. ഗ്രാമീണർ എതിർത്തു. വേണ്ട സാർ അതു സമൂഹത്തിന്റെ പൊതു സ്വത്തായാൽ ശരിയാവത്തില്ല. കാരണം വിണ്ണിലെയും മണ്ണിലെയും വായു ശുദ്ധമായിരിക്കണം. ശുദ്ധ ജലം ഫലസമൃദ്ധി മാത്രമല്ല നമുക്ക് നൽകുന്നത് ആരോഗ്യമുള്ള സമൂഹത്തെ കൂടിയാണ്. കൂട്ട കൈയ്യടിയുടെ ശബ്ദം എങ്ങും കേട്ടു. പുസ്തക പ്രകാശനത്തിനായി പഞ്ചായത്തംഗമായ റോജി മന്ത്രിയെ ക്ഷണിച്ചു. മന്ത്രി ആ പുസ്തകം കണാരേട്ടന് നൽകിക്കൊണ്ടു പറഞ്ഞു. ഇതുപോലുള്ള കാഴ്ച്ചകളടങ്ങിയ പുസ്തകങ്ങൾ ഓരോരുത്തരുടേയും മനസ്സിൽ സൂക്ഷിക്കേണ്ടതാണ്. ഇതിലുള്ള അറിവും കഴിവും എല്ലാവർക്കും ലഭിക്കണമെന്നില്ല. എങ്കിലും ഈ കൊച്ചു പുസ്തകമായ കാഴ്ചകൾ നമ്മുടെ സ്കൂൾ വിദ്യാഭ്യാസത്തിൽ കൂടി ഉൾപ്പെടുത്തിയാലേ വരും തലമുറയ്ക്ക് കൃഷിയെപ്പറ്റിയുള്ള അറിവും ഇങ്ങനെയുള്ള പൂർവ്വ പിതാക്കന്മാർ ജീവിച്ചിരുന്നു എന്നുള്ള തിരിച്ചറിവും ലഭിക്കുകയുള്ളു.

ഈ സമയം മന്ത്രിക്കു കുടിക്കാൻ ഇളനീർ ചെത്തി കൊടുത്തു കൊണ്ട് റോജി പറഞ്ഞു. കണാരേട്ടന്റെ ചെന്തെങ്ങിൽ നിന്നാട്ടോ. ഇത്രയും രുചിക്ക് ഇതിന്റെ കൂടെ വല്ലോം ചേർത്തോ? ഒന്നുമില്ല്യ സ്നേഹത്തിന്റേയും ത്യാഗത്തിന്റേയും ഉപ്പുരസം അത്രേയുള്ളു. കണാരേട്ടൻ ചിരിച്ചു. മന്ത്രി പോകാൻ നേരത്ത് പാരിതോഷികമായി പതിനായിരം രൂപ കവറിലിട്ട് കണാരേട്ടന് നല്കി. ഇതൊരു ഉപഹാരമാണ്. വേണ്ടാ. ഇതിന് എന്നെക്കാളും അർഹതപ്പെട്ട ഒരാള് ഈ സമൂഹത്തിലുണ്ട്. അങ്ങയുടെ കൈ കൊണ്ടു തന്നെ കൊടുക്കണം. ഞാനിതു മേടിച്ചാൽ എനിക്കുറക്കം വരത്തില്ല. കണാരേട്ടൻ നീട്ടി വിളിച്ചു. സീതേ... മെലിഞ്ഞുണങ്ങിയ ഒരു പത്തു വയസ്സുകാരി അമ്മയുടെ സാരി

ത്തുമ്പിൽ പിടിച്ചുകൊണ്ടു വന്നു. ഇത് ഇവൾക്ക് ഉള്ളതാണ്. അടുത്തയാഴ്ച അവളുടെ ഹൃദയവാൽവിന് ഓപ്പറേഷൻ വേണം. മുഖ്യമന്ത്രിയുടെ കണ്ഠമിടറി. ആ പൊതി അവളെ ഏൽപ്പിച്ചു കൊണ്ടു കൊണ്ട് അദ്ദേഹം പറഞ്ഞു. ഇത്രയും മഹാനായ വ്യക്തിയെ ഞാൻ കണ്ടിട്ടില്ല. ഇന്നു മുതൽ എല്ലാ മെഡിക്കൽ കോളേജുകളിലും മുഖ്യമന്ത്രിയുടെ ഫണ്ടിൽ നിന്ന് ഒരു വിഹിതം ഞാൻ നീക്കി വയ്ക്കുന്നു. തണൽ എന്ന സംഘടന വഴി നിങ്ങൾക്കെല്ലാവർക്കും അതിൽ അംഗമാകാം.

യോഗം പിരിഞ്ഞു. കണാരേട്ടന്റെ കാഴ്ചകൾ എന്ന പുസ്തകം കഥ ആ കൊല്ലത്തെ ഏറ്റവും നല്ല കൃതിക്കുള്ള അവാർഡിന് അർഹമായി. അടുത്ത വർഷം മുതൽ സ്കൂളുകളിലെ ഉപപാഠ പുസ്തകമായി വിദ്യാഭ്യാസ വകുപ്പ് അതിനെ സ്വീകരിക്കുകയും ചെയ്തു. ■

---

**കവിത**

# കുഞ്ഞിക്കയ്യാൽ


**● ജയരാജ് കുളുക്കല്ലൂർ,**
പേരയിൽ പുത്തൻവീട്, മുളയങ്കാവ് പി.ഒ, കുലുക്കല്ലൂർ,പാലക്കാട്.


തെങ്ങിൻ തൈകൾ വയ്ക്കുക നമ്മൾ
തൊടികൾ തോറും വയ്ക്കുക,പിന്നെ
മലയാളത്തിൻ മണ്ണിൽ നിറയെ
തെങ്ങിൻ തൈകൾ വയ്ക്കുക നമ്മൾ

തെങ്ങതു നല്ലൊരു മരമാണല്ലോ
വരമായ് കിട്ടിയ ധനമാണല്ലോ
തെങ്ങിൻ മുകളിൽ നിറകുംഭങ്ങൾ
അതിനും താഴെ ഇളനീർക്കുലകൾ

പുണ്യം പൂക്കും കരയുടെയരികിൽ
തെളിനീരൊഴുകും നിളതൻ നാട്ടിൽ
തരളിതമാകും കാഴ്ചകളേകും, കേരം
എന്നും പ്രിയതരമായൊരു മരമാണല്ലോ.



## നാളികേര വികസന ബോർഡിന് പാറ്റ്നയിൽ റീജിയണൽ ഓഫീസ്

നാളികേര വികസന ബോർഡിന്റെ പാറ്റ്ന ഓഫീസിന് റീജിയണൽ ഓഫീസ് പദവി നല്കി ഉയർത്തിയതായി കൃഷി കർഷക ക്ഷേമ മന്ത്രാലയം അറിയിച്ചു. ബിഹാർ കൂടാതെ ജാർഖണ്ഡ്, ഛത്തിസ്ഗഡ് എന്നീ സംസ്ഥാനങ്ങളുടെ ചുമതല കൂടി ഇനി മുതൽ പാറ്റ്ന ഓഫീസിനായിരിക്കും. ഒരു ഡെപ്യൂട്ടി ഡയറക്ടറുടെ നേതൃത്വത്തിൽ നിലവിലുള്ള ഉദ്യോഗസ്ഥരുടെ സേവനം ഈ ഓഫീസിൽ തുടരും. ഗുവാഹത്തി മറ്റൊരു റീജിയണൽ ഓഫീസായും പ്രവർത്തിക്കും.

## കരപ്പുറം കമ്പനി നീരടെക്നീഷ്യൻ പരിശീലനം സമാപിച്ചു

നാളികേര വികസന ബോർഡിന്റെ സഹായത്തോടെ കരപ്പുറം സി. പി. സി. സംഘടിപ്പിച്ച പരമ്പരാഗത ടാപ്പർമാർക്കുള്ള നീര ടെക്നീഷ്യൻ പരിശീലനം സമാപിച്ചു. മാരാരിക്കുളം വടക്ക് നാളികേര ഫെഡറേഷന്റെ പരിധിയിൽ പൊഴിക്കൽ ധനേശന്റെ തെങ്ങിൻ തോപ്പിലാണ് രണ്ടാഴ്ചക്കാലം നീണ്ടുനിന്ന പരിശീലനം നടന്നത്. പരിശീലനം വിജയകരമായി പൂർത്തിയാക്കിയ ടെക്നീഷ്യന്മാർക്കുള്ള സർട്ടിഫിക്കറ്റുകൾ സമാപന ചടങ്ങിൽ വച്ച് കമ്പനി ചെയർമാൻ അഡ്വ: ഡി. പ്രിയേഷ്കുമാർ വിതരണം ചെയ്തു. പ്രായോഗിക പരീക്ഷയിൽ വിജയികളായവർക്കുള്ള ക്യാഷ് അവാർഡുകളും വിതരണം ചെയ്തു. കമ്പനി സി. ഇ. ഒ. ഡോ: പി. കെ. മാണി അദ്ധ്യക്ഷത വഹിച്ചു. ഡയറക്ടർമാരായ ടി. എസ്. വിശ്വൻ, കെ. സുകുമാരൻനായർ, മാർക്കറ്റിംഗ് കമ്പനി എം. ഡി. എൻ. കെ. പ്രകാശൻ, ഫെഡറേഷൻ സെക്രട്ടറി അനിൽ വെള്ളശ്ശേരി തുടങ്ങിയവർ സംസാരിച്ചു.

## കോക്കനട്ട് പോയിന്റ് ഉദ്ഘാടനം



*ഞീഴൂർ കോക്കനട്ട് പോയിന്റിന്റെ ആദ്യ വിൽപന അസി. ഡയറക്ടർ കെ. എസ്. സെബാസ്റ്റ്യൻ നിർവ്വഹിക്കുന്നു.*

ഞീഴൂർ നാളികേരോൽപാദക ഫെഡറേഷന്റെ ആഭിമുഖ്യത്തിൽ നാളികേര വികസന ബോർഡിന്റെ സഹായ സഹകരണത്തോടെ ഞീഴൂരിൽ ആരംഭിച്ച കോക്കനട്ട് പോയിന്റിന്റെ ഉദ്ഘാടനം പഞ്ചായത്ത് പ്രസിഡന്റ് എൻ. മണിലാലും ആദ്യ വിൽപനയുടെ ഉദ്ഘാടനം നാളികേര വികസന ബോർഡ് അസി. ഡയറക്ടർ കെ. എസ്. സെബാസ്റ്റ്യനും നിർവ്വഹിച്ചു. ഫെഡറേഷൻ പ്രസിഡന്റ് എൻ. പത്മനാഭ പിള്ള അധ്യക്ഷത വഹിച്ച യോഗത്തിൽ അഡ്വ. പി.സി. മാത്യു (പ്രസിഡന്റ്, കോട്ടയം കോക്കനട്ട് പ്രൊഡ്യൂസർ കമ്പനി) ജോസഫ് എടത്തിൽ, സാജൻ ഐസക്, ജോമോൻ ഐസക്, എ. എൻ. അനിൽ കുമാർ (കോട്ടയം കോക്കനട്ട് പ്രൊഡ്യൂസർ കമ്പനി ഡയറക്ടർമാർ), പി. ഡി. രാധാകൃഷ്ണൻ, ജോൺസൺ കൊട്ടുകാപ്പള്ളി, വി. ബി. വിനോദ് കുമാർ, യു. എൻ. ശിവൻ, ഷിനോയ് ജോർജ്ജ്, സി.ജി. മാത്യു, സ്കറിയാ വർക്കി, കെ. മാധവൻ എന്നിവർ പ്രസംഗിച്ചു.


യോഗത്തിൽ ഫെഡറേഷൻ സെക്രട്ടറി പി. എസ്. സത്യൻ സ്വാഗതവും, വൈസ് പ്രസിഡന്റ് ജോയി കുഴിവേലിൽ നന്ദിയും പറഞ്ഞു.

## തണ്ണീർമുക്കം സൗത്ത് സി. പി. എഫ്. ഒരു ലക്ഷം നാളികേരം സംഭരിച്ചു

നാളികേര വികസന ബോർഡിന്റെ നിർദ്ദേശാനുസരണം നാളികേര സംഭരണം തുടങ്ങിയിട്ട് ഒരു വർഷം പിന്നിടുമ്പോൾ തണ്ണീർമുക്കം സൗത്ത് സിപിഎഫിന് ഒരു ലക്ഷം നാളികേരം സംഭരിക്കാൻ കഴിഞ്ഞതായി ഭാരവാഹികൾ അറിയിച്ചു. ഫെഡറേഷന്റെ കീഴിലുള്ള 18 നാളികേര ഉല്പാദക സംഘങ്ങളിലെ കൃഷിക്കാരിൽ നിന്നുള്ള നാളികേരമാണ് ന്യായവില നൽകി സമാഹരിക്കുന്നത്. ഫെഡറേഷൻ വാടകയ്ക്കെടുത്ത ഡ്രയറിൽ അവ മുഴുവനും കൊപ്രയാക്കുകയും ആട്ടിവെളിച്ചെണ്ണയാക്കി വിൽക്കുകയും ചെയ്തു വരുന്നു. ഒരു ലിറ്റർ, അരലിറ്റർ കുപ്പികളിൽ വിൽക്കുന്ന ഏറ്റവും പരിശുദ്ധമായ വെളിച്ചെണ്ണയ്ക്ക് വലിയതോതിലുള്ള സ്വീകരണമാണു ലഭിച്ചുവരുന്നത്. മായവും കലർപ്പുമില്ലാത്ത വെളിച്ചെണ്ണ തേടി ദൂരസ്ഥലങ്ങളിൽ നിന്നുപോലും ആവശ്യക്കാർ എത്തുന്നുണ്ട്. വെളിച്ചെണ്ണയ്ക്കു പുറമെ നീരയും ഉപഉല്പന്നങ്ങളും ഇവിടെ വില്പന നടത്തുന്നു. പച്ചത്തേങ്ങ വാങ്ങുന്നതിനും പ്രതിദിനം നിരവധിപ്പേർ ഈ വിപണന കേന്ദ്രത്തിലെത്തുന്നതായി ഫെഡറേഷൻ സെക്രട്ടറി ടി. എസ്. വിശ്വൻ അറിയിച്ചു. പച്ചക്കറി തൈകളും വിത്തുകളും ഇവിടെ ആവശ്യക്കാർക്കു നൽകുന്നുണ്ട്. ചകിരിച്ചോർ കമ്പോസ്റ്റ് ഉൾപ്പടെ ജൈവ വളങ്ങളും ഇവിടെ നിന്നും ലഭിക്കും. ജൂലൈ മാസം മുതൽ നാളികേര ബോർഡിന്റെ സഹായത്തോടെ പ്രവർത്തിക്കുന്ന മറ്റ് ഫെഡറേഷനിലെ നഴ്സറികളിൽ നിന്നും നല്ലയിനം തെങ്ങിൻ തൈകളും ഔട്ട്ലറ്റുവഴി വില്പന നടത്തുമെന്നു സെക്രട്ടറി അറിയിച്ചു.

2016 ഏപ്രിൽ

# കമ്പോളാവലോകനം



- രാജ്യത്തെ പ്രമുഖ വിപണികളിൽ ആട്ടുകൊപ്ര, വെളിച്ചെണ്ണ എന്നിവയുടെ വിലയിൽ അസ്ഥിരത രേഖപ്പെടുത്തി
- വെളിച്ചെണ്ണയുടെയും കൊപ്രയുടെയും അന്താരാഷ്ട്ര വിലയിലും ക്രമരഹിതമായ പ്രവണതയാണ് കാണപ്പെട്ടത്.

● മാർക്കറ്റിംഗ് ഡിവിഷൻ, നാളികേരവികസനബോർഡ് കൊച്ചി-11

**വെളിച്ചെണ്ണ**

വെളിച്ചെണ്ണയുടെ ഏപ്രിൽ മാസത്തെ ശരാശരി വില കൊച്ചി വിപണിയിൽ ക്വിന്റലിന് 8756 രൂപയായിരുന്നു. ആലപ്പുഴ വിപണിയിൽ വെളിച്ചെണ്ണയുടെ വില ഏറെക്കുറെ കൊച്ചി വിപണിയിലേതു പോലെ നിന്നു. ആലപ്പുഴ വിപണിയിലെ ശരാശരി മാസവില ക്വിന്റലിന് 8744 രൂപയായിരുന്നു. കോഴിക്കോട് വെളിച്ചെണ്ണയുടെ ശരാശരി മാസവില ക്വിന്റലിന് 8664 രൂപയുമായിരുന്നു. കൊച്ചി, കോഴിക്കോട് വിപണികളിൽ വെളിച്ചെണ്ണയുടെ ശരാശരി മാസവില കഴിഞ്ഞ മാസത്തെയപേക്ഷിച്ച് യഥാക്രമം 4,9,1 ശതമാനം കൂടുതലാണ്. കഴിഞ്ഞ വർഷം ഇതേ മാസത്തെയപേക്ഷിച്ച് യഥാക്രമം 39,35,43 ശതമാനം വീതം കുറവുമായിരുന്നു. തമിഴ്നാട്ടിലെ കങ്കയം വിപണിയിൽ വെളിച്ചെണ്ണയുടെ ഏപ്രിൽ മാസത്തെ ശരാശരി മാസവില 7974 രൂപയായിരുന്നു. അത് കഴിഞ്ഞ മാസത്തേക്കാൾ നേരിയ കുറവും, കഴിഞ്ഞ വർഷം ഇതേ മാസത്തെയപേക്ഷിച്ച് 12 ശതമാനം കൂടുതലാണ്. കഴിഞ്ഞ വർഷം ഇതേ മാസത്തെയപേക്ഷിച്ച് 40 ശതമാനം കുറവുമാണ്.


**ആട്ടുകൊപ്ര**

എഫ്.എ.ക്യു കൊപ്രയുടെ ശരാശരി മാസവില കൊച്ചി വിപണിയിൽ ക്വിന്റലിന് 6150 രൂപയായിരുന്നു. രാശി കൊപ്രയുടെ ശരാശരി മാസവില ആലപ്പുഴ വിപണിയിൽ ക്വിന്റലിന് 5900 രൂപയായിരുന്നു. കോഴിക്കോട് വിപണിയിൽ ആട്ടുകൊപ്ര വില ക്വിന്റലിന് 5700 രൂപയായിരുന്നു. കൊച്ചി, ആലപ്പുഴ, കോഴിക്കോട് വിപണികളിൽ ശരാശരി മാസവില യഥാക്രമം 5796,5616,5596 രൂപവീതം ആയിരുന്നു. ഇത് കഴിഞ്ഞ മാസത്തേക്കാൾ യഥാക്രമം 7,2,1 ശതമാനം കൂടുതലും , കഴിഞ്ഞ വർഷം ഇതേ മാസത്തേക്കാൾ യഥാക്രമം 42,42,44 ശതമാനം വീതം കുറവുമായിരുന്നു. തമിഴ്നാട്ടിലെ കങ്കയം വിപണിയിൽ കൊപ്രയുടെ ശരാശരി മാസവില ക്വിന്റലിന് 5400 രൂപയായിരുന്നു. ഇത് കഴിഞ്ഞ മാസത്തേക്കാൾ 7 ശതമാനം കൂടുതലും, കഴിഞ്ഞ വർഷം ഇതേ മാസത്തേക്കാൾ 43 ശതമാനം കുറവുമായിരുന്നു. ആട്ടുകൊപ്രയുടെ ആന്ധ്രപ്രദേശിലെ അംബാജിപ്പേട്ടയിൽ ഏപ്രിൽ മാസത്തെ ശരാശരി വില ക്വിന്റലിന് 4856 രൂപയായിരുന്നു. ഇത് കഴിഞ്ഞ മാസത്തെക്കാൾ 2 ശതമാനം കുറവും കഴിഞ്ഞ വർഷം ഇതേ മാസത്തെക്കാൾ 47 ശതമാനം കുറവും ആയിരുന്നു.

**ഭക്ഷ്യയോഗ്യമായ കൊപ്ര**

രാജാപൂർ കൊപ്രയുടെ കോഴിക്കോട് വിപണിയിലെ ശരാശരി വില ക്വിന്റലിന് 8398 രൂപയായിരുന്നു. കഴിഞ്ഞ മാസത്തെ വിലയെ അപേക്ഷിച്ച് 3 ശതമാനം കുറവും കഴിഞ്ഞ വർഷം ഇതേ മാസത്തേക്കാൾ 42 ശതമാനം കുറവായിരുന്നു.

**ഉണ്ടകൊപ്ര**




*ഏപ്രിൽ മാസത്തിൽ വെളിച്ചെണ്ണ വിലയിലെ വ്യതിയാനങ്ങൾ*

ഉണ്ടകൊപ്രയുടെ ശരാശരി വില കോഴിക്കോട് വിപണിയിൽ ക്വിന്റലിന് 7356 രൂപയായിരുന്നു. കഴിഞ്ഞ മാസത്തെ വിലയെ അപേക്ഷിച്ച് 3 ശതമാനവും കഴിഞ്ഞ വർഷം ഇതേ മാസത്തേക്കാൾ 43 ശതമാനവും കുറവുമായിരുന്നു. ഉണ്ടകൊപ്രയുടെ ശരാശരി വില കർണ്ണാടകത്തിലെ തിപ്തൂർ നിയന്ത്രിത വിപണിയിൽ ക്വിന്റലിന് 8849 രൂപയായിരുന്നു; ഇതു കഴിഞ്ഞ മാസത്തെക്കാൾ 6 ശതമാനം കൂടുതലും കഴിഞ്ഞ വർഷത്തെ നിരക്കിനെക്കാൾ 33 ശതമാനം കുറവുമാണ്. അരസിക്കരയിൽ ഏപ്രിൽ മാസത്തെ ശരാശരി വില ക്വിന്റലിന് 8652 രൂപയായിരുന്നു. ഇതു കഴിഞ്ഞ മാസത്തെക്കാൾ 2 ശതമാനം കൂടുതലും കഴിഞ്ഞ വർഷംഈ മാസത്തെ നിരക്കിനെക്കാൾ 26 ശതമാനം കുറവുമാണ്. ബാംഗളൂർ വിപണിയിൽ ഉണ്ടക്കൊപ്രയുടെ ശരാശരി വില 12992 ആയിരുന്നു. കഴിഞ്ഞ മാസം ഏതാണ്ട് ഇതേ വിലയായിരുന്നു. കഴിഞ്ഞ വർഷം ഈ മാസത്തെ അപേക്ഷിച്ച് ഇത് 16 ശതമാനം കുറവാണ്.

**കൊട്ടത്തേങ്ങ**

കൊട്ടത്തേങ്ങയുടെ ശരാശരി വില കോഴിക്കോട് വിപണിയിൽ ആയിരത്തിന് 6907 രൂപയായിരുന്നു; കഴിഞ്ഞ മാസത്തേക്കാൾ 4 ശതമാനം കൂടുതലും കഴിഞ്ഞ വർഷത്തെ നിരക്കിനെക്കാൾ 41 ശതമാനവും കുറവുമാണ്.

**നാളികേരം**

നെടുമങ്ങാട് വിപണിയിൽ പൊതിച്ച നാളികേരത്തിന്റെ ശരാശരി വില ആയിരത്തിന് 8133 രൂപയായിരുന്നു. ഇത് കഴിഞ്ഞ മാസത്തേക്കാൾ 6 ശതമാനവും കഴിഞ്ഞ വർഷം ഈ മാസത്തേക്കാൾ 49 ശതമാനവും കുറവാണ്.

അരസിക്കര നിയന്ത്രിത വിപണിയിൽ ഭാഗികമായി പൊതിച്ച നാളികേരത്തിന്റെ വില കഴിഞ്ഞ മാസത്തിൽ പൊടു

ന്നനെ ഉയരുകയും വേഗത്തിൽ പൂർവസ്ഥിതി പ്രാപിക്കുകയും ചെയ്തു. ശരാശരി വില 8914 രൂപയായിരുന്നു; അത് കഴിഞ്ഞ മാസത്തെയപേക്ഷിച്ച് 4 ശതമാനവും കഴിഞ്ഞ വർഷം ഈ മാസത്തേക്കാൾ35 ശതമാനവും കുറവാണ്.

ഭാഗികമായി പൊതിച്ച നാളികേരത്തിന്റെ ശരാശരി വില ബാംഗ്ലൂർ നിയന്ത്രിത വിപണിയിൽ ആയിരത്തിന് 12800 രൂപയായിരുന്നു; അത് കഴിഞ്ഞ മാസത്തേക്കാൾ 9 ശതമാനം കൂടുതലും കഴിഞ്ഞ വർഷം ഈ മാസത്തേക്കാൾ 19 ശതമാനം കുറവുമാണ്.

ഭാഗികമായി പൊതിച്ച ഗ്രേഡ് 1 നാളികേരത്തിന്റെ ശരാശരി വില മംഗലാപുരം നിയന്ത്രിത വിപണിയിൽ ആയിരത്തിന് 1500 രൂപയായിരുന്നു. അത് കഴിഞ്ഞ മാസവും ഏതാണ്ട് ഇതേ വിലനിലവാരം തന്നെയാണ് രേഖപ്പെടുത്തിയത്. കഴിഞ്ഞവർഷം ഈ മാസത്തേക്കാൾ 17 ശതമാനം കുറവുമാണ്.


**ഇളനീർ**

ഇളനീരിന്റെ വില കർണാടകത്തിലെ മദ്ദൂർ വിപണിയിൽ ആയിരത്തിന് 10280 രൂപയായിരുന്നു. കഴിഞ്ഞ മാസത്തെ അപേക്ഷിച്ച് വില 3 ശതമാനം കൂടുതലാണ് .കഴിഞ്ഞ വർഷം ഈ മാസത്തെ അപേക്ഷിച്ച് 2 ശതമാനം കൂടുതലാണ്.

**അന്താരാഷ്ട്ര വില**

വെളിച്ചെണ്ണയുടെ ശരാശരി വില യൂറോപ്പിൽ (സിഐഎഫ് റോട്ടർഡാം) മെട്രിക് ടണ്ണിന് 1590 അമേരിക്കൻ ഡോളറായിരുന്നു. കഴിഞ്ഞ മാസത്തെ അപേക്ഷിച്ച് വില 10 ശതമാനവും കൂടുതലാണ്. കഴിഞ്ഞവർഷം ഈ മാസത്തെ വിലയെക്കാൾ 53 ശതമാനവും കൂടുതലാണ്. കൊപ്രയുടെ ശരാശരി വില മെട്രിക് ടണ്ണിന് 1045 അമേരിക്കൻ ഡോളറായിരുന്നു. ഇത് കഴിഞ്ഞ മാസത്തേക്കാൾ 17 % വും കഴിഞ്ഞവർഷം ഈ മാസത്തെ വിലയെക്കാൾ 46 %വും കൂടുതലാണ്.

വെളിച്ചെണ്ണയുടെ വില, ഫിലിപ്പീൻസിൽ മെട്രിക് ടണ്ണിന് 1557 അമേരിക്കൻ ഡോളറും ഇന്തോനേഷ്യയിൽ 1549 അമേരിക്കൻ ഡോളറുമായിരുന്നു. ഫിലിപ്പീൻസ് മാർക്കറ്റിൽ കൊപ്രയുടെ വില മെട്രിക് ടണ്ണിന് 1012 അമേരിക്കൻ ഡോളറും,




*ഏപ്രിൽ മാസത്തിൽ കൊപ്ര വിലയിലെ വ്യതിയാനങ്ങൾ*

ഇന്തോനേഷ്യയിൽ മെട്രിക്ക് ടണ്ണിന് 835 അമേരിക്കൻ ഡോളറും, ശ്രീലങ്കയിൽ മെട്രിക് ടണ്ണിന് 975 അമേരിക്കൻ ഡോളറും ആയിരുന്നു.

പാമോയിൽ, പനങ്കുരുവെണ്ണ, സോയഎണ്ണ എന്നിവയുടെ അന്താരാഷ്ട്ര വിലകൾ യഥാക്രമം മെട്രിക് ടണ്ണിന് 723 അമേരിക്കൻ ഡോളറും, 1307 അമേരിക്കൻ ഡോളറും 796 അമേരിക്കൻ ഡോളറു മായിരുന്നു.

**തൂൾ തേങ്ങ**

വിപണിയിൽ തൂൾ തേങ്ങയുടെ ആഭ്യന്തര വില ഫിലിപ്പീൻസിൽ മെട്രിക് ടണ്ണിന് വില 2320 അമേരിക്കൻ ഡോളറും, ഇന്തോനേഷ്യയിൽ 2100 അമേരിക്കൻ ഡോളറും,ശ്രീലങ്കയിൽ 2069 അമേരിക്കൻ ഡോളറും ആയിരുന്നു. ഏപ്രിൽ മാസത്തിൽ ഇന്ത്യയിൽ നിന്നു കയറ്റുമതി ചെയ്ത തൂൾ തേങ്ങയുടെ ശരാശരി വില അന്താരാഷ്ട്ര വിലയെക്കാളും മറ്റ് പ്രമുഖ ഉത്പാദക രാജ്യങ്ങളിലെ ആഭ്യന്തര വിലയെക്കാളും തുലോം കുറവായിരുന്നു എന്നത് ശ്രദ്ധേയമാണ്. ഏപ്രിൽ അവസാന വാരത്തിൽ ഇത് മെട്രിക് ടണ്ണിന് 1512 അമേരിക്കൻ ഡോളറിനു തുല്യമായിരുന്നു. ■

## വിവിധ കമ്പോളങ്ങളിൽ 2016 ഏപ്രിൽ 1 മുതൽ 31 വരെ വെളിച്ചെണ്ണ, കൊപ്ര, നാളികേരം, എന്നിവയുടെ പ്രതിവാര വിലനിലവാരമാണ് താഴെ കൊടുത്തിരിക്കുന്നത്

| തീയതി | വെളിച്ചെണ്ണ (രൂ./ കി.) | | | | ആട്ടുകൊപ്ര (രൂ./ കി.) | | | | | ഭക്ഷ്യ യോഗ്യ മായ കൊപ്ര (രൂ./ കി.) | ഉണ്ടക്കൊപ്ര (രൂ./ കി.) | | | | കൊട്ട ത്തേങ്ങ (രൂ./1000) | നാളി കേരം (രൂ./1000) | പൊതിച്ച/ഭാഗികമായി പൊതിച്ച നാളികേരം (രൂ./1000) | | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | കൊച്ചി | ആലപ്പുഴ | കോഴിക്കോട് | കങ്കയം | കൊച്ചി (എഫ് എക്യു) | ആലപ്പുഴ (രാശി കൊപ്ര) | കോഴിക്കോട് | കങ്കയം | അംബാജിപേട്ട | കോഴിക്കോട് | കോഴിക്കോട് | തിപ്ത്തൂർ | ബാംഗ്ലൂർ | അരസിക്കര | കോഴിക്കോട് | നെടുമങ്ങാട് | അരസിക്കര | ബാംഗ്ലൂർ | മാംഗ്ലൂർ (ഗ്രേഡ്1) |
| 4/3/2016 | 8300 | 8300 | 8400 | 7467 | 5350 | 5300 | 5400 | 5200 | 4800 | 8700 | 7600 | 9520 | 13000 | 8500 | 7550 | 9000 | 10000 | 12000 | 15000 |
| 4/10/2016 | 8400 | 8433 | 8483 | 7746 | 5533 | 5400 | 5467 | 5350 | 4800 | 8333 | 7317 | 8913 | 13000 | 8521 | 7283 | 8167 | 8950 | 13000 | 15000 |
| 4/17/2016 | 8600 | 8580 | 8500 | 7773 | 5650 | 5550 | 5500 | 5335 | 4800 | 8280 | 7240 | 8820 | 13000 | 8595 | 7150 | 8000 | 7849 | 13000 | 15000 |
| 4/24/2016 | 8950 | 8867 | 8733 | 8278 | 5890 | 5700 | 5650 | 5642 | 4833 | 8467 | 7450 | 8833 | 13000 | 8833 | 6933 | 8000 | 8724 | 13000 | 15000 |
| 4/30/2016 | 9200 | 9217 | 9000 | 8122 | 6250 | 5908 | 5800 | 5558 | 5000 | 8392 | 7317 | 8600 | 12967 | 8700 | 6087 | 8000 | 9237 | 12500 | 15000 |
| Average | 8756 | 8744 | 8664 | 7947 | 5796 | 5616 | 5596 | 5455 | 4856 | 8398 | 7356 | 8849 | 12992 | 8652 | 6907 | 8120 | 8914 | 12800 | 15000 |

അവലംബം

കൊച്ചി : കൊച്ചിൻ ഓയിൽ മർച്ചന്റ്സ് അസ്സോസിയേഷൻ ആൻഡ് കൊച്ചിൻ ചേയ്മ്പർ ഓഫ് കൊമേഴ്സ്, കൊച്ചി - 2

കോഴിക്കോട് : മാതൃഭൂമി

ആലപ്പുഴ : മലയാള മനോരമ

അരസിക്കര : എ പി എം സി, അരസിക്കര

**ഓഫീസ് പാസ് കൊപ്രയ്ക്ക് കൊച്ചിയിലും കോഴിക്കോടും രാശികൊപ്രയ്ക്ക് ആലപ്പുഴയിലുമുള്ള വിലയാണ് മേൽ കൊടുത്തിരിക്കുന്നത്.